032:2M64:11
F5

032:2M64:11
KUNHI KUTTAN THAM- F5
BURAN (K.).
Ascharya chudamani.

MUL
051140

DOCTRINA VIM PROMOVET INSITAM

# Madras University Library.

**Date Label.**

Ac. No. 51140 Cl. No. 032:2M64:11
F5

This book should be returned on or before the date last marked below.

-3 OCT. 1935
-1 MAY 1939
30 MAY 1939
-3 DEC. 1939
-6 JUL
9 OCT 1943
22 JUN 1948
-1 MAR 1949
JAN 1950
30 APR.
10 MAY 1951

Ascharya Choodamani

# ആശ്ചൎയ്യ
# ചൂഡാമണി

UNIVERSITY LIBRARY
APR 1930
MADRAS

---

ഭാഷാനാടകം.

---

കൊടുങ്ങല്ലൂർ
കുഞ്ഞിക്കുട്ടൻ തമ്പുരാൻ
തിരുമനസ്സുകൊണ്ടു്

Kunhikuttan Thamburan

സംസ്കൃതത്തിൽനിന്നും ഭാഷാന്തരപ്പെടുത്തിയതു്.

---

ബി. വി. ബുക്കുഡിപ്പോ,
തിരുവനന്തപുരം.

പകൎപ്പവകാശം.

"കമലാലയ" പ്രസ്സ്,
തിരുവനന്തപുരം.
1101.

പുതിയ പതിപ്പു്] [വില. ൮ ണ.

51140
032:2M64·11
F5

UNIVERSITY LIBRARY
24 APR 1929
MADRAS

# ആശ്ചര്യ
# ചൂഡാമണി

## ഭാഷാനാടകം.

### ഒന്നാം അങ്കം.

ഹരിഃ ശ്രീഗണപതയെ നമഃ
അവിഘ്നമസ്തു.

(നാന്ദികഴിഞ്ഞിട്ട് സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്ര:— * ഛിന്നം കല്ലോലതുല്യം മരതകപരിഘം-
പോലെ തൃക്കയ്യുനേകം
മിന്നും ഹാരാളിഫേനം ഫണിവരമണിചേ-
ർക്കും ചുവപ്പെന്നുവേണ്ടാ
പിന്നെശ്ശംഖുള്ളിലായിച്ചരവുമചരവും
നിത്യതേജസ്സുമേന്തി-
ത്തന്നെത്താനാഴിവാഴും കടലൊടു കിടയാം
ശാർങ്ഗി കാക്കട്ടെ നമ്മെ. (൧)

(ചുററിനടന്നു അണിയറയിലേക്കു നോക്കീട്ട്)
ആര്യേ! ഇവിടെ.

നടി:—(പ്രവേശിച്ചിട്ട്) ആര്യ്യ! ഇതാ ഞാൻ.

സൂത്ര:—ആര്യേ!

* പാരിൽപ്പെരുത്തുജനരഞ്ജകമായ് സഹായ-
ക്കാരൊത്തുസാദ്ധ്യവുമതായ് ഗുരുചൊന്നമട്ടിൽ
പാരംകനത്തഭരതാദികരം പണ്ടെടുത്ത
ഭാരംഭരിപ്പെനിഹഞാൻ നൃപനെന്നപോലെ (൨)

നടി:—ആൎയ്യ! വലിയ അധികാരമാണു വഹിക്കുന്നതെന്ന് ആൎയ്യന്റെ ആകാരംതന്നെ പറയുന്നുണ്ടല്ലോ.

സൂത്ര:—ശരി. അല്ലെ സുന്ദരി! വൈഷമ്യമുള്ള വഴിക്ക് അധികമാളുകരം നടക്കുന്നതു് അത്ര സാധാരണമല്ലല്ലോ.

നടി:—ആൎയ്യ! ആ അസാധാരണത്വമെന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്.

നടി:—ആൎയ്യെ! "തെക്കൻദിക്കിൽ നിന്നു വന്നതായ ആശ്ചൎയ്യചൂഡാമണി എന്ന നാടകം ആടിക്കണ്ടിട്ടു് അതിന്റെ രസം പിന്നെയും പിന്നെയും അനുഭവിപ്പാനാഗ്രഹിക്കുന്നു" എന്നാണ് ആൎയ്യമിശ്രന്മാരുടെ കല്പന.

നടി:—ഇതു് അസംബന്ധംതന്നെ. തെക്കൻദിക്കിൽനിന്നു നാടകമുണ്ടാക്കിയതു വന്നു എങ്കിൽ ആകാശം പൂക്കും, മണലിൽ നിന്നെണ്ണയുണ്ടാവും താമസമില്ല.

സൂത്ര:—ആൎയ്യേ! ഐ— അങ്ങിനെയല്ല. ഗുണം തിരഞ്ഞെടുക്കു. ദേശവിശേഷം കളയു. നോക്കു.

* നേരോക്കുമ്പോരം പ്രമാണം ഗുണഗണമതുതാ-
നാണു ദിഗ്ഭേദമല്ലാ
ചെരുംദൃഷ്ടാന്തമാവുന്നതിനിവിടെ വിശേ-
ഷിച്ചുവേറിട്ടുവേണ്ടാ
താരിൽത്തേൻവാണി നിൻപോർമുലകളിലണിയും
ചന്ദനച്ചാറുമോമൽ-

ച്ചാരുശ്രീ ചന്ദ്രശേഖരാശ്രുഭരരുചിചിതരം
ഹാരവും പോരുമല്ലോ. (൩.)

നടി:—(തന്നെത്താൻ നോക്കീട്ട്) ശരിതന്നെ. വിശേഷപ്പെട്ട വസ്തുക്കളുണ്ടാവുന്ന ദിക്കാണല്ലോ അത്. എന്നാൽ കവിത എന്ന കപടത്താലെ തൻെറ അറിവിനെ ദേശാന്തരത്തിലും നടത്തുവാൻ വിചാരിക്കുന്ന ആ കവി ആരാണ്?

സൂത്ര:—ആര്യേ! "ഉന്മാദവാസവദത്ത" മുതലായ കാവ്യങ്ങളുണ്ടാക്കിയ "ശക്തിഭദ്ര" കവിയുടെ ബുദ്ധിവിലാസത്തെ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഭാഷപ്പെടുത്തിയതാണിത്, അതുകൊണ്ട് ഭവതി ചെന്നു വേഷക്കാരെയൊക്കെ നല്ലവണ്ണം തയ്യാറാക്കുക. ഞാനും ആര്യമിത്രന്മാരെ അറിവിക്കട്ടേ. ഏ് എന്താണിത്. ഞാൻ അറിവിപ്പാൻ ഭാവിക്കുമ്പോൾ ഒരൊച്ചപോലെ കേൾക്കുന്നത്. ആകട്ടേ നോക്കട്ടെ.

(അണിയറയിൽ ചെറുഞാണൊലിയിടുന്നു)

സൂത്ര:—ആകട്ടേ-മനസ്സിലായി.

* ശ്രീമൈഥിലീസഹിതനാകിയ രാമഭദ്ര-
സ്വാമിയുടെയരണ്യമതിലാസ്പദമൊന്നുതീർപ്പാൻ
സാമർത്ഥ്യമോടു ചെറുഞാണൊലികൊണ്ടുതന്നെ
സൌമിത്രി ദുഷ്ടമൃഗസംഘമകററിടുന്നു. (൪)

[രണ്ടാളും പോയി]

പ്രസ്താവന കഴിഞ്ഞു.

—0—

(അനന്തരം വില്ലും അമ്പും എടുത്തുകൊണ്ടു ലക്ഷ്മണൻ പ്രവേശിക്കുന്നു)

ലക്ഷ്മ:— * ജ്യാനാദംകൊണ്ടുടുത്തുള്ളതിഭയദമൃഗ-
ക്കൂട്ടമോടിച്ചിടട്ടേ
സ്ഥാനേ കെട്ടട്ടെ പൎണ്ണാലയമഥമലരാൽ
മെത്തയും തീൎത്തിടട്ടേ
താനേനീണ്ടുള്ള ചൂരൽപ്പുതുലതികകളാൽ-
പ്പീഠമുണ്ടാക്കിടട്ടേ
ഞാനബ്ജത്തിമ്പരാഗംപെടുമുദകകണ-
ത്താൽനനയ്ക്കട്ടെമുററം. (൭)

(അങ്ങിനെ ചെയ്തിട്ട്) ഒരു വിധത്തിൽ ഇങ്ങിനെ ആൎയ്യന്റെ കല്പനചെയ്തു. ആശ്ചൎയ്യം. ആപത്തുവന്നിട്ടുള്ളവരുടെ വൃത്തി അതിനു ബുദ്ധിയുണ്ടാക്കുന്നതുതന്നെയാണല്ലൊ. ഇനി പൎണ്ണശാല പണിതീൎന്ന വിവരം ഗോദാവരീതീരത്തിൽ തിരമാലകളിൽ തട്ടിവരുന്ന കാററുകൊണ്ടു വഴിയാത്രക്ഷീണംതീൎക്കുന്ന ആൎയ്യയോടുകൂടിയ ആൎയ്യനേ അറിവിക്കതന്നെ. (ചുററി നടന്നുനോക്കീട്ട്) ഐ! ഈ ആകൃതി കാടിനു ചേൎന്നതല്ലല്ലോ.

* നന്നായ്നീണ്ടവിലോചനങ്ങൾവിനത-
ഭ്രൂവല്ലിനല്ലോമന-
ക്കുന്നൊക്കുംകുളുർകൊങ്കയെന്നിവകളൊ-
ത്തോരോവിലാസങ്ങളെ
ഒന്നൊന്നായുളവാക്കിമിന്നിടുമൊ-
രീയാശ്ചൎയ്യരത്നത്തിനി-
ങ്ങിന്നോൎത്താൽ വിലയേറിടും വിളനിലം
ഭൂലോകമോ നാകമോ? (൮)

(ചിത്തവികാരം നടിച്ചിട്ടു്) ഛീ-എന്താണിതു്. രാമാനുജനായ ലക്ഷ്മണനല്ലേ ഞാൻ.

* മന്നിൻഭൂഷണമായിടട്ടെയഥവാ
　　വിണ്ണിന്നലങ്കാരമാ-
ണെന്നായ്ത്തന്നെവരട്ടെപോട്ടെ ചപല-
　　ന്മാക്കാണിവററിൽഭ്രമം
നന്നായിപ്പിതുവാക്കുകേൾക്കുവതിനാ-
　　യിക്കാടെഴുംധീരനാ-
മെന്നാത്മൻറവശത്തിൽവാഴുമൊരുഞാൻ
　　കാമാത്തനായിടുമോ?　(൧)

(അനന്തരം ലളിതസുകുമാരവേഷയായ
ശൂർപ്പണഖ പ്രവേശിക്കുന്നു.)

ശൂർപ്പ:—ഐ്-ഇതും അദ്ദേഹംതന്നെ. (ലജ്ജ നടിക്കുന്നു)

ലക്ഷ്മ:—വിപരീതമായിട്ടാണിച്ചെയ്യുന്നതു്. എന്തെന്നാൽ ഇവൾ—

* നേരായ്ത്തപോധനനടപ്പിൽ നടക്കുമീഞാൻ
പാരുഷ്യമേറിയൊരുനിന്ദയിൽ നോക്കിയിട്ടും
ചേരുന്നനാണമൊടിതാ തലതാഴ്ത്തിടുന്നു
പാരംപറന്നവരിവണ്ടണിമാലയോടും.　(൨)

ശൂർപ്പ:—(വിചാരം) എന്താണാവോ ഇദ്ദേഹവും പറയാൻ ഭാവം. ആട്ടേ, ഇങ്ങിനെ പറകതന്നെ. (സ്പഷ്ടം) ആര്യ്യ! ഇവിടത്തോളം.

ലക്ഷ്മ:—സമാധി ശീലിക്കുന്നവർ പെണ്ണുങ്ങളിൽ നാട്ടുനടപ്പു നോക്കാറില്ലല്ലോ. (നടക്കുന്നു)

ശൂർപ്പ:—(കുറച്ചടുത്തുചെന്നിട്ടു്) ആര്യ്യൻ ശരണംപ്രാപിച്ചിരിക്കുന്ന സ്ത്രീകളെ ഉപേക്ഷിക്കുന്നതു ശരിയല്ല.

ലക്ഷ്മ:—ഏയ്-ഞാൻ ഭവതിയെ ഉപേക്ഷിക്കുന്നില്ലല്ലോ. ഇപ്പോഠം അവസ്ഥാന്തരംകൊണ്ടു കഷ്ടപ്പെടുന്ന ഗുരുവിൻെറ ഒഴിച്ചുകൂടാത്തുള്ള കല്പനകൊണ്ടാണി ങ്ങിനെ ചെയ്യുന്നത്.

ശൂർപ്പ:—എന്നാൽ ഇനിക്കുമുണ്ട് ഗുരുജനത്തിൻെറ കല്പ ന. തീർച്ചയായിട്ടും ഉപേക്ഷിക്കരുത്.

ലക്ഷ്മ:—(കോപത്തോടുകൂടി) ഛീ! ആരാണെന്നോടി പ്പോഠം കല്പിക്കുന്നത്.

ശൂർപ്പ:—(ഭയത്തോടുകൂടി) ആൎയ്യൻ പ്രസാദിക്കണേ. പ്ര സാദിക്കണേ. ആൎയ്യനായ രാമന്തന്നെയാണു കല്പിക്കു ന്നത്.

ലക്ഷ്മ:—(വിചാരം) അല്ലാ ഇവഠം മുമ്പിൽ ആൎയ്യനെക്കണ്ടു അല്ലേ. ഗുരുവചനത്തിനു കുറച്ചുനേരം പാത്രമായി പൂജ്യയായ ഇവളെ പ്രസാദിപ്പിയ്ക്കുകതന്നെ. (സ്പ ഷ്ടം) അല്ലേ ഭദ്രേ! എന്താണാൎയ്യൻ കല്പിയ്ക്കുന്നത്?

ശൂൎപ്പ:—ആൎയ്യൻ കേട്ടാലും:

ലക്ഷ്മ:—മനസ്സിരുത്തിയിരിക്കുന്നു.

ശൂൎപ്പ:—എന്നോടുകൂടിത്തന്നെ ശുശ്രൂഷിപ്പാൻ ആൎയ്യ രാമൻ കല്പിക്കുന്നു.

ലക്ഷ്മ:—(കൈപൊത്തിക്കൊണ്ട്)

* ചുററാനോവന്മരത്തോൽമരനിഴൽനിലയം
വന്യമാഹാരമൊട്ടും
പററാമെത്തയ്ക്കുദൎഭത്തലജലമതിരും
ചെഞ്ചിടക്കെട്ടുമോടി
മററുംചൊല്ലുണ്ടുബാലേമൃഗമിഴിയിവിടെ-
ക്കാട്ടുജന്തുക്രമംതേ
ചെററുംചേരാ തപോഭൂത്തെവിടെയെവിടെയാ
വൻതപോവൈരിമാരൻ. (൯)

ശൂൎപ്പ:—ഇതു് നിസ്സാരം നിസ്സാരം. ആ ആൎയ്യൻ ആൎയ്യയോടുകൂടിയിരിക്കുന്നില്ലേ?

ലക്ഷ്മ:—ഭദ്രേ! പരമാൎത്ഥമായിട്ടു് ആൎയ്യന്റെ സ്ഥിതി നീ അറിയുന്നില്ല.

ശൂൎപ്പ:—എന്താണു് എന്താണു്?

ലക്ഷ്മ:—ആൎയ്യൻ സത്യമായും വനവാസം കഴിഞ്ഞു നാട്ടുകാരേയും ഗുരുജനങ്ങളേയും ഭരതനേയും കാണുന്നതുവരെ ബ്രഹ്മചൎയ്യവ്രതത്തെത്തന്നെയാണാശ്രയിച്ചിരിയ്ക്കുന്നതു്.

ശൂൎപ്പ:—എന്നാൽ അവളിവിടെ എന്തു ചെയ്യുന്നു?

ലക്ഷ്മ:—ഞാനെന്താണു ചെയ്യുന്നതു് അതുതന്നെ.

ശൂൎപ്പ:—ആൎയ്യനെ അവളെങ്ങിനെ ശുശ്രൂഷിയ്ക്കുന്നുവോ അതുപോലെ ഞാനങ്ങയേ ശുശ്രൂഷിയ്ക്കാം.

ലക്ഷ്മ:—ഭദ്രേ! ഇതിനും മോഹിക്കയോ? നോക്കൂ—

* യതൊന്നൊഴിച്ചുകളവാനറിവുള്ളലോക-
മേതെങ്കിലുംതുനിയുമങ്ങിനെയായിരിയ്ക്കെ
നീതന്നെകഷ്ടമിതുദാസ്യമതാഗ്രഹിച്ചി-
തോതുന്നു മുഗ്ദ്ധമിഴി നീ വിട്ടവിഡ്ഢിതന്നെ. (൧൦)

ശൂൎപ്പ:—സ്നേഹം ഗുണദോഷങ്ങളെ തൂക്കിനോക്കാറുണ്ടോ?

ലക്ഷ്മ:—(വിചാരം) ഇങ്ങിനെ പറയുന്ന ഇവളെ എങ്ങിനെയൊഴിച്ചു കളയേണ്ടു. ആട്ടേ, വഴിയുണ്ടു്. (സ്പഷ്ടം) ഭദ്രേ! ആൎയ്യന്റെ പൎണ്ണശാലാപ്രവേശം കഴിഞ്ഞിട്ടു ഞാൻ ഭവതിയെ ഇഷ്ടമുള്ള ദിക്കിൽ വെച്ചു കണ്ടുകൊള്ളാം.

ശൂൎപ്പ:—എന്നാൽ പൎണ്ണശാലയുടെ സമീപത്തിലാൎയ്യനെ കാത്തുനിൽക്കും ഞാൻ.

ലക്ഷ്മ:—(വിചാരം)ആട്ടേ- പിന്നെയ്യം നീട്ടിയാൽ വിഘ്നങ്ങളുണ്ടാകാമല്ലോ. (സ്പഷ്ടം) ഭേവിയുടെ ഇഷ്ടംപോലെ.

ശൂൎപ്പ:—ആൎയ്യൻെറ കല്പനപോലെ. (പോയി)

ലക്ഷ്മ:—ഇവളെപ്പററി സംശയിയ്ക്കണം.

* കന്നക്കാട്ടാളർപോലുംകടുഭയമൊടൊഴി-
ക്കുംകൊട്ടുംകാടിതെങ്ങോ
കന്നൽക്കാർകാന്തിയേന്തുംകുവലയരുചിഹൃൽ-
കണ്ണിയാംപെണ്ണിതെങ്ങോ
മിന്നുംപൊൻതാമരപ്പൂവതിനുടെനടുവിൽ-
ച്ചെന്നുതേനുണ്ടുപോരു-
ന്നന്നപ്പെണ്ണിതലാളേക്കടലിലൊരുവനും
കാണുമെനോക്കുവോന്നോ. (൧൧)

ഇതാ ഈ മുമ്പിൽ പറഞ്ഞുവെച്ച സ്ഥലം.

[അനന്തരം സീതയോടുകൂടി ശ്രീരാമൻ പ്രവേശിയ്ക്കുന്നു]

രാമ:—ദേവി! രാജധാനിയിൽ പാൎക്കുന്നതിനെക്കാളധികം സുഖമാണീ വനവാസം എന്നാണിനിയ്ക്കു തോന്നുന്നതു്. നോക്കു—

● പൂത്തീവൃക്ഷങ്ങൾചൂഴുംമണമുടയവനം
സൎവ്വമുദ്യാനമല്ലോ
പേൎത്തുംവെൺചോലചാടുംമുകിലണിമലയി-
ങ്ങൊക്കയുംകേളിശൈലം
ഒത്താൎക്കുംസാരസൌഘംതിരവിതറിടുമാ-
റുണ്ടനേകംകളിപ്പാൻ
പൊയ്ത്താർഗന്ധംപെട്ടുംകാററുകൾജലകണ
ശീതങ്ങൾമിത്രങ്ങളത്രേ. (൧൨)

സീത:—അയോദ്ധ്യയിൽ ഗുരുജനം വ്യസനിക്കില്ലെങ്കിൽ ഞാൻ ജീവിച്ചിരിക്കുന്ന കാലമൊക്കെ ഇവിടെത്തന്നെ പാൎത്താൽ കൊള്ളാമെന്നാണിനിക്കു മോഹം.

ലക്ഷ്മ:—(മുമ്പിലേക്കു നോക്കീട്ട്) ഇതാ ആൎയ്യൻ. അമ്പോ! ദൈവത്തിൻെറ കൎമ്മം കഠിനം തന്നെ· അല്ല-അല്ല- കൈകേയിയുടെ അമ്മേ കൈകേയി—

* ജ്യേഷ്ഠന്നോ പട്ടമപേക്ഷിച്ചരുണമരവിരി-
  ത്തോലുടുക്കേണ്ടിവന്നു
ജ്യേഷ്ഠത്തിക്കിങ്ങുചെന്നായതിയണിപൊടിയാം
  മാൎഗ്ഗമായ്കാലുവയ്പാൻ
ഒട്ടേറെക്ഷീണനായീഭരതനഴലിനാൽ-
  ക്കോസലന്മാരുഴന്നു
കഷ്ടം മൊട്ടച്ചിയാൎന്നീതവതൊഴിലിതിലെ-
  ല്ലാററിലുംതട്ടിയല്ലോ. (ന്മ്രം)

ആൎയ്യൻെറ അടുക്കൽ ചെല്ലുകതന്നെ. (അങ്ങിനെ ചെയ്തിട്ട്) ആൎയ്യൻ ജയിച്ചാലും.

രാമ:—ലക്ഷ്മണ! താൻ തുടങ്ങിയതു മുഴുവനായോ?

ലക്ഷ്മ:—ആൎയ്യ! ഉവ്വ്.

രാമ:—എന്നാൽ അങ്ങോട്ട് വഴി കാണിയ്ക്കൂ.

ലക്ഷ്മ:—ആൎയ്യൻെറ കല്പനപോലെ. ഇതിലെ ഇതിലെ. (എല്ലാവരും ചുററിനടക്കുന്നു)

രാമ:—(ലക്ഷ്മണൻെറ മുഖഭാവം കണ്ടിട്ട്) ഉണ്ണി! ലക്ഷ്മണ!

* മാൎഗ്ഗത്തിൽച്ചിതസൌഖത്തിൻവഴിതിരയുമൃഷി-
  ശ്രേഷ്ഠരെസ്സേവചെയ്താ
ശ്ലാഘ്യശ്രീതീൎത്ഥസിന്ധുക്കളിലനുദിനമാ-
  റാടിയുംതാപമെന്ന്യേ

നോക്കുകൈകേകയിയമ്മയുടെയൊരു കൃപയാൽ
വ്യാജമായ് ഭൂമിഭാരം
നീക്കീട്ടീമട്ടിൽ നോം വാണിടുമനിവനമി-
ക്ഷ്വാകുവംശക്രമത്തിൽ. (൧൪)

ലക്ഷ്മ:—'ഗുണവാന്മാൎക്ക് ഗുണമല്ലാതൊന്നും തന്നെയില്ല' എന്ന് ജനങ്ങൾ പറയുന്നത് സത്യമാണ്.

രാമ:—ലക്ഷ്മണ! ഇപ്പോഴും തനിയ്ക്കമ്മയുടെ നേരെയുള്ള കോപം തീൎന്നില്ലേ?

ലക്ഷ്മണ—ആൎയ്യ!

* പാലൂൎന്നീടിനകൊങ്കയൊത്തതിരസാൽ
നോക്കുന്നരണ്ടമ്മയൊ-
ത്തോലുന്നച്ഛനെഴുന്നൊരശ്രുവൊടുപൊൻ
കുംഭാൽഭവന്മൌലിയിൽ
കോലുംവാരിവസിഷ്ഠമന്ത്രജയിയാം
മന്ത്രത്തിനാൽഹന്തിയോ-
രാലോകോത്സവകാലരാത്രികഠിനാ-
ക്കാരത്തിയെന്നമ്മയോ? (൧൫)

രാമ:—(ചെവിപൊത്തീട്ട്) ശിവശിവ! കഷ്ടം! കഷ്ടം!

* ചൊടായനത്ഥകരമാകിയനാട്ടിലാശ
ക്കുടിബ് ഭവാൻജനനിയേവെടിയുന്നവല്ലാം
പാടേതൊലിപ്പുറമെയുള്ള രസം നിനയ്ക്കും
മൂഢൎക്കമാനസമധൎമ്മമതിങ്കലല്ലോ. (൧൬)

എന്നാകിൽ, പാപാത്മാവായ ക്ഷത്രിയന്—

* പാൎത്തട്ടല്ലോകമുത്രംനയമറിയുമവ-
ൎക്കായതെല്ലാൎക്കുമൊക്കും
മിത്രംശത്രുക്കൾപിന്നെസ്സഹജർതനയരും
വൈരിമാരായിരിയ്ക്കും.

പാത്താല്പാപാല്പരത്തിൽപ്പെരിയൊരുനാകേ
പാതമാണിങ്ങലാഭം
സത്താഭ്യെഖാമരഭാനദ്രവ്യമതിസിതമാം
ഛത്രവുംമാത്രമത്രേ. (൧൫)

ലക്ഷ്മ:—രാജ്യത്തിനു മോഹിച്ചിട്ടല്ല ഞാൻ പറയുന്നതു്.

രാമ:—പിന്നെയെന്താണു് തനിക്കു കോപത്തിനുകാരണം?

ലക്ഷ്മ:— ക്രമം തെററിച്ചുവല്ലോ എന്നാണു്.

രാമ:—എന്നാൽ എന്നെത്തന്നെയാണു് മുമ്പിൽ ശകാരിയ്ക്കേണ്ടതു്. വിചാരിച്ചുനോക്കു.

* ദേവേന്ദ്രനോടുസമനായ്സദയാശ്രുവായി
മേവുന്നമാന്യമതിമന്നവനുള്ളകാലം
ഏവംവിലജ്ജനഭിഷേകമതേൽക്കുവാനായ്
ഭാവിച്ചുപീഠമതിലേറയിരുന്നവല്ലോ. (൧൬)

സീത:—ആൎയ്യപുത്രൻ പറഞ്ഞതു ശരിയാണു്.

ലക്ഷ്മ:— 'ഇനിയ്ക്കു വയസ്സധികമായി' എന്നുവെച്ചു് അച്ഛനങ്ങിനെ സമ്മതിച്ചിട്ടല്ലേ?

രാമ:—എന്നാൽ ഭരതനെന്നെക്കാറം വയസ്സുകുറയുമല്ലോ

ലക്ഷ്മ:—"ഇനിക്കു ഭൂമി രക്ഷിപ്പാൻ ശക്തിയില്ലെ"ന്നുവെച്ചാണു്.

രാമ:—* നിത്യംസപാദേവതയതാകിയഭൂമികാത്തു
വത്തിക്കുവാൻകിമപിശക്തിയതില്ലയെന്നോ
ദൈത്യേന്ദ്രമൂലഹരമാമവിടുത്തെയോജ-
സ്സിത്തവ്വിത്വാനമിതുമാതിരി കാത്തിടുന്നു.(൧൭)

ലക്ഷ്മ:—എന്നാൽ, പുത്രസ്നേഹംകൊണ്ടവളങ്ങനെ ചാപല്യം കാട്ടിയെല്ലോ എന്നാണു്.

രാമ:—ഇതു ലോകസ്വഭാവമാണ്. വളരെ മക്കളുള്ളവൎക്ക് ഒരുത്തന്റെ നേരെ അധികം പക്ഷം തോന്നും. തനിക്കുതന്നെ എല്ലാ സഹോദരന്മാരിലും ഒരുപോലെയാണോ സ്നേഹം?

ലക്ഷ്മ:—എന്തിനു വളരെ പറയുന്നു. അച്ഛന്റെ മരണത്തിന് അവരു തന്നെയാണു കാരണമായിട്ടുള്ളത്.

രാമ:—ഛെ! അല്ല. അച്ഛനെക്കുറിച്ച് ആ ഗുരുജനം ഒരു തെററും ചെയ്തിട്ടില്ല. വിചാരിച്ചുനോക്കു.

* കണ്ണില്ലാത്തപ്പിതാക്കൾക്കുഷസിനിയമ-
കൃത്യത്തിന്നാവശ്യമായി-
ത്തണ്ണീർമുക്കാൻ കുടത്തെക്കുടുകുടെമകനി-
ട്ടാററിൽ മുക്കുന്നനേരം
തിണ്ണം കാട്ടാനയെന്നോൎത്തവനിപനിരുളിൽ-
ച്ചെയ്തനായാട്ടിലെയ്ത-
മ്പുണ്ണിയ്ക്കേററിട്ടു കഷ്ടം കഠിനമൃതിയുടൻ-
തന്നെയുണ്ടാക്കിമുന്നം. (൨൦)

സീത:—അങ്ങനെയുള്ള വിധികൊണ്ടു തന്നെയായിരിക്കണം. അല്ലെങ്കിൽ ഏതവളാണ് തന്നെയും ലോകത്തെയും നശിപ്പിക്കുന്നതു്?

ലക്ഷ്മ:—എന്നാൽ ഞാൻ തന്നെയാണു തെററുകാരൻ ആൎയ്യൻ പ്രസാദിച്ചാലും. വൎത്തമാനം പറഞ്ഞു വഴിയുടെ വലിപ്പമറിയാതെ നമ്മളെത്തിക്കഴിഞ്ഞു. പൎണ്ണശാലയിലേയ്ക്കു് ആൎയ്യൻ കടന്നാലും.

രാമ:—താനും ഒരു ദിക്കിൽച്ചെന്നിരുന്നു ക്ഷീണം തീൎക്കു.

ലക്ഷ്മ:—ആൎയ്യന്റെ കല്പന പോലെ. (പോയി)

രാമ:—(പൎണ്ണശാലയിൽ കടന്നെല്ലാടവും നോക്കീട്ടു്) ദേവീ! നോക്കു. നോക്കു. ലക്ഷ്മണന്റെ എല്ലാററിലുമുള്ള സാമൎത്ഥ്യം.

* വില്ലിൻ ഞാണിട്ടുലച്ചിട്ടുടനകലെ മൃഗ-
ക്കൂട്ടമോടിച്ചുവെച്ചു
മെല്ലെപ്പൎണ്ണാലയം തീൎത്തിതുപുതുമലർ-
കൊണ്ടിട്ടുനന്മെത്തതീൎത്തു
നല്ലോണം ചൂരൽകൊണ്ടിട്ടിതരുചിരമതാ-
സ്സീമമുണ്ടാക്കിയെന്നാ-
ല്ലെല്ലാം സിന്ധൂദകത്താൽബ്ബലിമലർചിതറീ-
ട്ടുള്ളമുററം നനച്ചു.

സീത:—ആൎയ്യപുത്ര! പൂക്കൾ, തളിരുകൾ ഇവകളുടെ സമൃദ്ധിയുള്ള പൎണ്ണശാലയുടെ ഐശ്വൎയ്യംകൊണ്ടു പ്രാസാദങ്ങളെക്കുറിച്ചുള്ള ബഹുമാനം നിസ്സാരമായി.

രാമ:—ഈ സ്ഥലം വിജനമാണു്. കാട്ടിൽനിന്നുവരുന്ന കാററു കൊള്ളുകതന്നെ.

* മെച്ചമററിതകുറച്ചു ധൂളിപതറിച്ചു
വന്നുമധുരം ചട-
ച്ചിച്ചുനിൻവദനഗന്ധവാഹനണകെച്ചു-
ളിച്ചിലുമിയന്നഹഹാ
സ്വച്ഛമഞ്ജുശുകവാണിതത്തയെത്തുപച്ച-
യാകിയൊരുനിന്മുല-
കച്ചമെല്ലവെയഴിച്ചുമാററുകമടിച്ചി-
ടണ്ട മടവാർമണേ!

സീത:—ആൎയ്യപുത്രൻെറ കല്പനപോലെ. (വ.ഫ)

(എല്ലാവരും പോയി.)

പൎണ്ണശാലാങ്കം എന്ന ഒന്നാം അങ്കം കഴിഞ്ഞു.

—0:—

# രണ്ടാം അങ്കം

(അനന്തരം ലളിതസുകുമാരവേഷയായ ശൂൎപ്പണഖ പ്രവേശിക്കുന്നു.)

ശൂൎപ്പ്:—(ബുദ്ധിക്ഷയത്തോട്ടുകൂടി) ഇനിയും ആ രാമനെത്തന്നെ ഭൎത്താവാവാൻ പ്രസാദിപ്പിച്ചു നോക്കട്ടെ. അദ്ദേഹത്തിന്റെ വാക്കിനെ വിശ്വസിച്ചിട്ടാണല്ലൊ ഞാൻ, സരസ്വതി വിദ്ധ്വിയുടെ അടുക്കലെന്ന പോലെ ലക്ഷ്മണന്റെ അടുക്കൽ ചെന്നിട്ടു കാൎയ്യം ഫലിക്കാതെ മടങ്ങിപ്പോന്നതു്. ഇപ്പോഴും പൎണ്ണശാലയുടെ അരികിൽ വിദ്ധ്വിയായി അകരുണനായി ആണും പെണ്ണും കെട്ടവനായി അധാൎമ്മികനായി അദാക്ഷിണ്യനായിരിക്കുന്ന ആ മനുഷ്യജന്തുവിനെ കാത്തു നിന്നു. അയ്യോ കഷ്ടം! മന്ദഭാഗ്യയായ ഞാൻ ഉള്ളിലുള്ള വ്യസനമൊക്കെ ഒതുക്കി, അല്ലെങ്കിൽ അവന്നു് ഇത്രത്തോളമെ ഭാഗ്യമുള്ളു. എന്നെ ഉപേക്ഷിച്ചില്ലേ. ഇരിക്കട്ടെ. ഈ ജ്യേഷ്ഠനെ മുഴുവനും കേൾപ്പിച്ചിട്ടു് പിന്നെ അറിയാം.

(അനന്തരം രാമനും സീതയും പ്രവേശിക്കുന്നു)

രാമ:—ദേവി! അകലെയിരിക്കുമ്പോൾ ഒക്കെ അത്ഭുതപ്പെടത്തക്കവിധമായി കേൾക്കുന്നുണ്ടു്. വിചാരിച്ചുനോക്കു

* പാരിക്കും മലപോലെമെയ്മുകിൽനിറം
മററും പെട്ടും രാക്ഷസ-
ന്മാരുണ്ടെന്നുനമുക്കു പഞ്ചവടിയിൽ
പണ്ടെത്രയോകൌതുകം

നേരായിന്നിതു ദേവിനല്ലുപവന-
ന്മോലാണുകേൾക്കുന്നവ-
ക്കേറ്റെക്കൌതുകമത്രതന്നെ മലയും
കാടും പയോരാശിയും (൧)

സീത:—ആൎയ്യപുത്രാ! കാട്ടിൽവെച്ചുണ്ടായ വൃത്താന്തങ്ങൾ അന്തഃപുരത്തിൽ മാത്രം പാൎത്തിട്ടുള്ളവരോടു പിന്നെയും പിന്നെയും പറഞ്ഞു വിസ്മയപ്പെടുത്തുവാൻ എനിക്കു കൌതുകം തോന്നുന്നുണ്ട്.

ശൂൎപ്പ:—(അടുത്തുചെന്നിട്ട്) ആൎയ്യൻ ജയിച്ചാലും.

രാമ:—സുന്ദരി! നീ ലക്ഷ്മണനെ കണ്ടില്ലേ?

ശൂൎപ്പ:—ഉവ്വ്; കണ്ടു.

രാമ:—പറഞ്ഞതു് അയാൾ കേട്ടില്ലെന്നുണ്ടോ?

ശൂൎപ്പ:—കേൾക്കുകമാത്രമുണ്ടായി.

രാമ:—എന്തു പറഞ്ഞാണ് അയാൾ നിന്നെ ഉപേക്ഷിച്ചതു്?

ശൂൎപ്പ:—"തപസ്വിധൎമ്മത്തോടുകൂടി ആൎയ്യനെ ശുശ്രൂഷിക്കുന്ന എനിയ്ക്കു സമാധിഭംഗത്തിനു കാരണമായ നിന്നെക്കൊണ്ടെന്തുകാൎയ്യമാണ്?" എന്നാണ്.

രാമ:—(ചിരിച്ചുംകൊണ്ട്-വിചാരം) ഇതു് ആയാളുടെ വാക്കുതന്നെയായിരിക്കണം. (സ്പഷ്ടം) ഭദ്രേ ഭവതിയെ ഞാനൊന്നുകൂടി ബുദ്ധിമുട്ടിക്കട്ടെ?

ശൂൎപ്പ:—അരുതേ-അരുതേ. ആൎയ്യനങ്ങിനെ പറയരുതേ. ഇവിടെത്തന്നെ പാൎത്തുംകൊണ്ടു ഞാനാൎയ്യന്റെ തൃക്കാലു ശുശ്രൂഷിച്ചുകൊള്ളാം.

സീത:—പാവപ്പെട്ട ഇവൾ ആൎയ്യപുത്രനെക്കുറിച്ചുള്ള സ്നേഹംകൊണ്ടു തന്റെ ഗുണപക്ഷപാതത്തെയാണു കാണിക്കുന്നതു്.

രാമ:—നിൻെറ ഈ നിശ്ചയം ഞാനും പ്രാൎത്ഥിക്കേണ്ടതാണ്. എന്നാൽ—

* ഹോമം ചെയ്തുടനഗ്നിസാക്ഷികമതായ്
സാക്ഷാൽ ഗ്ഗുരൂക്തിക്രമാൽ
ശ്രീമൽ ബ്രഹ്മജശിക്ഷയാലെയിവളെ ഞാൻ
വേട്ടു ധമ്മത്തിനായ്
ഈ മാൻകണ്ണിയുമിന്നു മോക്ഷപദമെത്താൻ
മേമഹാവിഘ്നമായ്
നാമീവേഷമെടുത്തു ഹേ സുമുഖി മേൽ
ചിന്തിക്ക ചിന്ത്യത്തെ നീ. (൨.)

ശൂൎപ്പ്:—ഇങ്ങിനെയാണെങ്കിൽ മററാരിടത്തു പോകുവാനിനിക്ക ശക്തിയില്ല. ഇവിടത്തന്നെ പാൎത്തുംകൊണ്ടു ജീവത്യാഗം ചെയ്യും ഞാൻ.

സീത:—ആൎയ്യപുത്ര! ഇവളുടെ നിശ്ചയത്തെ ഉപേക്ഷിക്കരുതേ.

രാമ:—ഇനിയൊരിക്കൽക്കൂടി ലക്ഷ്മണൻെറ അടുക്കലെയ്ക്കു പോകുവാനായിട്ടു ഞാൻ ഭവതിയോടപേക്ഷിക്കുന്നു.

ശൂൎപ്പ്:—ശിവ ശിവ! ഇതു സങ്കടമാണു. ആൎയ്യൻെറ വാക്കിനെ പ്രമാണിച്ചു ഞാൻ പെണ്ണുങ്ങളുടെ മൎയ്യാദയും കൂടി ഉപേക്ഷിച്ചു.

രാമ:—ഭദ്രേ! അങ്ങിനെയല്ല, ഇതു പണ്ടുപണ്ടേ ഉള്ള ധമ്മമാണല്ലോ. നോക്കു,

* മെല്ലെന്നുതാനഭിരസിപ്പതു നല്ലയുക്ത-
മല്ലെന്നതില്ലറിക സുന്ദരിനാരിമാക്കും
തെല്ലൊന്നിടയ്ക്കു ഹരമൌലിയിൽ മാലഗംഗ
ചൊല്ലാനദീവരനിലേയ്ക്കു ഗമിച്ചതില്ലേ? (൩.)

ശൂൎപ്പ്:—ആൎയ്യന്റെ അധീനയായ ഞാൻ എന്താണു ചെയ്യാത്തതു്? (വിചാരം) ആകട്ടെ, അദ്ദേഹമിപ്പോളെന്നെ ഉപേക്ഷിപ്പാൻ തന്നെയാണു ഭാവമെങ്കിൽ പിന്നെ തന്റെ സ്വതേ ഉള്ള പ്രകൃതിയെടുക്കുകതന്നെ. (പോയി)

സീത:—പാവപ്പെട്ട ബാലയായിരിക്കുന്ന അവളെ ഉപേക്ഷിച്ചതുകൊണ്ടു് ആൎയ്യപുത്രൻ എനിക്കു് വ്യസനമാക്കിത്തീൎത്തു.

രാമ:—ദേവി! തോന്നിയവാസം കാട്ടിനടക്കുന്ന സ്ത്രീകളായിട്ടുള്ള സംസൎഗ്ഗം ഗൃഹസ്ഥന്മാൎക്കു ചേരുന്നതല്ല.

സീത:—എന്നാൽ വിശ്വസിപ്പാൻ വയ്യാത്ത ആ ആളെ എന്തുകൊണ്ടു് കുമാരന്റെ അടുക്കലേയ്ക്കയച്ചു?

രാമ:—ദേവി! അവളായിട്ടുള്ള സംബന്ധം കുമാരനെങ്ങിനെയുണ്ടാവും? അവളെ ഉപേക്ഷിക്കുന്നതിന്റെ വകഭേദം.

സീത:—അയ്യോ! എന്നാൽ കുമാരനും കൂടി ഉപേക്ഷിച്ചാൽ പിന്നെ അവൾക്കെന്താണു ഗതി?

രാമ:—(സീതയെ നോക്കീട്ടു്) ദേവി! അതൊക്കെ ഇരിക്കട്ടെ. ?

ചാപല്യസ്പൎശം വ്യഞ്ജിക്കുന്നു

* അല്ലിത്താരടികൊണ്ടു യാനമതുമ-
ല്ലാഹാരമംഭസ്സുതാൻ
കല്ലൊത്തീടിനമണ്ണുമെത്തപുതുതായ്
മുങ്ങുന്നതേമണ്ഡനം
എല്ലാമിങ്ങിനെയാകിലുംതരുണിനീ-
യെൻകണ്ണുകൾക്കന്നുകാ-
ന്ത്യുല്ലാസക്കളികൊണ്ടയോദ്ധ്യയിലിരു-
ന്നന്നത്തമട്ടത്ഭുതം. (൪)

സീത:—(വിചാരം) ആശ്രമത്തിലേയ്ക്കുന്നൊപ്പറഞ്ഞയയ്ക്കു മ്പോൾ മഹൎഷിപത്നിയായ അനസൂയ "നിനക്ക് ഭ ൎത്താവിൻെറ കണ്ണുതട്ടുന്ന സമയമൊക്കെ എല്ലാം അ ലങ്കാരമായിത്തീരും" എന്നു വരം തന്നിട്ടുള്ളതു് ആ ൎയ്യപുത്രൻ അറിഞ്ഞിട്ടില്ലെന്നുണ്ടോ?

(അണിയറയിൽ) നിൽക്കു് നിൽക്കു് എടി രാക്ഷസി! നിൽക്കു്.

രാമ:—(കേട്ടിട്ട്) ലക്ഷ്മണൻെറ ഒച്ചപോലിരിക്കുന്നു.

സീത:—ഓ! അവൻ തന്നെ.

[അനന്തരം ഉറയിൽനിന്നും വാളൂരിപ്പിടിച്ച് ലക്ഷ്മണ നും, സ്വന്തം രൂപമെടുത്ത ശൂൎപ്പണഖയും പ്രവേശിക്കുന്നു.]

ലക്ഷ്മ:—നിൽക്കു് നിൽക്കു്, എടി രാക്ഷസി! നിൽക്കു്.

രാമ:—എന്താണിതു്?

* പെരുത്തുഭയമേകിടുംകുടിലദംഷ്ട്രമേല്ലോട്ടു തീ
നിറത്തിൽമുടികാർനിറംമലയൊടൊത്തമെയ്യിങ്ങിനെ
കരുത്തൊടുതടുത്തുതാടകയെവെന്നവന്നുംഭയം
വരുത്തുമതിലുംപരംവലിയവസ്തുവത്ര്യൽക്കടം.    (൫)

സീത:—ആൎയ്യപുത്ര! തടുക്കണേ, തടുക്കണേ, വേഗം രാക്ഷ സിയെത്തടുക്കണേ.

രാമ:—ദേവി! പേടിക്കണ്ട പേടിക്കണ്ട. എന്തു്! ചിത്രഭി ത്തിയിൽ പിശാചുക്കളുടെ രൂപം കണ്ടിട്ടില്ലേ?

സീത:—മനസ്സേ! എന്താണിതു്? ആൎയ്യപുത്രൻ നാഥനായി ട്ടുള്ള നിനക്കെന്താണു ഭയപ്പെടാനുള്ളതു്?

ശൂൎപ്പ:—ഭക്ഷിപ്പാൻ വൈകിയും മഹൎഷിമാരുടെ എറച്ചി തിന്നു വെറുപ്പുതോന്നിയും ഇരിയ്ക്കുന്ന എനിക്കു ഭാ ഗ്യംകൊണ്ടു് സ്നിഗ്ദ്ധങ്ങളായി സുകുമാരങ്ങളായ ഭക്ഷ

ണസാധനങ്ങൾ കിട്ടി. ആട്ടേ, ഇതൊക്കെത്തിന്നിട്ട് സീതയെ ആര്യനായ രാവണനു കാഴ്ചവെയ്ക്കുകതന്നെ.
(എന്നു് ഓടിച്ചെല്ലുന്നു)

ലക്ഷ്മ:—ഇതാ ഇവളോടിവരുന്നു.

* കൈപൊക്കിക്കാറുമുട്ടുമ്പടിയുടൽവലുതാ-
ക്കുന്നുപിന്നെക്ഷണത്തിൽ-
ബ്ഭ്രൂപ്പൃഷ്ഠന്താന്നുപൊങ്ങുംപടിദ്ദൃഢമടിവെ-
ച്ചിട്ടുനേരിട്ടിടുന്നു
ക്ഷോഭാൽവായുംപിളന്നീയിവരുടെനരികെ-
സ്സാക്ഷനീക്കിത്തുറന്നാ-
ശ്ലോലിച്ചീടുംകവാടംതടവിനപുരിയെ-
പ്പോലെപാഞ്ഞെത്തിടുന്നു. (൬)

രാമ:—ഇതാ ഇവൾ,

* മാനത്തുപൊങ്ങിമുഹുരുഴിയിൽവന്നുഴന്നാ
സ്ഥാനത്തുനിന്നുടലുടൻനെടുതായ്ചമത്തി
താനൊത്തവാളൊളിനഖാവലികൊണ്ടുമേഘ-
സ്ഥാനത്തുകാറുനിരഭേദമിയാക്കിടുന്നു. (൭)

സീത:—തടുക്കണേ- തടുക്കണേ- വേഗം രാക്ഷസിയെത്തടുക്കണേ.

രാമ:—ദേവി! പേടിക്കണ്ട പേടിക്കണ്ട.

* വെള്ളസ്സരോജമിഴി!രാക്ഷസിയല്ലിതേററ-
മുള്ളന്തുറന്നവലുതായൊരുനന്ത്രമാണേ
എള്ളോളമെന്നുടയസായകസംഘമിപ്പോൾ-
കൊള്ളുമ്പൊളാത്തരവുമാടിയുതാഴെവീഴും. (൮)

ലക്ഷ്മ—ആര്യൻ പ്രസാദിയ്ക്കണേ- ഞാൻ തന്നെ ഇവളെ തടുക്കാം. (എന്നു് ഇടയിൽച്ചെല്ലുന്നു)

ശൂൎപ്പ്:—ഛെഃ, ഛെഃ, ഇതു് കഷ്ടംതന്നെ. എന്റെ ഭക്ഷണസാധനങ്ങൾ പരാക്രമിച്ചു തുടങ്ങിയല്ലോ.

ലക്ഷ്മ:—ഇവളെന്നെപ്പിടിച്ചു-തെററിപ്പോയി. ഇത്ര കരുതിയില്ല.

രാമ:—നില്ക്കു്.

* കുററംചെയ്യവരെക്കുറിച്ചു മുനിമാ-
 രല്ലിജ്ജനം ഭള്ളിനി-
പ്പുററില്ലാധൃതികൂട്ടിടേണ്ടവെറുതേ, കയ്ത്താ-
 രിൽവില്ലേന്തിഞാൻ
തെററുംസംശയമില്ലനമ്മുടെശര-
 ങ്ങൾക്കെന്തുവന്നീടിലും
ചെററുംരാക്ഷസിരാക്ഷസപ്പരിഷയിൽ-
 ക്കാരുണ്യമില്ലാക്കണം.

ശൂൎപ്പ്:—കഠിനഹൃദയനായ ഇവനെത്തന്നെ മുമ്പിൽ ആരുമില്ലാത്ത ദിക്കിൽക്കൊണ്ടുവെച്ചു തിന്നട്ടെ. (ലക്ഷ്മണനെ എടുത്തു് ആകാശത്തേയ്ക്കു പൊങ്ങീട്ടു്) ആയിഃ പൎവ്വതങ്ങളുടെ കൊടുമുടികൾക്കുതന്നെ ഇത്രയെങ്ങും കനമില്ല (പോയി)

രാമ:—ദേവി! ഇപ്പോഴും സ്ത്രീസ്വഭാവം വിടുന്നില്ലല്ലോ.

* ധൈൎയ്യം പിടിച്ചിഹഭയത്തൊടുമൊപ്പമൊന്നെ-
യാൎയ്യേ! ക്ഷണം വിടുകനീ ഹരിണാക്ഷിയാളേ
കാൎയ്യംനിനയ്ക്ക ധൃതലക്ഷ്മണനായ്ജവത്താൽ
ക്രൌൎയ്യത്തൊടാശരിഖലനാന്തരമേറിടുന്നു. (൧൦)

സീത:—ആൎയ്യപുത്ര! എന്നെ രക്ഷിപ്പാനാരാണുള്ളതു്?

രാമ:—കുമാരനെ ആരു രക്ഷിയ്ക്കും?

സീത:—അവന്റെ കയ്യിൽ ആയുധമില്ലേ?

രാമ:—(വിഷാദത്തോടുകൂടി)

* പൃത്ഥ്വീതലത്തൊരിടമേഗതിയുള്ളതുള്ളും
മൎത്ത്യന്റെ ജന്മമിതുരാക്ഷസിത്വഭാവാൽ
ഹസ്തേനലക്ഷ്മണനെയേന്തിയഹോമറഞ്ഞാ-
ളിത്ത്വിൽഞാനിവിടെയിങ്ങനെനോക്കിനില്ക്കേ. (൧൭)

സീത:—(വിഷാദത്തോടുകൂടി) വികൃതിയായ ഞാൻ ആൎയ്യപുത്രനെ പിടിച്ചുനിൎത്തീട്ട് ലക്ഷ്മണനെ ഹൃദയശല്യമാക്കിത്തീൎത്തുവല്ലൊ.

രാമ:—ഏതു ദിവ്യാസ്ത്രമാണിവളുടെ നേരെ പ്രയോഗിയ്ക്കേണ്ടതു്?

(അണിയറയിൽ) അയ്യോ! ഞാൻ വീഴുന്നുവേ ആൎയ്യ! ശരണം- ശരണം.

രാമ:— എന്തു്ഃ പെണ്ണിന്റെ ഒച്ചപോലെയിരിക്കുന്നുവല്ലൊ. ഈ ഭൂകമ്പമെന്തുകൊണ്ടുണ്ടായി? ലക്ഷ്മണൻ ആ രാക്ഷസിയെ വീഴിച്ചു; നിശ്ചയം.

സീത:—ഞാനും അങ്ങിനെതന്നെയാണു് ഊഹിയ്ക്കുന്നതു്.

രാമ:—ഭദ്രേ കൈപിടിച്ചുംകൊണ്ടെന്റെകൂടെ വരു.

സീത:—ഉത്സാഹിച്ചുനോക്കാം. (രണ്ടാളും ചുററിനടക്കുന്നു)

രാമ:—എയ്,

* മലപ്പുറമതിങ്കൽനിന്നചമലിഞ്ഞുധാതുക്കൾചോ-
ന്നൊലിച്ചുപുഴകാനനംമുഴുവനുംനിറഞ്ഞെന്നതോ
ജ്വലിച്ചരുണശോണമാംകടുനിണംമഹാപത്തിനായ്-
ച്ചുഖിച്ചുജലദംപിളൎന്നടനഹോചൊരിഞ്ഞെന്നതോ. ൧൮

ലക്ഷ്മ:—(പ്രവേശിച്ചിട്ടു്) ആൎയ്യഃ ആൎയ്യഃ, പെണ്ണെന്നുവെച്ചുവളുടെ നേരെ മുമ്പിൽ ആയുധമെടുത്ത എന്നെ ഞാൻ ധിക്കരിക്കുന്നു. അല്ലെങ്കിൽ അതു വിചാരിച്ചു

* പരമവളുടെ ധൃഷ്ടമട്ടുകണ്ടും
പുരുദ്ധമായ്നെഴമ്മനസ്സറിഞ്ഞും
ഗുരുനിശിചരിതന്റെ കണ്ണ്നാസം
മുറിപ്പെടുമാറൊരുമട്ടുവാളുവെച്ചേൻ. (൫൨)

(ചുററിനടന്നിട്ടു്) ആര്യൻ പ്രസാദിച്ചാലും!

രാമ:— (ആലിംഗനം ചെയ്തിട്ടു്)

* മനമേ! സമാശ്വസിയ്ക്കു-
ന്നനുജനിതാ ലക്ഷ്മണൻ കുശലിയിപ്പോൾ
വനമതിലുമിവനൊടൊത്തി-
ജ്ജനം സുഖിക്കുവതയോദ്ധ്യയിലെമട്ടിൽ. (൫൪)

(പിന്നെയുമാലിംഗനം ചെയ്തിട്ടു്) ഉണ്ണി! രാക്ഷസിയെവിടെ?

ലക്ഷ്മ:— (വിചാരം) ഞാനെന്തു പറയേണ്ടു? (തല താഴ്ത്തി നിൽക്കുന്നു) (അനന്തരം നിലവിളിച്ചുംകൊണ്ടു് ശൂർപ്പണഖ പ്രവേശിക്കുന്നു)

ശൂർപ്പ:— അയ്യോ! ആര്യ! രാവണാ! അയ്യോ!! ആര്യ! കുംഭകർണ്ണാ! അയ്യോ!! ആര്യ! വിഭീഷണാ! രക്ഷിക്കണേ. രക്ഷിക്കണേ. മഹർഷിവേഷം കെട്ടിയിരിക്കുന്ന മനുഷ്യരുടെ അധികപ്രസംഗത്തിൽ നിന്നെന്നെ രക്ഷിക്കണേ.

രാമ:— ലക്ഷ്മണാ! നോക്കു നോക്കു.

* അന്തിച്ചോപ്പുപകന്നകാറുനിരപോലെ-
നല്ല ധാതുദ്രവം
പന്തിക്കൊത്തു പതിഞ്ഞപർവ്വതമഹാ
പാറപ്പുറംപോലെയും
ചന്തത്തിൽച്ചെറുവെയിൽപതിഞ്ഞൊരുതമാലക്കാടുപോലേയുമി-
ന്നെന്തോ മൂർത്തിനിണത്തിൽമുങ്ങിയിവിടെ-
ക്കാണപ്പെടുന്നുണ്ടിതാ. (൫൫)

ലക്ഷ്മ:—ദൈവമേ! കുത്സിതമാണ് ഈ കർമ്മമെന്ന് ആര്യൻതന്നെ തീർച്ചയാക്കുന്നുണ്ടല്ലോ.

രാമ:—ചെയ്യേണ്ടതാണ താൻ ചെയ്തത്. കൊല്ലേണ്ട ദിക്കിൽ സ്ത്രീകൾക്കിങ്ങിനെയല്ലേ ശിക്ഷ വിധിച്ചിട്ടുള്ളത്?

ദുഷ്ടോട്ടദണ്ഡകയിൽ വാണുവരും പ്രസിദ്ധ-
പ്പെട്ടോരു ശൂർപ്പണഖയെന്ന നിശാടനാരി
ജ്യേഷ്ഠത്തിയാണു ഖരദൂഷണർകൾക്കദൃഷ്ട-
ശ്രേഷ്ഠത്തിരാവണകനീയസിയാണിതത്രെ. (൧൬)

എന്നാണു കേട്ടിട്ടുള്ളത്.

ശൂർപ്പ:—നോക്കിക്കോളിൻ മനുഷ്യരെ! നിങ്ങളുടെ അവിനയം! അതിൻെറ ഫലം ഇന്നുമുതൽക്കു കാണാറാവും.

ലക്ഷ്മ:—ഛീ-എടീ! പോ. പോ.

ശൂർപ്പ:—ഖരദൂഷണന്മാരെ എൻെറ അവസ്ഥ കാണിച്ചുകൊടുക്കട്ടെ. (പോയി)

സീത:—ആര്യപുത്ര! എനിക്കിപ്പോൾ ദീർഘശ്വാസം വീണു. അല്ലെങ്കിൽ ഇങ്ങിനെ രാക്ഷസികളെക്കൊണ്ടു ഭയങ്കരമായ ഈ കാട്ടിൽ അത്ര സുന്ദരിയായി സുകുമാരഗാത്രിയായിരിക്കുന്ന ആ പെണ്ണ് ഒററയ്ക്ക് എങ്ങിനെയാണാവോ കഴിച്ചുകൂട്ടുന്നത്?

രാമ:—(ലക്ഷ്മണനെ നോക്കുന്നു)

ലക്ഷ്മ:—(ചെവിയിൽ) ഇങ്ങിനെയൊക്കെയാണ്.

സീത:—എന്താണു കുമാരൻ പറയുന്നത്?

രാമ:—ദേവി!

* ഓമൽച്ചുണ്ടുള്ള വക്ത്രം ചപലശഫരനേ-
ത്രങ്ങൾപോൎക്കൊണ്ടുഭേസീ-
ട്ടാമട്ടിൽത്താനാ മദ്ധ്യം പൃഥുകടിതടമീ
മട്ടിലായിട്ടുമുമ്പിൽ
കാമം നാണിച്ചുപേടിച്ചുടിയടിയിടയിൽ-
ക്കേളിയായ്ത്തരുവെച്ചോ-
രാമുഗ്ദ്ധപ്പെണ്ണുമൂലം തവ ഭയമിതഹോ
രാക്ഷസദ്വേഷിദൈവാൽ. (൩൦)

സീത:—ഇതു പൊളിയാണു്, പൊളിയാണു്.

രാമ:—ലക്ഷ്മണൻ പറയുന്നവല്ലോ.

സീത:—കഷ്ടം! അവളിൽ വിശ്വാസം തോന്നിയതു വിഡ്ഢിത്വം. ആൎയ്യപുത്രൻ അതു നല്ലവണ്ണം തീൎത്തു തന്നു.

രാമ:—ലക്ഷ്മണാ! താൻ അവളെ മുമ്പിൽ എങ്ങിനെയായിരുന്നു വിചാരിച്ചിരുന്നതു്?

ലക്ഷ്മ:—(പുഞ്ചിരിയോടുകൂടി) ആൎയ്യൻ! എല്ലാദിക്കിലും ദാക്ഷിണ്യംകൊണ്ടു ദോഷം വരില്ലെന്നാണു വിചാരിക്കുന്നതു്. തിയ്യിന്റെ ചൂടു മറയ്ക്കുന്നതെങ്ങിനെയാണു്?

രാമ:—ശരിയാണിതു്.

* ഉൾക്കൊണ്ടദാക്ഷിണ്യതയാൽ മൃദുവായലോകം
മുഷ്ക്കുണ്ടിട്ടും ശഠജനങ്ങൾവശത്തിൽനിൽക്കും
കൈയ്യൊണ്ടുവേരൊടുപറിപ്പതിനാശയുള്ളോ-
ൎക്കുണ്ട കങ്ങൾ തടയാത്തൊരു വള്ളിപോലെ (൩൧)

അവളെ ഒരു പെണ്ണാണല്ലോ എന്നുവച്ചു പൎയ്യിച്ചുകൂടാ. അസാദ്ധ്യംതന്നെയാണിച്ചെയ്തതു്.

ലക്ഷ്മ:—(തലതാഴ്ത്തിനിൽക്കുന്നു.)

സീത:—ഇപ്പോഴും എനിക്കു രാക്ഷസിയെ കാണുന്നതു പോലെ തോന്നുന്നു.

രാമ:—* ത്രൈലോക്യദ്വേഷിസാക്ഷാൽ ദശവദനനിവൾ—
ക്കഗ്രജൻ തന്നെയെന്നാ—
ലീലോകത്തിന്റെ വില്ലിന്നിനിയിടകിടയാ
തെല്ലുമിണ്ടാതിരിപ്പാൻ
ചേലോടെ രാക്ഷസന്മാരൊടു ദൃഢമുളവാകുന്ന
വൈരം ക്രമാൽ ത—
ന്മൂലോച്ഛേദംവരുത്തീട്ടലകിനിതുടനേ
ഭൂതിയെച്ചെയ്തിടട്ടെ. (൧൯)

സീത:—ആര്യപുത്ര! നോക്കു, നോക്കു, ദിവസാവസാന ത്തിൽ ചുവന്നിരിക്കുന്ന രശ്മികളെക്കൊണ്ടു രാക്ഷ സിയുടെ ചോരയെടുത്ത് സൂര്യഭഗവാൻ വൃക്ഷശിഖ രങ്ങളിലൊക്കെ നനയ്ക്കുന്നുവോ എന്നു തോന്നുന്നു.

രാമ:—ഇതാ പകൽ കഴിഞ്ഞു. ഉണ്ണി ലക്ഷ്മണ!

* എന്നാചിന്നിനിവാളുവെയ്ക്കുകമുറയ്ക്കു—
ന്നല്ലവില്ലിന്റെ ഞാ—
ണൊന്നായല്പമയച്ചുകൊൾക കശ്രുചിയാ—
മാററിൽക്കുളിച്ചങ്ങിനെ
നന്നായ് ശ്വാസമടക്കിമുഖ്യതരമാം
മന്ത്രം ജപിച്ചാദരാ—
ലിന്നാരാൽ വിധിപോലെ ചെയ്യുക നമു—
ക്കിസ്സാന്ധ്യകർമ്മക്രമം. (൨൦)

ലക്ഷ്മ:—ആര്യന്റെ കല്പനപോലെ.

രാമ:—ഇതാ ഇതാ.

* ചട്ടററീടുന്നചക്രായുധനൊരുചരണം—
കൊണ്ടുമാനത്തുനിന്നും
തട്ടിത്താഴത്തുവീഴ്ത്തുന്നമുചികടുനിണം—
കൊണ്ടുപണ്ടെന്നപോലെ
പുഷ്ടശ്രീ ചെമ്പരത്തിപ്പൂത്തുമലർനിറമാ—
ന്നശ്രുജാലത്തിനാലി—
മട്ടിൽ പൂർണ്ണേന്ദുവക്ത്രാപരമരുണിതമാക്കു—
ന്നു ദിക്‌ചക്രമക്കൻ. (൨൫)

[എല്ലാവരും പോയി]

ശൂർപ്പണഖാങ്കം എന്ന രണ്ടാമങ്കം കഴിഞ്ഞു.

—— (൦) ——

# മൂന്നാം അങ്കം

(അനന്തരം ക്ഷീണത്തോടുകൂടി ഒരു ഋഷികുമാരൻ പ്രവേശിക്കുന്നു.)

ഋഷികു:—സൂര്യവംശം വളരെ വളരെക്കാലം നിലനിൽക്കട്ടെ. ഈ സൂര്യവംശമണിയായ രാമൻ ഖരദൂഷണന്മാരായ നായകന്മാരുള്ള രാക്ഷസസേനയെ ജനസ്ഥാനത്തിൽനിന്നു യമസ്ഥാനത്തിലേയ്ക്കു സ്ഥലം മാററിയതുകൊണ്ടാണല്ലോ എന്നെപ്പോലെയുള്ളവർക്കുകൂടി ഈ കാട്ടുപ്രദേശങ്ങളിലൊക്കെ യഥേഷ്ടം സഞ്ചരിക്കാറായതു്. രാമൻനിമിത്തം രാക്ഷസരുടെ ജീവനെൻറ സ്വാദറിഞ്ഞിട്ടുള്ള മൃത്യുവിനെൻറ നാവിപ്പോൾ ലങ്കയേയുംകൂടി നക്കിത്തുടങ്ങി, നിശ്ചയം. (കുറച്ചു നടന്നിട്ടു്) എവിടെയാണു് തീർത്ഥയാ

ത്രയുടെ തളർച്ച തീക്കേണ്ടതു്? ഇവിടെ അടുത്തു് ആശ്രമമുണ്ടായിരിക്കണം. ഇതാ,

* ദർഭമന്ത്രവിധിയാൽവിരിച്ചസിതമാററി-
ലാകടവ മണൽപ്പുറം
കെല്പൊടമ്മുനികൾചൊന്നൊരോത്തുരുവിടുന്ന
തത്തതരുശാഖയിൽ
ഇപ്പൊൾമാതൃമുലയങ്ങുവിട്ടിതവരുന്ന
വൽക്കലജടാജിനാ
കല്പമോത്തുവരികൊണ്ടുതാപസശിശുക്കൾ
പോററിയമൃഗങ്ങളും. (൧)

ഇവിടെ സ്വാദ്ധ്യായം കേൾക്കുന്നില്ല. ഹോമത്തിന്റെ പുകയും കാണുന്നില്ല. ആട്ടെ- കടന്നുനോക്കീട്ടറിയുക തന്നെ. (അങ്ങിനെ ചെയ്തിട്ടു്) ഈ ആശ്രമം ഇപ്പോൾ ഉപേക്ഷിച്ച മട്ടിലിരിക്കുന്നു. ഇതാ,

* ദർപ്പുല്ലുവിരിച്ചവേദിയിലഹോ
ഹോമിച്ചതിൻഗന്ധമു-
ണ്ടിപ്പോഴും ബലിഭൂമിയാസ്സരിചയം
വിട്ടില്ലഭൃംഗാളികൾ
കെല്പോടീവലുതായിട്ടുന്നൊരുമര-
ക്കൊമ്പത്തുജനക്കീട്ടവാ-
നീപ്പോട്ടീടിനവൽക്കലം തളിർകളിൽ-
ക്കൂട്ടുന്നമഞ്ഞപ്പിനെ. (൨)

ഇവിടെ വല്ലവരുമുണ്ടെങ്കിൽ വിളിച്ചുനോക്കട്ടെ. ഇതാ ഞാനൊരു വഴിപോക്കൻ. ഹേ ഹേ! ആരണവിടെ? (അണിയറയിൽ) ഇങ്ങോട്ടു്-ഇങ്ങോട്ടു്. അതിഥിയ്ക്കു സ്വാഗതം.

ഋഷികു:— ശൂന്യമല്ലെന്നു തോന്നുന്നു.

[അനന്തരം യാത്രസ്സുകളുള്ള ഒരുകണ്ണോട്ടുകൂടിയ വൃദ്ധതാപസൻ പ്രവേശിക്കുന്നു]

വൃദ്ധ:— ഇങ്ങോട്ട് - ഇങ്ങോട്ട് - അതിഥികൾ സ്വാഗതം.

ഋഷികു:— നല്ല! മഹർഷേ! വളരെ സ്ഥലമുള്ള ഈ ആശ്രമത്തിൽ ഇവിടുന്നു മാത്രമേ ഉള്ളു എന്നു തോന്നുന്നു വല്ലോ.

വൃദ്ധ:— ഇതു് രാവണൻെറ ബന്ധുവായ മാരീചൻെറ ആശ്രമമാണ്.

ഋഷികു:— ഓ!! വിശ്വാമിത്രപുത്രന്മാർ പറഞ്ഞുകേട്ടിട്ടുണ്ടു് - 'രാമബാണത്തിൻെറ ഇച്ഛിലാണു്' എന്നു് അവൻ തന്നെയല്ലേ?

വൃദ്ധ:—രാവണൻെറ സോദരിയായിട്ടു് ശൂൎപ്പണഖ എന്നൊരുത്തിയുണ്ടു്.

ഋഷി:കു—നിൽക്കു- ആശ്രമന്തോറും രാമൻെറ കല്പന പ്രകാരം നടന്നു പറയുന്ന ലക്ഷ്മണൻെറ മുഖത്തിൽ നിന്നു് ശൂർപ്പണഖയുടെ വിരൂപകരണവും, ഖരദൂഷണാദികളുടെ വധവും കേട്ടിട്ടുണ്ടു്. ഞാനിപ്പോൾ കേൾക്കാതെ കണ്ടു് മാരീചൻെറ വൎത്തമാനം മാത്രമേയുള്ളൂ.

വൃദ്ധ:—അതിൻെറ ശേഷം കോപത്തോടുകൂടി രാവണൻ മാരീചൻെറ ആശ്രമത്തിൽ വന്നു.

ഋഷികു;— പിന്നെ- പിന്നെ?

വൃദ്ധ:—എന്നിട്ടു 'അങ്ങു് മൃഗരൂപമെടുത്തു് രാമനേ ഭ്രമിപ്പിച്ചുകററണം. അപ്പോഴെയ്ക്കും ഞാൻ സീതയെക്കൊണ്ടു പൊയ്ക്കൊള്ളാം' എന്നു് അവൻ വളരെ വളരെ നിർബന്ധിച്ചു.

ഋഷികു:—അപ്പഴോ?

വൃദ്ധ:—അപ്പോൾ മാരീചൻ രാമന്റെ ഗൌരവത്തെ പ്രശംസിച്ചിട്ട് ഇതു വിരോധിച്ചു.

ഋഷികു:—ഇത് അനുഷ്ഠാനത്തിനു ചേൎന്നതുതന്നെ. പിന്നെ, പിന്നെ?

വൃദ്ധ:—പിന്നെ രാവണൻ ക്രോധത്തോടുകൂടി—

* പെട്ടെന്നാപ്പുരികം വളച്ചുടൻ ചിരിച്ചും—
ശ്രുക്കൾ ചിന്നിപ്പുറ—
പ്പെട്ടീടുന്നൊരുവാളെടുത്തുറയിൽനിന്നൂ—
രിപ്പിടിച്ചീടിനാൻ
വാട്ടംവിട്ടതിനുള്ള മൂൎച്ചയെത്തുനിന്നെ—
രാവതാഖ്യദ്വിപ—
ശ്രേഷ്ഠൻതന്നുടെ ദന്തകോശമൊടിട—
ഞ്ഞിട്ടുണ്ടു പണ്ടെത്രയും. (൩)

ഋഷികു:—അതിലത്ര അത്ഭുതമില്ല. പിന്നെ പിന്നെ?

വൃദ്ധ:—എന്തിനു വളരെപ്പറയുന്നു. ഉടനെ ഉള്ള പ്രാണഭയംകൊണ്ടോ പൂൎവ്വവൈരം വിചാരിക്കകൊണ്ടോ അവൻ രാവണന്റെ പൊൽപ്പടിക്കായിത്തീൎന്നു.

ഋഷികു:—കലത്തിനു ചേൎന്നതായി പ്രവൃത്തി നിശ്ചയം.

* ഖലരുടയ ദുസ്സ്വഭാവം ചിലഹേതുക്കളിൽ മറച്ചുവെ
[ച്ചാലും
കാലേവിത്തിൻപ്രകൃതികൾപോലെഫലമൊട്ടുപുറ
[ത്തു ചാടുന്നു. (൪)

പിന്നെ പിന്നെ.

വൃദ്ധ:—രാവണൻ ദുഷിപ്പിച്ചിരിക്കുന്ന ഈ സ്ഥലത്തിൽനിന്നു മഹൎഷിമാരൊക്കെ ഉദ്വിഗ്നന്മാരായിട്ടൊഴിച്ചു

പോയി. അങ്ങു കാണുന്നില്ലേ എന്റേയും ഈ യാത്ര
യ്ക്കുള്ള പരിഭ്രമം?

ശൂൎപ്പണഖാ:—എന്നാൽ ഇവിടുന്നു ചെല്ലൂ-ഞാൻ ഇവിടം വി
ട്ടു പോകുന്നു.

വൃദ്ധ:—അങ്ങിനെതന്നെ. ഈ നിശ്ചയം ഒന്നാന്തരമായി.

(രണ്ടാളും പോയി)

വിഷ്ക്കംഭം കഴിഞ്ഞു.

—— (൦) ——

(അനന്തരം രാമനും സീതയും പ്രവേശിക്കുന്നു)

രാമ:—(ദുൎന്നിമിത്തം സൂചിപ്പിച്ചിട്ട്) ദേവീ ഇതാ ഇപ്പോൾ,

* ബാലനെൻഭരതനെന്നുവൈരികളയോദ്ധ്യ
കൈവശമടക്കിയോ
മാല്യമുത്തമമമാത്യലോകമമരേന്ദ്ര-
നാട്ടുകുടിയേറിയോ
ചേലൊടാശരർഖരക്ഷയാൽക്കറകലൎന്ന
മായകൾതുടൎന്നിതോ
ബാലെനിൻചികുരബന്ധബന്ധുമമവാമ-
ബാഹുവിളകുന്നതേ. (൭)

സീത:—ആൎയ്യപുത്ര! തപസ്സുതന്നെയാണല്ലോ അമംഗള
ത്തിനു ശമനമായിട്ടുള്ളത്.

(അനന്തരം മാരീചൻ പ്രവേശിയ്ക്കുന്നു)

മാരീ:—(ആലോചനയോടുകൂടി)

* ബന്ധുക്കളിൽസ്നേഹമതാമഹാഗ്രഹ
ബന്ധുസ്വജന്മപ്രഭവാവമെന്നോ
എന്തേവമാസ്സുഹൃജ്ജനമട്ടുവിട്ടീ
ഭ്രാന്തിൽപ്രവേശിച്ചതുഞാനിദാനീം. (൮)

എന്തിന്ന വല്ലരെ ആലോചിയ്ക്കുന്നു?

* രാമാഖ്യനാമ്പരപുമാന്റെ ബാണമേല്പി-
ച്ചീമേനിയിങ്ങുടനെവിട്ടയമാലയത്തിൽ
നാമാദ്യമെത്തിരജനീചരരൊക്കെവന്നു
കാണ്മാൻ കുതൂഹലത്തൊടു കാത്തിരിക്കാം. (൬)

എന്നാൽ, ആ രാമാശ്രമം എവിടെയായിരിയ്ക്കും? അവിടെച്ചെന്നു ഭാൎയ്യാസമേതനായരാമനെ വിചിത്രമൃഗവേഷംകൊണ്ടു മോഹിപ്പിയ്ക്കുകതന്നെ. (പോയി)

(അനന്തരം ചട്ടയിട്ടുംകൊണ്ട് ലക്ഷ്മണൻ പ്രവേശിയ്ക്കുന്നു)

ലക്ഷ്മ:—"ഖരദൂഷണാദികളെക്കൊന്നതുകൊണ്ട് ജനസ്ഥാനത്തിലെ കണ്ടകങ്ങളൊക്കെ പറിച്ചുകളഞ്ഞു. അതുകൊണ്ട് നിങ്ങൾക്ക് അവരവരുടെ സ്ഥാനങ്ങളിൽത്തന്നെ വന്നു പാൎക്കാം" എന്ന് ആൎയ്യന്റെ കല്പനപ്രകാരം അറിവിച്ച മഹൎഷിശ്രേഷ്ഠന്മാരുടെ അനുഗ്രഹംകൊണ്ട് കിട്ടിയ ചട്ട ഞാൻ അകാലത്തിലും ധരിക്കുന്നുണ്ട്. എന്നു തന്നെയല്ല, അവർ ആൎയ്യന്മാൎക്കു തന്നയച്ചതായി—

* ശത്രുക്കൾമായകളെടുക്കിലിതിട്ടതൊട്ടാൽ
പ്രത്യക്ഷമാക്കിടുമൊരത്ഭുതശക്തിയോടും
കത്തുന്നകാന്തിപൊതിയും മണിയും വഹിച്ചേൻ
സത്തുള്ളപൊന്നുമണിമോതിരവുംകരത്തിൽ. (൭)

ആൎയ്യന്റെ അടുക്കലേക്കു ചെല്ലുകതന്നെ. (അടുത്തു ചെന്നിട്ട്) ആൎയ്യൻ ജയിച്ചാലും.

രാമ:—(നോക്കീട്ട്) എന്ത്—അനുഗ്രഹം വാങ്ങിച്ച ലക്ഷ്മണൻ. ലക്ഷ്മണ! വന്ദിയ്ക്കേണ്ടവരെയൊക്കെ കണ്ടില്ലേ?

ലക്ഷ്മ:— ദേവന്മാരെയും നേരിട്ടും അവരെക്കൊണ്ടു കല്പിച്ച
യച്ചതൊക്കെ കേൾപ്പിക്കയും ചെയ്തു.

രാമ:— (എണീററിട്ട്) സർവ്വജ്ഞന്മാരായ അവരെന്താണു
കല്പിക്കുന്നത്?

ലക്ഷ്മ:—

* "സ്വൈരംരാജ്യമാണ്ടനമുക്കനിയമം
ചെയ്യാവതല്ലാശര-
ച്ചോരത്തുള്ളികൾ ചേർന്നശോണനിറമാം
ഗോദാവരീവാരിയിൽ
പാരെല്ലാമവർ ചത്തുവീണമലപോലു-
ള്ളോരുദേഹങ്ങളാൽ-
പ്പാരംപാക്പെരപ്പുപോയ് വിഷമമാ-
യല്ലാകിടക്കുന്നതും. (൯)

അതുകൊണ്ട് ഞങ്ങൾ കുറച്ചുദിവസവുംകൂടി ഇവിടെ
ത്തന്നെ പാർത്തുംകൊണ്ട് ആശിസ്സുകളെക്കൊണ്ട് ഭവാ
നെ അഭിനന്ദിപ്പിച്ചു കൊള്ളാം" എന്നാണ്.

രാമ:— ആ യോഗ്യരോട് അങ്ങോട്ടൊന്നും നിർബന്ധിക്കു
ന്നതു ശരിയല്ലല്ലോ.

ലക്ഷ്മ:— ആര്യൻ പ്രസാദിച്ചാലും (ആശ്ചര്യചൂഡാ
മണിയും അംഗുലീയവും കാണിക്കുന്നു)

രാമ:— (നോക്കീട്ട്) ആശ്ചര്യം! ആശ്ചര്യം!

സീത:— ആശ്ചര്യം ആശ്ചര്യം!!

രാമ:— അസാധാരണമായ സുഖത്തെ പ്രദാനംചെയ്യുന്ന അ
വർ ഇതിന്റെ ഫലമെന്താണു പറയുന്നത്?

ലക്ഷ്മ:— "രുചിരഭക്തിയുള്ള മണിയേയുമേററവും
രുചിരതരമാർന്നമണിമോതിരത്തെയും

ശുചിയായ്ദ്ധരിപ്പവരിൽമായചെയ്തില-
ങ്ങചിരാൽതെളിഞ്ഞവശരാകുമാശരർ". (൧൦)

എന്നാണ്. ആര്യൻ പ്രസാദിച്ചാലും. മഹർഷിമാരുടെ കല്പന തള്ളരുതല്ലോ. (ഒന്നുംകൂടി അടുത്തു കാണിക്കുന്നു)

രാമ:— ചട്ടയ്ക്കെന്താണു ഫലം പറയുന്നത്?

ലക്ഷ്മ:— "ശരങ്ങളിൽനിന്നു മന്നങ്ങളെ രക്ഷിയ്ക്കും" എന്നാണ്.

രാമ:— എന്നാൽ അത്ര, കാര്യം സാധിച്ചിട്ടുള്ളവരുടെ സന്തോഷവല്ലിയുടെ പുഷ്പത്തെ ഞാൻ വാങ്ങുന്നു. (വാങ്ങീട്ട്-ചൂഡാമണി സീതയുടെ തലമുടിയിൽ കെട്ടിച്ച മോതിരം സ്വന്തം കൈവിരലിലിടുന്നു)

സീത:— (സംഭ്രമത്തോടുകൂടി) ആര്യപുത്ര! ഇതെന്താണു വെറെ ഒരത്ഭുതം.

രാമ:— ലക്ഷ്മണ! നോക്കൂ നോക്കൂ— കാടു മുഴുവൻ ഒന്ന് നിറം മാറിയതു നോക്കൂ-

ലക്ഷ്മ:— ആര്യ! ഞാൻ കാണുന്നുണ്ട്.

* ഇന്നെന്തിതെന്തുവകയാണവിടത്തിൽനിന്നു
വന്നെന്തിയീവനമടച്ചതിദീപ്തമായി
ചിന്നുന്നകാറുകളംപെറാത്തൊരു മിന്നൽതട്ടി
മിന്നുന്നപോലെവിലസുന്ന മരങ്ങളാലേ. ൧൧

(അണിയറയിൽ ഇലകളുടെ ഒച്ച)

എല്ലാവരും— സംഭ്രമത്തോടുകൂടി നോക്കുന്നു)

രാമ:— * അംഭോജങ്ങൾ നടന്നിടുന്നവഴിയിൽ
പ്പൊന്തുന്ന നൽക്കാന്തികൊ-
ണ്ടംഭോജേഗതിഭംഗിയാലമരചാ
പാത്ഭുതംചെയ്തിതാ
അംഭോ പൊന്നുടൽവെള്ളികാലുകളം മഹാ
രത്നംകഴുത്തേവമായ്

വന്മോലുന്നൊരു മാനിനെത്തരുണീമഹേ
മാൻകണ്ണിതാൻകാൺകെടോ. (൩൨)

സീത:—ആൎയ്യപുത്ര! അത്ഭുതങ്ങൾ പലതും കാണുന്നതുകൊണ്ടു വനവാസം ബഹു രസംതന്നെയാണു്.

രാമ:—ദേവി! ഇതിനൊരു മോഹം തോന്നുന്നുണ്ടോ?

സീത:—ആൎയ്യപുത്ര! ഈ മാൻ ഉദ്യാനത്തിലുള്ളവന്റ് വേറെ ഉള്ള സമൃദ്ധികളെന്തിനാണു്?

രാമ:—എന്റെ വിചാരവും ഇങ്ങിനെതന്നെയാണു്.

സീത:—ഈ മൃഗത്തിനെ ആൎയ്യപുത്രന്റെ കയ്യിൽ കിട്ടില്ലേ?

രാമ:—ജീവനോടുകൂടിപ്പിടിത്തം കിട്ടിയില്ലെങ്കിൽ ഇവന്റെ അവയവങ്ങളോടുകൂടിയ തോലുകൊണ്ടെങ്കിലും നമുക്ക വിശേഷപ്പെട്ട പദാൎത്ഥങ്ങളുണ്ടാക്കാം.

ലക്ഷ്മ:—ഇതു രാക്ഷസരുടെ മായയാവില്ലല്ലോ?

രാമ:—രണ്ടുവിധത്തിലായാലും ഇതിനെപ്പററി പ്രയത്നം ചെയ്യേണ്ടതാണു്.

* സത്യമായമൃഗമാണിതെങ്കിലോ
സിദ്ധമായ്‌വരുമിവൾക്കവാഞ്ഛിതം
അത്രമായമറിമാനിതെങ്കിലോ
ബുദ്ധിവെച്ചതുനമുക്കുമാക്കണം. (൩൩)

ലക്ഷ്മ:—ആൎയ്യൻ പ്രസാദിച്ചാലും! (പുറപ്പെടുവാൻ ഭാവിക്കുന്നു)

രാമ:—നിൽക്ക; താൻ ദേവിയെ രക്ഷിച്ചാൽമതി. ഇതാ,

* കാട്ടതോറുമകലത്തെഴുംമുനി-
പ്രൌഢരെന്നുസഹജകണ്ടുപോന്നതിൽ
കൂടിനെററിയിൽ വിയർപ്പതുള്ളിവ-
ററീടുവാനുമിടയായതില്ലതേ. (൩൪)

ലക്ഷ്മ:—ആവട്ടെ, അതിനെന്താണു്. പറഞ്ഞതുപോലെ ചെയ്യുന്നതല്ലേ ഗുരുശുശ്രൂഷ.

രാമ:—ഇവനകലെപ്പോവുന്നതിന്നു മുമ്പിൽ വില്ലുകൊണ്ടു ത്തരു.

ലക്ഷ്മ:—ആര്യ്യൻെറ കല്പനപോലെ. (വില്ലു കൊണ്ടുകൊടുക്കുന്നു)

രാമ:—(വില്ലു വാങ്ങിപ്പോയി)

ലക്ഷ്മ:—ഓ! ഈ പുറപ്പാട് അത്ര ശോഭനമല്ല. ഇതാ ഈ മൃഗം—

* ക്രൂടെക്രൂടെ മനോജ്ഞമാംമരതക-
ക്കല്ലൊത്തകണ്ഠം ചരി-
ച്ചീട്ടന്നു ചെറുപുല്പനക്കമൊരു മ-
ട്ടോടുന്നുവൃക്ഷാന്തരേ
ചാടിപ്പൊങ്ങിയുമിങ്ങുതാഴെയുമുഴ-
ന്നീട്ടുന്നിതാര്യ്യൻചാടി
ച്ചാടോപത്തൊടു വില്ലുലച്ചിവിടെ-
ക്കാണുന്നതില്ലുഴിയിൽ. (൧൫)

അല്ലാ, ഇനി കണ്ണെത്താതെയായി.

സീത:—അല്ല, ആര്യ്യപുത്രൻ കണ്ണെത്തുന്ന ദിക്കു വിട്ടുപോയല്ലൊ.

(അനന്തരം തേരിൽ കേറി രാവണനും ശൂൎപ്പണഖയും സൂതനും പ്രവേശിക്കുന്നു)

രാവണ:—* ഈ നാം ജീവിച്ചിരിയ്ക്കുമ്പൊഴതൊരുമനുജ-
ന്തന്നിൽനിന്നുത്ഭവിച്ചാ-
ട്ടീനാവേശത്തൊടൊത്തന്നനുജയിവാംവെട്ടി-
ഞ്ഞോട്ടെ ദുഃഖത്തെയൊക്കെ
ഞാനാരാൽ ചെന്നുകേറിക്കണവനെയവമർ-
ട്ടിച്ചു സീതാപഹാരം
മാനാൽചെയ്യുൻ ജവത്തിൽക്കുതിരകളെയെടോ
സൂത പായിയ്ക്കുടോ നീ. (൧൬)

സൂത:—സ്വാമിയുടെ കല്പനപോലെ.

ശൂൎപ്പ:—ആൎയ്യ! കോപിക്കരുതേ- കോപിക്കരുതേ. അങ്ങിനെ വേണമെന്നില്ല. ഇന്ദ്രപരാക്രമവും കൂടി നിസ്സാരമാകുന്ന ഇവിടേയ്ക്കു് ആ മനുഷ്യൻ ഒരിരയാകുമോ? വ്യസനിച്ചു ജീവത്യാഗം ചെയ്യാത്ത വിധത്തിൽ സീതയെക്കൊണ്ടുപോയാൽ മതി. അവൾ അവന്റെ പ്രാണനാണെത്രെ.

സൂത:—(വിചാരം) ഇവർ രണ്ടുപേരും ചേട്ടകളാണു്. ഇവൎക്കു പാപകൎമ്മത്തിൽ പണ്ഡിതന്മാരെക്കാളും ബുദ്ധികൂടും.

രാവണ:—(കുറച്ചാലോചിച്ചിട്ടു്) ഇവൾ പറഞ്ഞതു ശരിയാണു്. ആ സീതയെന്നവൾ—

* യുദ്ധത്തിൽ ഇജ്ജവമോടു രാമനെ വധി-
ച്ചീ നാം ഗ്രഹിച്ചീടുകിൽ-
ബ്ഭൎത്താവിൻ വ്യസനത്തിനാലനുചിതം
ചത്തെന്നതും വന്നിടാം
പാൎത്താലത്രയുമല്ല മൎത്ത്യനിധന-
ത്തിന്നസ്ത്രമേന്തീടുമോ
ചീൎത്താവാനാരെജ്ജയിച്ചപുകൾ
കയ്ക്കൊണ്ടുള്ളോരിക്കൈകൾ മേ. (൧൭)

സൂത:—സ്വാമി!

* കണ്ണീരൊലിച്ചു നയനങ്ങൾ വിറച്ചു ദേഹം
തിണ്ണം ചലിച്ചു മനമെന്നിവയൊത്തിദാനീം
ചണ്ഡാംശുവാഹമെതൃവാഹഗണം വിലോതേ
വിണ്ണോർവഴിക്കുമിടരുന്നിതു ഹേതുവെന്യേ. (൧൮)

രാവണ:—സൂത! രാമന്റെ പൎണ്ണശാലയ്ക്കാണു് പോകുന്നതു്. കൈലാസത്തിലേയ്ക്കല്ല.

സൂത:—സ്വാമി! അധികാരം പ്രവൃത്തിക്കുന്നതുകൊണ്ടു് അടിയനു തെററില്ലേ. ഇനിയൊക്കെ സ്വാമിതന്നെ പ്ര

മാണം. അടിയനിതാ വിട്ടുന്നു- [വിചാരം] മുമ്പിൽ സാദ്ധ്യാചാരവും പിന്നെകുടിഞ്ഞതാണും. (തെളിക്കുന്നു) എല്ലാവരും രഥവേഗം നടിക്കുന്നു-

സൂത:—സ്വാമി! രഥവേഗം കണ്ടാലും—

* തോയംചോൎന്നപയോദപങ്ക്തിനെടുനീ-
ളക്കൊണ്ടുഴലുന്നാകുലാ
ഛായുംചങ്ങലയോടു ചഞ്ചലതയുമൊ-
കാതെമൂകാസ്യമായ്
വായുസ്തംഭിതമായചാമരമിതാ-
കൎണ്ണജപംപോലെയായ്
പായുന്നുണ്ടിണയേണ്ടദിക്കരികിലേ-
യ്ക്കുഗ്രത്തിലിച്ഛാവശാൽ. (൧൯)

ശൂൎപ്പ:—സൂതൻ പറഞ്ഞതു ശരിയാണ്. നമ്മളിതാ രാമ പൎണ്ണശാലയിലെത്തിക്കഴിഞ്ഞു.

രാവണ:—നിന്റെ വ്യസനകാരണമായ രാമന്റെ പ്രാണപ്രിയയെവിടെയാണ്?

ശൂൎപ്പ:—(ചൂണ്ടിക്കാണിച്ചിട്ട്) ഇതാ ഇവളാണവൾ.

രാവണ:—ഇവളോ സീതയെന്ന ത്രൈലോക്യസുന്ദരി? അമ്പോ! ആശ്ചൎയ്യം! ആശ്ചൎയ്യം!

* ഞാനിന്ദ്രാണിയെയപ്സരോഗണമൊട്ടും
പാരാവിലിട്ടെണ്ണിനേൻ
താനേദിക്കുകൾവെന്നണച്ചവളരെ-
പ്പെണ്ണുങ്ങളെപ്പുഷ്പകേ
സ്ഥാനേകണ്ടുഹരാദ്രിപൊക്കമളവിൽ-
പ്പേടിച്ചിട്ടുംഗൌരിയേ
നൂനംഭംഗിയവൾക്കുമില്ലിതുവിധം നേത്രം
കൃതാൎത്ഥാവിലാൻ. (൨൦)

(സങ്കല്പഹൎയ്യാകുലനായി നിന്നിട്ട്) ഇപ്പോൾ-

* നന്നായുള്ളഴകാംരസായനരസം
സേവിക്കയാൽ തൃപ്തിയു-
ള്ളിന്നായ് നൽകിയധീരനേത്രനിരയി
ന്നെല്ലാംഫലംപൂണ്ടുമേ
എന്നാലിദ്ദിവസംതന്നിലന്തളിരൊളി
ച്ചുമേനിപുൽകീട്ടിനി-
യ്യൂന്നോപോർമുറിയേററകയ്യിരുപതും
തൃപ്തിപ്പെട്ടുത്താൻതരം. (൨൧)

ശൂൎപ്പ:—എൻെറ മോഹം ഫലിച്ചു.

രാവണ:—(ലക്ഷ്മണനേ നോക്കീട്ട്) ഈ വേറെ ഒരാളാരാണ്?

* ചട്ടയിട്ടഴകിലാവനാഴികൾ പുറത്തുമിട്ടകലവില്ലുമാ-
യിട്ടുസീതയുടെചുററുമിട്ടുമിഴിവിട്ടുനില്പോരുയുവാവിവൻ?

ശൂൎപ്പ:—ഇങ്ങിനെയൊക്കെയാണ്.

രാവണ:—

* കഷ്ടമേററമിതുതാടകാഹരികഴിച്ചുപോലഹഹരാമനീ
ദുഷ്ടനൊന്നസിമയക്കിനിങ്കൽനരകീടർനല്ലബല
[ശാലികൾ. (൨൨)

(അണിയറയിൽ) അമ്പോ! വേഗം കേമംതന്നെ.

സീത:—അല്ലാ: ഇപ്പൊഴും ആൎയ്യപുത്രൻ ആ മൃഗത്തിൻെറ പിന്നാലേ ഓടുന്നതേയുള്ളൂ.

രാവണ:—ഇതു് ആരുടെ ഒച്ചയാണ്?

ശൂൎപ്പ:—ഇതോ, ആ രാമൻെറ ഒച്ചയാണ്.

രാവണ:—ഇവനാണോ ആ തപസ്വിയായ രാമൻ? (മോഹിക്കുന്നു)

സൂത:—"രാമൻ എന്നാൽ——

* പങ്കജനേത്രനമല്ലാതിങ്കരംത്തെല്ലണിയുമീശപരനാമ
[ല്ലെന്നാൽ
അങ്കുരിതമായയോദ്ധ്യയതിങ്കലൊരാശരവിനാശന
[മരുന്നത്രേ."(൨൩)

എന്നു മാരീചൻ പറഞ്ഞതു സത്യംതന്നെ.

രാവണ:—സൂത, നിന്നെക്കണ്ടാൽ പേടിച്ചതുപോലെയിരിക്കുന്നുവല്ലോ.

സൂത:—ശരിയാണു്; അടിയൻ പേടിച്ചുതന്നെയിരിക്കുന്നു. ഇപ്പോൾ നമ്മൾ മനുഷ്യരെപ്പോലെയും രാമൻ രാക്ഷസനെപ്പോലെയും ആയിത്തീന്നിരിക്കുന്നു.

ശൂൎപ്പ:—ഇവളുടെ ആകൃതി ആഭരണത്തോടിണങ്ങിയതുകൊണ്ടു് അധികം ശോഭിക്കുന്നു.

രാവണ:—ഇവൾക്കെന്തിനാണാഭരണം? വിചാരിച്ചുനോക്കൂ——

* സ്വതേ ശോഭകൂട്ടുന്നൊരാവസ്തുവെന്നാ-
ലതേതും വെടിപ്പാക്കിവയ്ക്കേണ്ടപിന്നെ
മതിക്കീറൊരുത്തൻതുടയ്ക്കുന്നതുണ്ടോ?
പതിക്കേണമോകൌസ്തുഭംതേച്ചുരാഗം? (൨൪)

സൂത:—സ്വാമി! അടിയനും കുറച്ചു വിടകൊള്ളുവാൻ തോന്നുന്നുണ്ടു്.

രാവണ:—പറയൂ. നിനക്കെന്താണു് പരിഹാരം തോന്നുന്നതു്?

സൂത:—* അത്യന്തനിഷ്ഠയിലകാതെയിവൾക്കപാതി-
വ്രത്യപ്രഭാവമതിലുണ്ടതു കണ്ടറിഞ്ഞേൻ

രാവണ:—നീയ്യെങ്ങിനെയറിഞ്ഞു?

സൂത:—* ഇത്ഥംവനത്തിലിഹ ബന്ധുജനത്തെവിട്ടീ-
മൎത്ത്യന്റെ കൂടെയിവൾകൂടിരമിപ്പതില്ലേ? (൨൭)

രാവണ:—എടാ! മന്ദബുദ്ധി! എന്നാൽ സ്ത്രീകളുടെ ബുദ്ധി വിശേഷപ്പെട്ട പദാൎത്ഥങ്ങളെക്കിട്ടിയാൽ സന്തോഷിച്ചുകൊണ്ടിരിയ്ക്കും; വിചാരിച്ചുനോക്കൂ.

* വാനോർവെൺനദിവക്കിലായ്മരതക-
പ്പാറപ്പുറത്തെൻമടി-
സ്ഥാനംകേറിയിരുന്നുപൊൻമലരണി-
ക്കാറേററവുകൊണ്ടങ്ങിനേ
താനേപേടിപെടും വലാരിവനിതാ-
വൎഗ്ഗത്തിന്നെക്കണ്ടുക-
ണ്ടാനന്ദിച്ചിവളാമനുഷ്യനെവെടി-
ഞ്ഞെതന്നോടിണങ്ങുംദൃഢം. (൨൮)

സീത:—എന്തോ ഒരമംഗലമട്ടത്തിട്ടുണ്ടെന്ന് എന്റെ വലത്തേക്കണ്ണു സൂചിപ്പിക്കുന്നു.

ലക്ഷ്മ:—ആൎയ്യേ!

* ദായാദന്മാൎക്ക സാധാരണയൊട്ടുമവകാ-
ശപ്പെട്ടും വസ്തുവൊന്നെ-
ന്നായാലും കണ്ടുകിട്ടാത്തടവിയതിലിരി-
പ്പില്ലയോ നമ്മളിപ്പോൾ
ഈയുദ്ധോലാകെന്തിനിച്ചെററശ്ശുഭമെണയുവാ-
നുണ്ടു ചാഞ്ചല്യമേവം
ശ്രീയുള്ളോടത്തിലല്ലേ ചിരമരിശമിയ-
ന്നുള്ള ശത്രുക്കളുള്ളൂ. ൨൯

സീത:—നിങ്ങൾ കൊന്ന ഖരദൂഷണന്മാൎക്ക പ്രസിദ്ധനായി ഇരുപതുകൈയ്യുള്ള ഒരു ജ്യേഷ്ഠനുണ്ടെന്ന് മഹൎഷിപത്നികൾ പറഞ്ഞു കേട്ടിട്ടുണ്ട്.

രാവണ:—ഏയ് ഭാഗ്യം. ഇവളെന്നെ മുമ്പിൽ കേട്ടിട്ടുണ്ട്.
ലക്ഷ്മ:—ആൎയ്യേ! ഇവനെ പേടിപ്പാനില്ല.
രാവണ: എന്താണിവൻ പറവാൻ ഭാവിക്കുന്നതു്?
ലക്ഷ്മ:—കൈകകളുടെ കണക്കല്ലല്ലോ പൌരുഷത്തിനു പ്രമാണം? വിചാരിച്ചു നോക്കൂ—

* മുറയ്ക്കു മുടകണ്ടു രാമിവനെവെന്നൊരോരായിരം
കരങ്ങളെഴുമജ്ജുനക്ഷിതിതലേന്ദ്രനെത്താപസൻ
വെറുഞ്ചമതുവെട്ടിട്ടും പരശുകൊണ്ടുപോരിൽത്തട-
ത്തറുത്തതറിവില്ലയോതരുമുറിച്ചുതള്ളുംവിധം? (വൃ)

രാവണ:—എടാ മനുഷ്യാ! നിൻെറ ഈ വാക്ക് ഓൎമ്മയിരിയ്ക്കട്ടെ-(അണിയറയിൽ) അയ്യോ! ലക്ഷ്മണാ!
സീത:—എ്- ആൎയ്യപുത്രൻെറ ഒച്ചപോലെയിരിക്കുന്നു വല്ലോ?
ലക്ഷ്മ:—ആൎയ്യേ! ആൎയ്യൻ ആൎത്തസ്വരം പുറപ്പെടുവിയ്ക്കുമോ?
സീത:—നീയ്യെന്താണു് വിചാരിക്കുന്നതു്?
ലക്ഷ്മ:—മായയാണെന്നാണു്.
രാവണ:—ഇവൻ നല്ല ധീരൻ തന്നെ.
(അണിയറയിൽ) എന്താണു് അമാന്തിക്കുന്നതു്?
സീത:—ആപത്തു വന്നിട്ടുള്ള. ജ്യേഷ്ഠൻെറ നിലവിളി കേട്ടിട്ടും മിണ്ടാതിരിക്കുന്ന നിന്നെ ഭഗവതി ഭൂമിദേവി എങ്ങിനെ സഹിക്കുന്നു?
ലക്ഷ്മ:—ഇവിടുന്നു് അങ്ങിനെതന്നെ തീൎച്ചയാക്കിയോ?
സീത:—മൂഢ! നീ ചെന്നു രക്ഷിക്കേണ്ടതല്ലേ?
ലക്ഷ്മ:—രക്ഷിക്കപ്പെടേണ്ടവനാണോ രക്ഷിപ്പാൻ പോകുന്നതു്?
(അണിയറയിൽ) ഒരാളുമില്ലേ ലക്ഷ്മണാ!

സീത:—ലക്ഷ്മണ! കേൾക്ക- ആയിഃ ചീത്തഃ- ഒരാൾ കഴി
ഞ്ഞാൽ പിന്നത്തെ ആൾക്ക കിട്ടുന്നവളായിട്ടു സ്ത്രീക
ളിൽ ശ്രീയാണുള്ളതു്. ഞാൻ ആ ഒരാളെത്തന്നെ-

ലക്ഷ്മ:—(ചെവി പൊത്തീട്ടു്) കഷ്ടം! കഷ്ടം!!

* ഗംഭീരാശയമാർകളിൽപ്രഥമയാ-
ണെന്നാലുമിന്നീവിധം
മുമ്പോക്കാതെ ചലിപ്പൊട്ടും ചപലവാ-
ക്കെന്നോട്ടചൊല്ലുന്നിതോ
വമ്പുള്ളോരുവിപത്തടുത്തുഭവതി-
ക്കെന്നോർത്തിട്ടുന്നേൻ ദൃഢം
മുമ്പുള്ളാപ്രകൃതിക്കമാററമുള്ളവാ-
മാപത്തിലെന്നുണ്ടുപോൽ. (൩൯)

രാവണ:—മൂഢ! നീയ്യെന്തറിയുന്നു? വനവാസംകൊണ്ടു ബു
ദ്ധിമുട്ടുന്ന ഇവൾക്ക സമ്പത്താണു് അടുത്തിട്ടുള്ളതു്.
(അണിയറയിൽ) അയ്യോ! ഞാൻ ഹതനായേ.

സീത:—കേൾക്ക-ലക്ഷ്മണ! ഞാൻ നിന്റെ മുമ്പിൽവെച്ചു
മരിക്കും. പിന്നെ നീയ്യിഷ്ടം സാധിക്കാതെ ഭ്രാതാവി
ന്റെ അടുക്കലേയ്ക്കു പോകയും ചെയ്യും.

ലക്ഷ്മ:—* നേരറിവാലോചിക്കുക
പാരം ദാക്ഷിണ്യമൂർജ്ജിതവുമില്ലാതേ
രീതും സ്ത്രീജന്മം വഷളം
നേരിട്ടെന്നോടിവണ്ണമോതുന്നല്ലോ. (൩൦)

സീത:—നീയ്യെന്നാൽ നല്ലവനായിരുന്നോളു.

ലക്ഷ്മ:—* മായകൊണ്ടുടൽ മറച്ചു മാററമവർപൃത്ത-
നായതിവിരോധമ-
ണ്ടായരാക്ഷസർ വസിച്ചിട്ടും ഭവനമായി-
ട്ടനാവനമാമതിൽ

ന്യായമായ ഗുരുവിന്റെ കല്പനഗണിച്ചി-
ടാതെയവിവേകമു-
ണ്ടായുഴന്നതല്ലമങ്ങേയെങ്ങിനെ തനിച്ചു
വിട്ടുപിരിയേണ്ടുഞാൻ. (നപൂ)

സീത:—സ്ത്രീകളെ രക്ഷിക്കുന്നതു സമാധിയാണ്. ബോന്ന ങ്ങളല്ല.

ലക്ഷ്മ:—ദേവകൾക്കറിയാം. ദേവകൾ സാക്ഷികൾ.

സീത:—അങ്ങിനെതന്നെ.

ലക്ഷ്മ:—(നമസ്കരിച്ചു പോയി)

സീത:—ലക്ഷ്മണന് ആര്യപുത്രനെ കണ്ടുകിട്ടിയില്ലേ?

(അണിയറയിൽ) സീതേ! നീയും എന്നെ ഉപേക്ഷിച്ചുവോ?

സീത:—അധന്യയായ ഞാൻ ആര്യപുത്രനെ ഒച്ചകേൾക്കു ന്നേടത്തു നോക്കട്ടെ. (പുറപ്പെടുന്നു)

ശൂർപ്പ:—ആര്യ! നോക്കു. നോക്കു. ഭൂമിയിലുണ്ടായ രക്തം തന്നെ പോകുന്നതുനോക്കു.

രാവണ:—ഈ സമയം വെറുതേ വിട്ടുകളഞ്ഞുകൂടാ.

ശൂർപ്പ:—ആര്യൻ പറയുന്നതു നല്ലതുതന്നെ. ഞാനും രാമ നെ തിരിച്ചുവരുംവഴിക്കു സീതാരൂപം ധരിച്ചും കൊണ്ടു ചെന്നു താമസിപ്പിക്കാം.

രാവണ:—കൊള്ളാം. ഒന്നാംതരമാലോചനയായി!

ശൂർപ്പ:—ഇതിലധികം ഞാനെന്താണു ചെയ്യേണ്ടതു്? (പോയി)

സൂത:—സ്വാമി! അടിയനെന്താണിപ്പോൾ ചെയ്യേണ്ടതു്?

രാവണ:—ഇങ്ങിനെയൊക്കെയാണ്.

സൂത:— (വിചാരം) ഇതും ഞാൻ ചെയ്യേണ്ടിവന്നു. അ ന്തഃപുരത്തിന്റെ ചേറിന്റെ വലിപ്പം കേമം തന്നെ. (പോയി)

രാവണ:—(തേരിൽനിന്നിറങ്ങീട്ട രാമരൂപമെടുത്തു സീതയുടെ മുമ്പിൽ ചെന്നിട്ട്) ദേവി! ഇവിടെ ഇവിടെ.

സീത:——യ്യൊ!! ആൎയ്യപുത്രൻ ആൎയ്യപുത്രൻ ജയിച്ചാലും.

രാവണ:—

* മായപ്പിട്ടുബലത്തിനാൽബ്ബലികളാം
  രാത്രിഞ്ചരന്മാരെക്ക്ഴെം
വായിൽപ്പെട്ടൊരു കയ്ത്തലോദരിയതാം
  നിന്നെപ്പ്രിയേ ലക്ഷ്മണൻ
ആയീവിട്ടുപിരിഞ്ഞതെങ്ങിനെയെടോ
  പൎണ്ണാലയം വിട്ടഹോ
നീയീമാർദ്ദവമുള്ള കാലടികളാൽ
  പ്പുറവന്നതെന്തിങ്ങനെ? (൩൫)

സീത:—അധന്യയായ ഞാൻ പരിഭവം പറഞ്ഞതുകൊണ്ട് കുമാരൻ എന്തു വിചാരിക്കുമോ ആവോ?

രാവണ:—നിനക്കു മായാമൃഗത്തിന്റെ ഒച്ച കേട്ടു ചതിപററി അല്ലേ?

സീത:—ആ മായാമൃഗമെവിടെയാണ്?

രാവണ:—വഴിയിൽ മറഞ്ഞു കണ്ണുതെററിപ്പോയി. ത ന്നേ വരും.

(അണിയറയിൽ) ഇതാ, ഇതാ ഞാൻ വരുന്നു.

സീത:——എ്- ആൎയ്യപുത്രന്റെ ഒച്ചപോലെയിരിക്കുന്നു വല്ലോ.

രാവണ:—മുമ്പിലും ഒച്ചയുടെ സാദൃശ്യംകൊണ്ടു നിനക്കു ചതിപററി എന്നു തോന്നുന്നു.

സീത:—-ഉവ്വ്. അതുകൊണ്ടല്ലേ ഞാൻ കുമാരനെക്കുറിച്ചു ശ്ശിച്ചത്.

രാവണ:—(സൂതനെ നോക്കുന്നു)

സൂത:—(ലക്ഷ്മണരൂപത്തോടുകൂടിസ്സംശയം കൂടാതെ, തേരുംകൊണ്ടു രാവണന്റെ അടുത്തുചെന്നിട്ട്) ആര്യൻ പ്രസാദിച്ചാലും! ആര്യൻ സപത്നീകനായി തേരിൽ കയറിയാലും.

രാവണ:—ലക്ഷ്മണ! എന്താണിത്?

സൂത:—ആര്യ! 'ഭരതനു ശത്രുഭയം വന്നിരിക്കുന്നു' എന്നു ദിവ്യചക്ഷുസ്സുകൊണ്ടു കണ്ടിട്ട് "നിങ്ങളും അങ്ങോട്ടു ചെല്ലേണം" എന്നു കല്പിച്ചു തപഃശക്തികൊണ്ടു തേരുമുണ്ടാക്കി നമുക്കു തന്നിട്ടു മഹർഷിമാർ വനത്തിന്റെ ഇടയിൽ മറഞ്ഞു. ആര്യൻ സപത്നീകനായിത്തേരിൽ കേറിയാലും.

സീത:—ഇങ്ങിനെ വരാം-മുമ്പിലും ഇവന്റെ കയ്യിൽ 'ആശ്ചര്യചൂഡാമണിയും അത്ഭുതാംഗുലീയവും' ഉണ്ടാക്കിക്കൊടുത്തുവല്ലോ.

രാവണ:—നിന്റെ അഭിപ്രായമെന്താണ്?

സീത:—എനിക്കും ഭരതന്റെ ആപത്തു തീർക്കുന്നതും ഗുരുജനത്തെ വന്ദിക്കുന്നതും ഇഷ്ടമാണല്ലോ.

രാവണ:—ലക്ഷ്മണ! മുമ്പിൽ ദേവിയെ തേരിൽ കേററു.

സൂത:—ആര്യന്റെ കല്പനപോലെ.

സീത:—(തേരിൽ കേറീട്ട്) ഭാഗ്യംകൊണ്ടു നമുക്കു രാക്ഷസവഞ്ചനയിൽനിന്നു വിട്ടുപോകാൻ സംഗതിവന്നു.

രാവണ:—(കേറീട്ട്) ദേവിക്കു സന്തോഷമായിരിക്കുന്നു. ലക്ഷ്മണ! വേഗം കുതിരകളെത്തെളിക്കൂ-

സൂത:—ആര്യന്റെ കല്പനപോലെ.

രാവണ:—(വിചാരം)

* എന്നോടഥാരിച്ചുബത രാമനിതെന്നശങ്ക-
യെന്ന്യ വിളങ്ങുമിവളെത്തൊട്ടുവാനുമേമേ
ഒന്നരണ്ടുക്രൂസലിതുമാതിരിയാളികണ്ടു
തന്വംഗിമാർകളുടെ സംഗമഘോഷത്തെരുക്കം. (൩൩)

(അനന്തരം സീതാരൂപം ധരിച്ച ശൂർപ്പണഖയോടു കൂടി രാമൻ പ്രവേശിക്കുന്നു)

രാമ:—ദേവി! ആ വികൃതിയായ രാക്ഷസൻ എന്റെ അമ്പു കൊണ്ടപ്പോൾതന്നെ) എന്റെ രൂപവുമെടുത്തുംകൊണ്ടു വീണു. അവനെ വിട്ടു നിന്റെ വർത്തമാനം അറിവാൻ വേണ്ടി ഞാൻ വേഗത്തിലിങ്ങോട്ടു പോരികയും ചെയ്തു.

ശൂർപ്പ:—ഞാൻ ദേവിയായതു് ഇവിടെയ്ക്കൊരു ഉപദ്രവമായിത്തീർന്നുവല്ലോ.

രാമ:—ദേവി! എനിക്കുവേണ്ടി നീ രൂപം മാറിയല്ലോ.

ശൂർപ്പ:—അതു ശരിയാണു്.

സീത:—വളരെക്കാലം നമ്മുടെ പ്രിയസഖിയായ വനലക്ഷ്മിയെ വിട്ടുപിരിഞ്ഞു പോകേണ്ടിവന്നുവല്ലോ.

രാവണ:—ദേവി! അതു് വിചാരിപ്പാനില്ല. നന്ദനത്തിലും വിശേഷപ്പെട്ട നഗരോദ്യാനലക്ഷ്മിയെത്തന്നെയാണല്ലോ നീ കാണ്മാൻ പോകുന്നതു്.

സീത:—(കീഴ്പോട്ടു നോക്കീട്ടു്) എ്-ആര്യപുത്രൻ.

രാമ:—ആകാശത്തു സീതയുടെ ഒച്ചപോലെ- [എന്നു മേല്പോട്ടു നോക്കുന്നു].

ശൂർപ്പ:—ആര്യപുത്ര! നോക്കു നോക്കു-ഇവിടുത്തെ ആകൃതിയേയും എന്റെ ആകൃതിയിലൊരു പെണ്ണിനേയും കണ്ണാടിയിലെന്നപോലെ ഇതാ എനിക്കു കാണ്മാനുണ്ടു്.

രാമ:—സത്യമായിട്ടും സീത മറെറാരു പുരുഷൻെറ അധീനത്തിൽ നിൽക്കില്ല. മായാസീത മായാരാമൻെറ അടുക്കൽ നിൽക്കുകയായിരിക്കും നിശ്ചയം- അതു തൊന്നല്ലല്ലോ. അതുപോലെ സീതയുമാവില്ല.

സീത:—അധന്യയായ എനിക്കു പരമാത്ഥത്തിലുള്ള ആത്മപുത്രൻ ഏതെന്നറിഞ്ഞുകൂട.

രാവണ:—അല്ലേ! മുഗ്ദ്ധേ! മഹർഷിമാരെ വഞ്ചിപ്പാൻ വേണ്ടി എൻെറ രൂപത്തോടുകൂടി രാക്ഷസന്മാർ നടക്കുന്നുണ്ട്.

സീത:—ഇതു ശരിയാണ്. ആത്മപുത്രൻ മറെറാരു പെണ്ണിനോടുകൂടിച്ചേരുമോ? അതു തൊന്നല്ലല്ലോ. അതുപോലെ ആത്മപുത്രനുമാവില്ല.

രാവണ:—ലക്ഷ്മണ! ദേവിയ്ക്കു സന്തോഷമായിരിക്കുന്നു. വേഗം കുതിരകളെത്തെളിയ്ക്കൂ—

സൂത:—ആൎയ്യൻെറ കല്പനപോലെ. (സീതയെക്കൊണ്ടു രാവണനും സൂതനും പോയി)

ശ്രുപ്പ്:—(വിചാരം) ഇനിക്കെന്താണിനിപ്പോവാനുപായം? (വിഷാദം നടിയ്ക്കുന്നു)

രാമ:—ദേവി!

* നൽച്ചെമ്പാത്തിനിറമുള്ളൊരു ചുണ്ടുനെടുവീ-
ൎപ്പിട്ടുവാട്ടുവതിതെ-
ന്തുച്ചസ്തനങ്ങളിലലിപ്പിപ്പതെന്തുബത
കണ്ണീരിവണ്ണമനിശം
ഇച്ചാരുമെയ്തളരുവോരീവിലാപമതുമീ-
ധ്യാനവും നിലയുമെ-
ന്താരംച്ചേൎന്നൊരെൎയ്യുമതുപോയെന്നതോ പറക തൊ-
നങ്ങുപോയവഴിയേ. (നർ)

ശൂപ്പ്:— ആൎയ്യപുത്രാ! ഇവിടുത്തെ വ്യസനത്തിനൊക്കെ ഞാൻ കാരണമായിത്തീൎന്നുവല്ലോ എന്നാണു്.

രാമ:— ഹൈ! അങ്ങിനെയല്ല. ആ മായാമൃഗം ആരെയാണു വശീകരിക്കാത്തതു്? എന്താണാവോ? ഇതുവരെ ലക്ഷ്മണൻ തിരിച്ചുവന്നില്ലല്ലൊ.

ശൂപ്പ്:— ഞാനും അതുതന്നെയാണു് വിചാരിക്കുന്നതു്.

രാമ:— അവന്നു് വേഷം മാറിയതിൽ കുമാരനും ചതിപററി എന്നു തോന്നുന്നു. ദേവി! എന്റെ പിന്നാലെ പോരുവാൻ നിനക്കു ശക്തിയുണ്ടോ? ഞാനൊന്നു ലക്ഷ്മണനെ അന്വേഷിക്കട്ടെ—

ശൂർപ്പ്:— എങ്ങിനെയെങ്കിലും ഞാൻ പിന്നാലെ വരാം. രാക്ഷസമായയിൽ നിന്നെനിക്കു പേടിയാവുന്നുണ്ടു്.

രാമ:— ദേവി! ഇതിലെ ഇതിലെ- (രണ്ടാളും ചുററി നടക്കുന്നു) [അണിയറയിൽ]

* കൈകേയിവാഞ്ഛസഫലംതവ കാമമെല്ലാം
ഹേ! കോസലേന്ദ്രതനയേ ഗതിയില്ലിനിത്തേ
ഹാ! കഷ്ടമാശരശരം ഹൃദയത്തിലേററു
മാഴ്കുന്നു നിന്റെ മകനാകിയ രാമചന്ദ്രൻ. (ന.ഒ)

രാമ:— ഓ! അങ്ങിനെതന്നെ വന്നുകൂടി. (പിന്നെയും അണിയറയിൽ)

* സത്യത്തെമാത്രമരുളുന്നവളേ സധൎമ്മ-
കൃത്യത്തിൽനില്ക്കുമൊരുദേവിമഹീതനൂജേ
അത്യന്തകഷ്ടമിതഘോരവിധൗ ജനത്തി-
ന്മദ്ധ്യത്തിലങ്ങയിനിയെങ്ങിനെയെണ്ണിടേണ്ടു. (നന്ദ)

രാമ:— ഇവൻ ജീവത്യാഗം ചെയ്യുന്നതിന്നുമുമ്പിൽ അടുത്തു ചെല്ലുകതന്നെ.

(അനന്തരം അമ്പു വലിച്ചെടുക്കുന്ന ലക്ഷ്മണനും രാമരൂപനായ മാരീചനും പ്രവേശിക്കുന്നു)

ലക്ഷ്മ:—ആര്യ! ഗുരുകാര്യസന്നദ്ധനായ ഇവിടുത്തെ അധീനത്തിലുള്ള എന്റെ ജീവൻ ഇവിടുന്നുകൂടെക്കൊണ്ടു പോകുന്നുവല്ലോ.

രാമ:—(അടുത്തുചെന്നിട്ട്) ലക്ഷ്മണ!

* അരിമായാദുഃഖംകള-
കരികിൽ കാണ്കെന്നുജനാര്യനാമെന്നേ

ലക്ഷ്മ:—(കോപത്തോടുകൂടി) എടാ രാക്ഷസ!

അരിയോരഗ്രജനെക്കൊ-
ന്നരിശമൊടെന്നോടുമടുത്തിടുന്നോ നീ. (൩൬)

നിൽക്ക നിൽക്ക; എവിടെപ്പോകുന്നു- [ഉറയിൽനിന്നു വാളൂരുന്നു]

രാമ:—(പുഞ്ചിരിയോടുകൂടി) നോക്കൂ- [എന്തു് മോതിരം കാണിക്കുന്നു.]

ലക്ഷ്മ:—(ലജ്ജയോടുകൂടി) ഇതു രാക്ഷസരറിയില്ല- (തല താഴ്ത്തി നിൽക്കുന്നു.

രാമ:—ലക്ഷ്മണ! നോക്കൂ നോക്കൂ-മോതിരത്തിന്റെ ഫലം നോക്കൂ- (മാരീചനെ കാൽകൊണ്ടെടുത്തെറിയുന്നു)

മാരീ:—(സ്വന്തം രൂപംതന്നെയെടുക്കുന്നു)

ലക്ഷ്മ:—ആര്യ! ഞാൻ കാണുന്നുണ്ടു്, കാണുന്നുണ്ടു്.

* പുത്തൻചെന്താമരപ്പൂവതിനെതൃചരണം-
കൊണ്ടെടുത്താര്യനാരാൽ
നൽത്താഞ്ചത്തോടെറിഞ്ഞോരളവിവനടനേ-
സ്വന്തമാം രൂപമായി

അത്യുച്ചംപോയനേകം ജലധരനിരയോ-
ടൊത്തുകീഴ്പോട്ടുപോന്നി-
ട്ടെത്തിശ്ശൈലസ്ഥലംതാനിടിപൊടിതവിടാ-
മ്മട്ടുവീഴുന്നുവല്ലോ. (സ്ര-വ്യ)

ശൂർപ്പ:—[വ്യസനത്തോടുകൂടി വിചാരം] അയ്യോ!! മനുഷ്യർ ബലവാന്മാർ തന്നെ-കഷ്ടം! ഗുരുവായ മാരീചനെക്കൊന്നുവല്ലോ.

ലക്ഷ്മ:—മോതിരം രാക്ഷസരുടെ മായ വെളിപ്പെടുത്തുമെന്നുള്ളതിനു് ഈ കണ്ടതുതന്നെ നമുക്കൊരു ദൃഷ്ടാന്തമായി.

ശൂർപ്പ:—[വിചാരം] എനിക്കെന്താണിനിപ്പോവാനുപായം? (കരയുന്നു)

രാമ:—ദേവി! എന്താണിപ്പോഴും വ്യസനം തീരാത്തതു്? [എന്നു കണ്ണുനീർ തുടയ്ക്കുന്നു]

ശൂർപ്പ:—(സ്വന്തം രൂപമെടുത്തിട്ടു്) അയ്യോ! ഞാൻ പരവശയായിത്തീർന്നുവല്ലോ

രാമ:—ലക്ഷ്മണ! എന്താണിതു്?

ലക്ഷ്മ:—ഇതാ ഇതാ ഇവളുടെ—

* പുത്തൻനീലോല്പലത്തിന്നഴകകലെവെടി-
ഞ്ഞിട്ടു ചക്രം കണക്കായ്
വൃത്തത്തിൽക്കണ്ടിടുന്നാമിഴിമിണയുമുടലും
മൂക്കറുത്തോരുമൂലം
അത്യന്തം ചോടുകൂടിത്തെളിയുമതിസിത-
സ്പഷ്ടദംഷ്ട്രാപ്രകാശാൽ
പ്രത്യക്ഷത്തിൽബ്ബിസംപൊങ്ങിയമഥിതസരി-
ത്തെന്നപോലുണ്ടുകാണ്മാൻ. (സ്ര-ൻ)

അ്ഫ്‌ാ! നീയ്യാണീവ്യസനമുണ്ടാക്കിത്തീത്തതു്? (ഉറയിൽ നിന്നു് വാളൂരുന്നു)

ശൂർപ്പ:—(ഭയത്തോടുകൂടി) ആര്യ്യ! ശരണം-ശരണം-(രാമൻെറ കാൽക്കൽ വീഴുന്നു)

രാമ: —ശൂർപ്പണഖേ! പരമാത്ഥമൊക്കെപ്പറയൂ. നിനക്കു് അഭയം തന്നിരിക്കുന്നു.

ശൂർപ്പ:—(ആകാരം മറച്ചിട്ടു്) ഇങ്ങനെയൊക്കെയൊണു്.

രാമ:—ശൂർപ്പണഖേ! നിനക്കീയുപകാരം ചെയ്യുതിന്നു പകരം നിൻെറ സോദരൻെറ അടുക്കൽ എൻെറ സന്ദേശം കൊണ്ടുകൊടുക്കണം.

ശൂർപ്പ:—സദയനായ സ്വാമി കല്പിച്ചാലും.

രാമ:—കേൾക്കു—

* ഇത്ഥം മായാമൃഗംമേജനകജയിവരെ
കൈതവാൽ കാട്ടിയേററം
വ്യത്ഥം മേ വേഷവുംപൂണ്ടുതിനൊരുതുണയാം
സ്വത്മസൌമിത്രിയോടും
സത്യം വൈദേഹിയേയല്ലതിജഗതിയാ-
മങ്ങവഞ്ചിച്ചതെന്നാൽ
നിത്യം വൈധവ്യമേന്തും നിജദയിതകളെ-
ത്തന്നെതീരെച്ചതിച്ചു. (൪൦)

ലക്ഷ്മ:—ഇതുകൂടി എൻെറ വാക്കായിട്ടു പറയണം.

* ഇരക്കുവതുനല്ലതല്ലരിയബന്ധുവോടാകിലും
തിരക്കുമരിയോടിനിപ്പറവതെന്തതും ചെയ്യുവൻ
അരക്കർവരപോരിലാസ്വജനമൊത്തുനീ ദർശനം
മറയ്ക്കുമനിയാമിനിക്കൊരുമുഹൂത്തമേകേണമേ. (൪൧)

ശൂർപ്പ:—എൻെറ സ്വാമിക്കു യുദ്ധം ഉത്സവമാണു്.

ലക്ഷ്മ:—ഛീഃ പോ- പോ-

ശൂൎപ്പ്:—ഞാനിതാ ആകാശത്തേയ്ക്കു പൊങ്ങുന്നു. (പോയി)

രാമ:—ലക്ഷ്മണ! നമുക്കു ചതി പിണഞ്ഞു.

* പൊന്നുമാനെന്നിവിടെമന്നിലെങ്ങിതുകൾചിന്തി-
യാതെശിതബുദ്ധിയാ-
ണെന്നിരിക്കിലുമുഴന്നുരാമനൊരു പെണ്ണു-
ചൊന്ന മൊഴികേൾക്കയാൽ
എന്നുഞാനറിവെഴുന്നവൎക്കുപരിഹാസ്യ-
നായിതുകഴിഞ്ഞതോ-
ൎക്കുന്നതെന്തുമതിതെററിടായ്കിലൊരനൎത്ഥ-
മാൎക്കുമുളവാകുമോ. [൪൨]

ലക്ഷ്മ:—ആൎയ്യ! ഇപ്പോൾതന്നെ താമസംകൂടാതെ പ്രയത്നം ചെയ്യേണ്ടതാണ്.

രാമ:—അങ്ങിനെതന്നെ-മുമ്പിൽ നടക്കൂ-

ലക്ഷ്മ:—ആൎയ്യന്റെ കല്പനപോലെ-ഇതിലെ-ഇതിലെ.

[എല്ലാവരും പോയി]

മായാസീതാങ്കം എന്ന മൂന്നാമങ്കം കഴിഞ്ഞു.

——— o ———

## നാലാമങ്കം.

[അനന്തരം തേരിൽക്കേറി സീതയോടും സൂതനോടും കൂടി രാവണൻ പ്രവേശിക്കുന്നു]

രാവണ:—ലക്ഷ്മണ! വേഗം കുതിരകളെത്തെളിക്കൂ.

* പാരിൻഭാരംഭരിക്കുന്നൊരു ഭരതനൊഴി-
ക്കട്ടെയങ്ങമ്മമാരും
പാരംപേറുംപ്രമോദത്തൊടുമിനിയുടനീ-
ന്നമ്മളെക്കണ്ടിടട്ടേ

ഘൈപരം സപന്തംപുരംപുക്കനിശമധികമാ-
യാശരന്മാരിരിക്കും
ഘോരം വൻകാട്ടവാണുള്ള ഴലഴകെഴമീ-
പ്പാവവും കൈവിടട്ടേ. (൧)

സീത:—യെ. അങ്ങിനെയല്ല; തപോവനത്തിൽത്തന്നെ യാണെന്റെ ബുദ്ധി രമിക്കുന്നതു്.

സൂത:—(വിചാരം) ഇവളുടെ മനസ്സ് ശാന്തവും ഉദാരവുമാണു്. ഇവരെ വഞ്ചിപ്പാൻ തക്കവെളല്ല.

സീത:—(വിചാരം) എന്താണിതു്? പ്രിയമാണു് കേൾക്കുന്നതു്. മനസ്സെല്ലാം ചുടുന്നതാനും.

രാവണ:—(കാമബാധ നടിച്ചിട്ടു് വിചാരം) എന്തൊരു കർമ്മംകൊണ്ടാണു് ഈ മനുഷ്യനാരിയെക്കുറിച്ചുള്ള കാമന്റെ കയററം നിൎത്തേണ്ടതു്?

സൂത:—(വിചാരം) അമ്പോ! കാമൻ മര്യാദകെട്ടവൻ തന്നെ. അതുകൊണ്ടാണല്ലോ—

* നല്ലസാധുമുനിപത്നിയേയുമിളകീട്ടു
കാണ്മതുമിടെയ്ക്കിട-
യ്ക്കുല്ലസൽപ്പുളകമുള്ള കയ്യിണകടന്നു
നീട്ടുവതുമീമഹാൻ
പല്ലവാധരനിറംകുറച്ചു നെടുവീർപ്പി-
ട്ടുന്നതുമനാരതം
വല്ലതുംവലിയകൈതവത്തൊടിഹചെൽവ-
തും ചിലതുരച്ചോൽവതും. (൨)

രാവണ:—(വിചാരം) ആട്ടെ. തൊട്ടിട്ടുള്ള സുഖം അനുഭവിക്കുക തന്നെ.

സീത:—(വിചാരം) ആൎയ്യപുത്രൻ ആകാരംകൊണ്ടു മറ്റൊരുവനെപ്പോലെ ഇരിക്കുന്നുവല്ലൊ.

രാവണ:—(വിചാരം) അമ്പോ! വലിയ അസംബന്ധം തന്നെയാണിതു്.

* എന്നും വൻമദവാരിവാൎന്നുകല-
　　ൎന്നംകൊണ്ടുകന്മാഷമായ്-
ച്ചിന്നുംചഞ്ചലകൺചാമരമെഴും-
　　ശക്രേഭവക്ത്രത്തിലും
ചെന്നേൽക്കാതൊഴിയാത്തവിക്രമമെഴ-
　　ന്നെൻകയ്യിനീത്താപസ-
കന്നെൽക്കണ്ണിയെയൊന്നുചെന്നുതൊട്ടവാൻ
　　വയ്യെന്തിതത്യത്ഭുതം. (൩)

സീത:—(വിചാരം) എന്താണിതു്? എനിക്കു രാക്ഷസിയെ കാണുമ്പോളത്തേക്കാളും ആയിരമിരട്ടി സന്താപമുണ്ടാകുന്നുവല്ലൊ.

രാവണ:—(വിചാരം) ആട്ടെ- ഇങ്ങനെ ചെയ്യുകതന്നെ- (സ്പഷ്ടം) അല്ലേ ദേവി—

* പാരം ദേവിതപോവനത്തിൽ നിയമ-
　　സ്സ്നാനങ്ങളിൽച്ചിക്കിടാ-
തേറെക്കെട്ടുപിണഞ്ഞു ചെഞ്ചിടപിടി-
　　ച്ചുമ്മട്ടിലായിപ്രിയേ!
ഓരോ കാട്ടുലതാപ്രസൂനമല്ലതാൻ
　　ചൂടുന്നതായിന്നുതേ
തേരോടിക്കുകയാലഴിഞ്ഞു ചിതറും
　　വാർകൂന്തൽ ബന്ധിക്കുവൻ. (൪)

സീത:—എ്-കുമാരനടുക്കലുണ്ടല്ലൊ-(കൈകൊണ്ടു രാവണന്റെ കൈ തട്ടുന്നു)

രാവണ:—(സ്വന്തം രൂപമെടുത്തു)

സീത:—അയ്യോ! ആര്യപുത്രനല്ലല്ലോ. (ഭയം നടിക്കുന്നു)

രാവണ:—ദേവി! പേടിക്കേണ്ട— പേടിക്കേണ്ട—രാമനല്ലേ ഞാൻ?

സീത:—നീ നശിച്ചുപോകും.

രാവണ:—ലക്ഷ്മണ! ഇതെന്താണ്?

സൂത:—സ്വാമി! വാക്കു മാത്രം കൊണ്ടെന്താവുന്നു?

* കട്ടിത്തിങ്കളൊളിച്ചിട്ടും കുടിലദം-
ഷ്ട്രാഗ്രോഗ്രമായ്‌വന്നല-
ത്തട്ടൊക്കുംതടിയായ്‌മിന്നുന്നതൊരുപുതു-
ക്കാറിൻകരുപ്പോടുടൻ
സ്പഷ്ടം പത്തുപുറത്തു പത്തുമുഖവും
കയ്യോടാണിതാഭീമമാ-
യിട്ടും കാന്തവുമായ്സ്വയം സഹജമാം
ദേഹം വെളിപ്പെട്ടതേ. [൭]

രാവണ:—(തന്നെത്താൻ നോക്കീട്ട്) എന്—എങ്ങിനെയാണ് ഞാനിങ്ങിനെയായത്? ദേവി! പേടിക്കേണ്ട; പേടിക്കേണ്ട.

* പേടിക്കേണ്ടവനല്ലിവൻ സുതനുനീ-
മാഴ്കേണ്ടനിൻപാലനം
പാടേസാമരദൈത്യമാംത്രിഭുവനേ
ചെറേറാരുവാനാരുവാൻ
ക്രുദ്ധം കോപമൊടൊത്തുദിക്കരികുലം
ദന്താഗ്രവജ്രങ്ങളാൽ—
ച്ചാടിക്കുത്തിയമാറിടം തടവുമീ- (൮)
ഞാനൊത്തുത്തീടവേ.

സൂത:—ഇനിയിനിക്കെന്തിനാണിത്? സ്വരൂപംതന്നെ യെടുക്കട്ടെ. (അങ്ങിനെ ചെയ്യുന്നു)

സീത:—അയ്യോ! ഇവനും കുമാരനല്ലല്ലൊ. (ഉറക്കെ വിലപിക്കുന്നു) അയ്യോ! ആര്യപുത്രാ!! അയ്യോ! കുമാര ലക്ഷ്മണാ!! രക്ഷിക്കണേ! രക്ഷിക്കണേ!! രാക്ഷസന്റെ കയ്യിൽനിന്നെന്നെ രക്ഷിക്കണേ.!!!

(അണിയറയിൽ) ഇതാ! ഇതാ!! ഞാൻ വരുന്നുണ്ട്.

സൂത:—സ്വാമി, നോക്കു! നോക്കു!!

* തോട്ടിയ്യോക്കുന്ന കൊക്കും നവകനകമണി-
ത്തൂണതൃശ്രീകഴുത്തും
പാട്ടിൽപ്പൊട്ടിച്ച പൗഴപ്പൊളിയൊളിമിഴിയും
ചേന്നിതെത്തുന്നഗൃർദ്ധ്രം
ക്രൂരറത്തങ്ങുടിട്ടന്നോരിവനുടെ വഴിയിൽ
തമ്മിൽവൃക്ഷങ്ങളാടീ-
ട്ടേററംകൊമ്പിട്ടടിയ്ക്കുന്നിതു മലർവിതറി-
പ്പക്ഷവാതങ്ങളാലേ. [൬]

സീത:—ഇനിക്കെന്താണു ഗതി? ആരാണു ശരണം?
(അണിയറയിൽ)

* ശരണമിഹജടായുസ്സുണ്ടുഞാൻരാമതാത-
ന്നൊരുസഖി,നിശിചാരിൻനിന്റെ തേർനിന്നിടട്ടേ
അറിവുകുറയുവോർതൻകുററമീ നാംക്ഷമിക്കാം
വിരവിൽവിടുകവീരൻവേട്ടമാരങ്ങളേ നീ. [൭]

രാവണ:—(ചിരിച്ചിട്ട്) എന്റെ അപരാധം ഈ പക്ഷി ക്ഷമിക്കുന്നുണ്ടത്രെ. സൂത, തേർവീഥിയിൽ നിന്നിവനെ ചമ്മട്ടികൊണ്ട് തല്ലിപ്പുറപ്പിച്ചു കളയൂ. ഈ കഴു പരമാർത്ഥമായിട്ടെന്നെ അറിയില്ല.

(അണിയറയിൽ) അറിയും. അറിയും.

* വെള്ളിക്കുന്നിന്മേൽമാനംകൊട്ടുമുടിപൊടിയാ
യ്പോയൊരാളജ്ജനൻതാൻ
തള്ളിക്കാരാഗൃഹത്തിൽബ്ബഹുദിവസമട-
ച്ചിട്ടവൻ ബാലിപിന്നെ
വള്ളിക്കൊക്കുന്നവാലാൽക്കരനിരമുറുകെ-
ക്കെട്ടിയോൻനീത്രിലോകി-
യ്ക്കുള്ളോരാക്കാളരാത്രിപ്രതിമനറിയുമേ
നിന്നെഞാനാശരേശ. [൯]

രാവണ:—ഹാ! ഹാ! ഹാ! ഈ കഴ വലിയ വായാടിതന്നെ.

* നിൽക്കൊട്ടുനിമമമിട്ടുകൊട്ടുസീതയിനി
നോക്കട്ടെയദ്രിചിറക-
ളൽകൃഷ്ടവജ്രമതിലൂക്കീട്ടവാസവനി-
റക്കീട്ടുവീഴ്ത്തിയവിധം
ഇക്കണ്ടപക്ഷിയുടെ യുക്കാണ്ടപക്ഷമതു
ചൊൽകൊണ്ടഖഡ്ഗമിഹഞാൻ
കയ്യ്ക്കൊണ്ടറുത്തുജവമുൾക്കൊണ്ടുപോക്കളെ-
മതിൽക്കൊണ്ടുവീഴ്ത്തുവന്നിതാ. [൧൦]

ജടായു:—(പ്രവേശിച്ചിട്ട്) ആട്ടെ. നമുക്കു കാണാമല്ലോ.

* രാത്രിത്തീച്ചിന്നിയുള്ളഞ്ജനഗിരിശിഖരം
പോലെകേശങ്ങളും ചെമ്പി-
ച്ചാർത്തീക്കല്പാന്തമേഘപ്രഭതടവിയനി-
ന്നാസ്യമാത്താതികോപം
കൊത്തിക്കൊക്കൊത്തട്ടത്തിട്ടരുണനിണമൊലി-
പ്പിച്ചുടൻക്ഷത്രിയസ്ത്രീ
പ്രത്യക്ഷം പത്തുമൊപ്പം ദശമുഖദശദിക്-
ഭുവിലുംതൂവിട്ടുന്നോൻ. [൧൧]

ഛേദം! നില്ക്ക. (രണ്ടുപേരും യുദ്ധം ചെയ്യുന്നു)

സൂത:—ഇവനോടിവരുന്നു.

രാവണ:—ഇതാ ഞാൻ പ്രഹരിക്കുന്നു.

സീത:—അയ്യോ! (കണ്ണടയ്ക്കുന്നു.)

സൂത:—ഈ കഴുകിനെ പ്രഹരിച്ചുകഴിഞ്ഞു. ഈയയിവൻ-

* രുധിരംശരീരമതിലൊക്കെയും കല-
ന്നധികം തളൎന്നിഹകഴുത്തുതാഴ്ത്തിയും
ഖതപക്ഷിസാന്ധ്യഘനശോണകാന്തിയാ-
യിത വീണിടുന്നു ഗഗനത്തിൽനിന്നിതാ. (൧൨)

സീത:—ഈയശ്വരന്മാർ നിഷ്ഠുരന്മാർ തന്നെ. ഭാഗ്യഹീനയായ എനിക്കുവേണ്ടി ഈ പക്ഷിശ്രേഷ്ഠൻ ശോചനീയനായിത്തീൎന്നുവല്ലോ.

രാവണ:—സൂത, വേഗം കുതിരകളെത്തെളിക്ക.

സൂത:—സ്വാമിയുടെ കല്പനപോലെ [വിചാരം] ഇദ്ദേഹം

* നേരായിട്ടനുകൂലമത്ഥകരമെ-
ന്നല്ലാവിരോധോദയം
ചേരാതുള്ളതുമേലിലോഗ്ഗുണകരം
സത്താഗമത്തിങ്കലും
സൈ്വരംകേൾക്കുകിൽ നല്ലൊരെന്മൊഴിചെവി-
ക്കൊള്ളുന്നതില്ലിതുമേ
സാരംപാൎക്കിൽ മനോജനെങ്ങനസുഗ്ഗുണം
കയ്ക്കൊൾവതെങ്ങാണഹോ. (൧൩)

(എല്ലാവരും പോയി)

ജടായുവധം എന്ന നാലാമങ്കം കഴിഞ്ഞു.

( )

# അഞ്ചാമങ്കം

(അനന്തരം മണ്ഡോദരിയും ചേടിയും പ്രവേശിക്കുന്നു)

മണ്ഡോ:—ഇനി വിധി എങ്ങിനെയാണാവോ വന്നുകൂടുവാൻ ഭാവിക്കുന്നതു്?

ചേടി:—തമ്പുരാട്ടിയുടെ വാക്കു് ഒരു അനുതാപം വെളിപ്പെടുത്തുന്നതുപോലെയിരിക്കുന്നുവല്ലോ.

മണ്ഡോ:—എടീ, നീ മുമ്പിൽ അശോകവനികയിൽപ്പോയിട്ടുണ്ടല്ലോ. ഇല്ലേ?

ചേടി:—അവിടെയല്ലേ തമ്പുരാൻ പിടിച്ചുകൊണ്ടിട്ടിട്ടുള്ള താപസപത്നി പാർക്കുന്നതു്? അവിടെപ്പോയിട്ടെന്താണു് വേണ്ടതു്?

മണ്ഡോ:—അവൾ കാരണമായിട്ടു നമുക്കു നാശമാണെന്നാണിനിക്കു തോന്നുന്നതു്.

ചേടി:—ഒരിക്കലെങ്കിലും നാരിയിൽ രാജാക്കന്മാർക്കു വിശ്വാസമുണ്ടായിട്ടുണ്ടോ? വന്നതുപോലെ തന്നെ പൊയ്ക്കൊള്ളും. തമ്പുരാട്ടിതന്നെ ലങ്കേശ്വരി.

മണ്ഡോ:—എടീ ഭ്രാന്തത്തി, ഇത്ര പരിചയമായിട്ടും നീ എന്റെ അഭിപ്രായമറിയുന്നില്ലല്ലോ. ഞാനിപ്പോൾ ഒരു ചീത്ത സ്വപ്നം കണ്ടു.

ചേടി:—ദോഷമൊക്കെത്തീരട്ടെ. തമ്പുരാട്ടി അരുളിച്ചെയ്യാലും!

മണ്ഡോ:—എടീ, കേട്ടോ!

ചേടി:—അടിയത്തിനു് അനുഗ്രഹമായി.

മണ്ഡോ:—എല്ലാ ദിക്കിലും പരന്നു പതറിക്കളിക്കുന്ന തിരമാലകളോടുകൂടിയും, മരതകമാമലനിര നിരത്തിയതുപോലെ നീലനിറമായും, കിടന്നുമറിയുന്ന തിമി

കരം, തിമിംഗലങ്ങരം, മാതംഗങ്ങരം, മകരങ്ങരം ഇവകളോടുകൂടിയതായുള്ള സമുദ്രം അവിടന്നും ഇവിടന്നും വന്നുകൂടിയ പല ജാതി പുല്ലുകളുടെ കൂട്ടം വെള്ളം കുടിച്ചുവററിച്ചതുകൊണ്ടു് മുഹൂൎത്തം കൊണ്ടു ശൂന്യമായിത്തീൎന്നു.

ചേടി:—കഷ്ടം, കഷ്ടം, പിന്നെ പിന്നെ-

മണ്ഡോ:—പൊടിപററിയ പരുഷമായ തലമുടിയോടുകൂടിയും, പല്ലു കൊഴിഞ്ഞു ചുല്ലാതെ തുറന്ന മുഖത്തോടുകൂടിയും, തീക്കനൽപോലെയുള്ള കണ്ണുകളോടുകൂടിയും, മണ്ണാത്രത്തിന്റെ നിറമായും, കാതില്ലാതേയും ഉള്ള ഒരു പെണ്ണു് വന്നിട്ടെന്നെ മുറുക്കിക്കെട്ടിപ്പിടിച്ചു.-

ചേടി:—അയ്യോ!! പിന്നെ- പിന്നെ-

മണ്ഡോ:—ആ സീതയും വെളുത്ത പട്ടുടുത്തു് ചന്ദനം പൂശിയ മുലകളോടുകൂടി, തലമുടി ഭംഗിയിൽ കെട്ടിവെച്ചു് മല്ലപ്പൂചൂടി അവളുടെ ഭൎത്താവു് നീട്ടിക്കൊടുത്തിട്ടുള്ള കയ്യുപിടിച്ചു പുഷ്പകവിമാനത്തിൽ കേറുന്നതു ഞാൻ കണ്ടു. പിന്നെ ഞാൻ പതിവായുണരുന്ന നേരത്തിനു മുമ്പിൽത്തന്നെ ഉണൎന്നു.

ചേടി:— തമ്പുരാട്ടി! ഇതു വിചാരിച്ചു വ്യസനിപ്പാനില്ല. സ്വപ്നങ്ങരംക്കു വൈദ്യക്കാർ വളരെ കാരണങ്ങരം പറയുന്നുണ്ടു്. അല്ലെങ്കിൽ ത്രൈലോക്യത്തിനും ഭയമൂലങ്ങളായ നമ്മരംക്കെവിടുന്നു ഭയമുണ്ടാവുന്നു?

(അണിയറയിൽ)

* ഗന്ധംചേൎന്നിതളുള്ള പൂനിരചൊരി-
ഞ്ഞീടട്ടെകാറെപ്പൊഴും
ചിന്നുംസ്വച്ഛനദീവീചിശീതളമലം
വീശട്ടെ മന്ദാനിലൻ

ചന്തംചേർത്തൊരയത്തെയാദ്രുതുവുമൊ-
ത്തുദ്യാനശോഭയ്ക്കിനി
സ്വാന്തംരശ്മിസുഖംവിരിച്ചുശശിയും
ചുററട്ടെ ദിക്കൊക്കെയും. (൧)

മണ്ഡോ:--ഏഴ് ഇതൊരുപരസ്യംപോലെന്തിരിക്കുന്നവല്ലോ.

ചേടി:—അങ്ങിനെതന്നെയാണ തമ്പുരാട്ടി!

മണ്ഡോ:—എടീ! നീ പോയിട്ടിതിന്റെ കാരണം അറിഞ്ഞു വാ.

ചേടി:—തമ്പുരാട്ടിയുടെ കല്പനപോലെ. (പോയി)

മണ്ഡോ:—ഇവിടെ എന്താണ് ആലോചിയ്ക്കേണ്ടത്? ആ മനുഷ്യപ്പെണ്ണിന്റെ മനസ്സിളക്കുവാൻ വേണ്ടി മഹാരാജാവിന്റെ ഉത്സാഹമാണിത്.

ചേടി:—(പ്രവേശിച്ചിട്ട്) തമ്പുരാട്ടി ജയിച്ചാലും- ഇങ്ങിനെയാണ്.

മണ്ഡോ:—നിന്നെ ബുദ്ധിമുട്ടിക്കമാത്രം ചെയ്തു. ആട്ടേ, മഹാരാജാവിപ്പോൾ എന്തു ചെയ്യുന്നു?

ചേടി:—അവളെക്കാണ്മാൻ വേണ്ടി തമ്പുരാൻ സന്ധ്യയിലുള്ള മോടികൂട്ടുകയാണ്.

മണ്ഡോ:—എടീ! കൂടെ വാ. മഹാരാജാവു് അറിയാതെ അശോകവനികയിൽ ചെന്നു വള്ളിക്കെട്ടിന്റെ ഇടയിൽ മറഞ്ഞുനിന്നുംകൊണ്ട് അദ്ദേഹത്തിന്റെ നേരെ കാമമില്ലാത്ത സീതയിൽ മഹാരാജാവിന്റെ കാമവൃത്തി കണ്ടു് പരിഹസിക്കാം.

ചേടി:—തമ്പുരാട്ടിയുടെ കല്പനപോലെ എഴുന്നെള്ളാം. തമ്പുരാട്ടി എഴുന്നെള്ളാം.

(രണ്ടാളും പോയി)

പ്രവേശകം കഴിഞ്ഞു.

——— ० ———

(അനന്തരം പരിവാരത്തോടുകൂടി കാമാവേശത്തോടു
കൂടിയ രാവണൻ പ്രവേശിക്കുന്നു)

രാവണ:—(സ്പൎശം നടിച്ചിട്ടു്) വൎഷവര! ഞാൻ വളരെ
കാലമായിട്ടു് ആട്ടിക്കളഞ്ഞിട്ടുള്ള ആദിത്യൻ ലങ്ക
യിൽ വരാനെന്തു സംഗതി? അമാത്യനായ ചിത്ര
യോധിയെ വേഗം വിളിച്ചുകൊണ്ടു വരൂ.

കഞ്ചു:—(വിചാരം) അമ്പോ! സ്വാമിയുടെ മദനോന്മാദം
കേമം തന്നെ.

* അന്തിയായളവുദിച്ചുയൎന്നുപരിജൃംഭി
ദൃഷ്ടികളിലേകിയും
സിന്ധുവിൻെറതിരയിട്ടുലച്ചതിനുസന്ത-
തിപ്പൊലിമനൽകിയും
ഹന്തമഞ്ജുലിസുഖംപെടുംമൃദുകരങ്ങൾ
കൊണ്ടുതടവീട്ടമീ-
ച്ചന്തമേറിയൊരുചന്ദ്രനേയുമറിയുന്ന-
തില്ലദശകന്ധരൻ. (൨)

രാവണ:—എന്താണമാന്തിക്കുന്നതു്?

കഞ്ചു:—സ്വാമിയുടെ കല്പനപോലെ. (വിചാരം) ഇങ്ങി
നെയുള്ള രോഗത്തിനു മന്ത്രികളല്ല വൈദ്യന്മാർ.
(പോയി)

രാവണ:—(ആലോചിച്ചു നോക്കീട്ടു്) ഇതു് സൂൎയ്യനല്ല. ഞാ
നഭയം കൊടുത്തിട്ടുള്ള ചന്ദ്രനാണല്ലോ. എന്തെന്നാൽ,

* പാദാന്തംശ്രുസഹസ്രമിട്ടഭിതപി-
പ്പിച്ചീടുവോരാസ്സുധാ
ധാരാരശ്മിയെയുംദിനാധിപനെയും
തീരെത്തിരിച്ചങ്ങിനെ

നേരായിട്ടറിയാതെയുള്ള വിരഹി-
ക്കുട്ടക്കഹോ സംശയം
തീരാനിന്ദുവിനിന്ദ്രനീലനിറമാ-
യുള്ളോണാംകളങ്കാങ്കുരം. (൩)

ഈ ആപത്തു ഞാൻതന്നെ ഉണ്ടാക്കിത്തീർത്തതാണ്.

* നേരേനമ്മുടെ കല്പനാക്ഷരമറി-
ഞ്ഞീടാതില്ലന്താമര-
ത്താരും വാട്ടുകയില്ലൊരേടമഴക-
ള്ളംശ്രുക്കളൊലീയില്ലിവൻ
പാരാതങ്ങിനെയുള്ള ചന്ദ്രനധുനാ
നേരിട്ടനമ്മെത്തപി-
പ്പാരായുന്നിതവസ്ഥകൊണ്ടബലനാ-
യാലും ബലപ്പെട്ടിടും. (൪)

(അനന്തരം അമാത്യൻ പ്രവേശിക്കുന്നു)

അമാ:—(വിസ്മയത്തോടുകൂടി) ആശ്ചര്യം! വളരെക്കാലമായിട്ട് ഇന്ന് രാക്ഷസലോകം ചന്ദ്രരശ്മിയുടെ രസമറിയുന്നുണ്ട്.

* പീയൂഷദ്രവപാത്രമായലർശര
സ്വാമിയ്ക്കുസേനാനിയായ്-
പ്പെയ്യുംനൽക്കുളുർകാന്തകാന്തിയെഴുമീ-
ച്ചന്ദ്രൻ വിളങ്ങുന്നതേ
ഇയ്യാൾക്കുള്ള കരങ്ങളേററതുവശാൽ
പ്പാലാഴിവെള്ളംപെരു-
ത്തിയ്യൂഴംപ്രളയത്തിൽ മുങ്ങിയ കണ-
ക്കാകുന്നുലോകത്രയം. (൫)

രാവണൻ:—

* അല്ലേ ചന്ദ്രനിറഞ്ഞുമഞ്ഞു ചൊരിയും
 നിൻ കാന്തിപൂരങ്ങളി-
ന്നല്ലിത്താർശരദാസനാകുമിവനിൽ
 ത്തീക്കോരിവൎഷിപ്പതിൽ
തെല്ലുംനിന്നുടെ വീൎയ്യമല്ലലർശരൻ
 തൻവൈഭവംപോലുമ-
ല്ലല്ലൽപ്പെട്ടുഴലുന്നസീതയുടെയോ-
 ണീശ്ശക്തിരാത്രീശരേ. (൩)

അമാത്യൻ:—

* മൎയ്യാദക്കേടുകാട്ടും ദശമുഖനിലുദാ-
 സീനനായ് മൂത്തരാമൻ
കൎയ്യാലോവിപ്രിയംചൊന്നളവുപരുഷനാം
 സ്വാമിയാലോഗ്ഗ്രണം മേ
ഇയ്യുള്ളോന്നിഷ്ടമല്ലീയ്യുഭയവുമിതിൽവെ-
 ച്ചൊട്ടുഭേദംദശാസ്യൻ
കൎയ്യാലാണെന്തിതെന്നാൽ പ്രഭുവിന്നണയുമാ
 പത്തുകാണാതിരിക്കാം.

സ്വാമിയുടെ അവസ്ഥ വലിയ കഷ്ടംതന്നെ. ഇദ്ദേഹത്തിനെ ഇങ്ങിനെ രോമംകൊണ്ടു കെട്ടീട്ട് ഉലയ്ക്കുകൊണ്ടടിയ്ക്കുന്നവല്ലൊ. അടുത്തുചെല്ലുകതന്നെ. (ചുററിനടന്നു നോക്കീട്ട്) ഇതാ സ്വാമി—

* ധ്യാനംപൂണ്ടുവിജൃംഭയാന്നനെടുവീപ്പാ-
 ലേ ചുടുഞ്ഞുണ്ടുമായ്-
ത്താനേനീലസരോജസൽപ്രഭശരൽ
 ക്കാർപോലെകൈവിട്ടിതാ

സ്ഥാനത്തിൽബ്ബഡവാഗ്നിയങ്ങിനെ കടി-
ച്ചീട്ടുംകടൽക്കൊപ്പമായ്-
ത്താനന്യന്നറിയാതനംഗനെരിയും
മെയ്പൂണ്ടിരിക്കുന്നതേ. (വൃ)

(അടുത്തുചെന്നിട്ട്) സ്വാമി ജയിച്ചാലും!

രാവണ:—വിശേഷിച്ചു വല്ല വൎത്തമാനവുമുണ്ടോ?

അമാ:—(വിചാരം) മഹാരാജാവു തെളിഞ്ഞു സംസാരി യ്ക്കുന്നുണ്ടല്ലോ. (സ്പഷ്ടം) ഒരു നാട്ടുവൎത്തമാനമുണ്ട്.

രാവണ:—നില്ക്കു- ബാലിയെക്കൊന്നിട്ടു രാമൻ സുഗ്രീ വനെസ്സേവിക്കുന്നു എന്നല്ലേ?

അമാ:—അതുതന്നെയാണ്. ഒരു വിശേഷവും കൂടിയുണ്ട്.

രാവണ:— അതു പറയൂ.

അമാ:—സീതയെ അന്വേഷിപ്പാൻവേണ്ടി അവൻെറ കല്പനപ്രകാരം എല്ലാ ദിക്കിലും വാനരസൈന്യം ന ടക്കുന്നുണ്ട്.

രാവണ:—എന്ത് എന്ത്? 'സീതയെ അന്വേഷിപ്പാൻവേ ണ്ടി അവൻെറ കല്പനപ്രകാരം എല്ലാദിക്കിലും വാ നരസൈന്യം നടക്കുന്നുണ്ട്' എന്നോ? വിചാരിച്ചു നോക്കൂ.

* ഉരഗപുരമടയ്ക്കും പൎവ്വതംശസ്ത്രമാക്കി-
സ്സുരജയികളരക്കന്മാർകൾനേരെന്നിരക്കെ
അരിയൊരമർനിലത്തിൽക്കേറുവാൻകാട്ടുവള്ളി-
ച്ചെറുതളിരുമശിക്കുംമൎക്കടക്കൂട്ടമാമോ. (ൻ)

അമാ:—വാനരന്മാർപരിഹാസ്യന്മാരായിരിക്കാം. പക്ഷെ-

രാവ:—പറയൂ; അതെന്താണ്?

അമാ:—വില്ലാളികൾക്കു ജയിച്ചുകൂടാത്തവനാണ് ദാശര ഥി എന്നു പറയുന്നുണ്ട്.

രാവണ:—എന്തു് എന്തു്? 'വില്ലാളികൾക്ക ജയിച്ചുകൂടാ
ത്തവനാണു് ദാശരഥി എന്നു പറയുന്നുണ്ടു്' എന്നോ?
വിചാരിച്ചുനോക്കു—

* എന്നെപ്പേടിച്ചുകോപിയ്ക്കുകിലമരവരൻ
നേരെന്നിൽക്കാണുമാള-
ല്ലെന്നാല്ലെൻകൈമയക്കീപുരഹരനരുള്ള-
ന്നോരു വൻ കുന്നിൽ മുന്നം
എന്നോടങ്ങേററുതോററാശ്രഹഗണമവമാ-
നത്തിലാകുന്നുവല്ലാ-
തെന്നാലെൻവൈരിയാമ്പോലൊരുമനുജനെടോ
പാവമേ ഹാസ്യനാം നീ. (൩൦)

അമാ:—എന്തു് എന്തു്? രാമൻ ഒരു മനുഷ്യനാണു്
എന്നോ?

* ഗുരുവരവചനത്താൽപ്പണ്ടുവൻകാട്ടിൽവാഴ-
ന്നൊരുരഘുപതിപാൎത്താൽക്കേവലംമൎത്ത്യനല്ലേ
അരിയഭുവനഹിംസാപാലനങ്ങൾക്കമൂലം
ഹരികലമതിലുണ്ടാവുന്നഗോവിന്ദനല്ലോ. (൩൧)

രാവണ:—എന്തു് എന്തു് ? വിഷ്ണുവാണു് എന്നോ? അ
മ്പോ! അവൻ പേടിയ്ക്കുന്നവൻ തന്നെ.

* അണ്ണനാമമരരാജനെപ്പടയിൽവെന്നു
തോന്നിയതുപോലെയാ-
വിണ്ണിൽനമ്മുടെയ രാക്ഷസപ്പരിഷ ഭൂഷ-
ണങ്ങൾതുടരും വിധൌ
തിണ്ണമാശ്ശചിയുമപ്സരസ്സുകളുമൊത്തു
പേടിപെടുമപ്പൊഴി-
കണ്ണനമ്മളുഭുജവീൎയ്യമൊക്കെയെവിടെക്കി-
ടന്നുവതിതേവരെ. (൩൨)

അമാ:—എന്തു് എന്തു്? ആരാണു് ദേവകളെജ്ജയിച്ചതു്?

രാവണ:—ദേവകളെജ്ജയിച്ചവനേ താനറിയില്ലേ?

അമാ:—ഇനിയ്ക്കറിഞ്ഞുകൂടാ.

രാവണ:—എന്നാൽ ഞാൻതന്നെയാണു്.

അമാ:—ഇതു് ഭോഷ്കാണു്.

* കൊള്ളാമന്തകനപ്പുകൾക്കടയവൻ
വിത്തേശനിന്ദ്രൻമുതൽ-
ക്കുള്ളാവാനവരേജ്ജയിച്ചിതുഭവാൻ
നന്നായ് പ്രയത്നം വിനാ
ഉള്ളത്തിന്നടയോരുധൈര്യമധുനാ
കാമൻെറപുഷ്പങ്ങളാ-
യുള്ളസ്രങ്ങൾതറച്ചുവീണ്ടുമിളകി-
പ്പോയ്പ്പോയതെന്തിങ്ങിനേ. (൧൭)

രാവണ:—എന്തു് എന്തു്? പുഷ്പായുധനെന്നെ പ്രഹരിക്കുന്നു എന്നാകുണോ ഉദ്ദേശം?

അമാ:—പ്രത്യക്ഷമാണല്ലോ.

രാവണ:—ശരി. പ്രത്യക്ഷത്തിനു വിഷയമാണല്ലോ-

* അങ്കത്തിൽത്രിപുരംപൊരിച്ചവനെഴും
തൃക്കണ്ണിലുണ്ടായ തീ-
യിങ്കൽപ്പെട്ടൊരുപേരുമാത്രമെഴുവോ-
രാക്കാമനാവെയ്യുമോ?
എങ്കൽജ്ജാനകിതൻെറനൽപ്പുരികവും
കണ്ണുംകളിയ്ക്കുംശരൽ-
ത്തിങ്കൾക്കൊത്തമുഖംപെരുംപരവശ-
തചേത്തേവരുത്തുന്നതേ. (൧൮)

അമാ:— * ഛന്ദത്തിൽവേദവിദ്യകൾ
ചിന്തിച്ചറിവോൻവിധിപ്രപൌത്രൻനീ
എന്തിന്നപരൻെറ ഭാൎയ്യയി-
ലന്തരമൂലംകൊണ്ടകീൎത്തിനേടുന്നു? (൧൭)

രാവണ:—അല്ലാ, ഇതും അകീൎത്തിയാണോ?

അമാ:—ഇതിലധികം അകീൎത്തി മററൊന്നുമില്ല.

രാവണൻ:—

* കൊണ്ടാട്ടംവിധിപോലെയശ്വമേധശതം
ചേയ്യോനൊരാളും ഛമ-
ച്ചുണ്ടാകാതുള്ളവായ ദിവ്യമൊഴികൾ-
ക്കുള്ളത്ഥമായുള്ളവൻ
വീണ്ടുംവാനവർനാഥനംബുധിസുതാ-
കാന്തന്നാട്ടത്തഗ്രജൻ
വേണ്ടുംപോലെയഹല്യയൊത്തഴകിലാ-
ഹ്ലാദപ്പെട്ടുന്നില്ലയോ? (൧൮)

അമാ:—അകീൎത്തിയെന്നുള്ളതിരിക്കട്ടെ. സൎവ്വാത്ഥസാധകമായ ധൎമ്മത്തിനെ നമ്മൾ അട്ടിപ്പുറത്താക്കിക്കഴിഞ്ഞുവോ?

രാവണ:—നയജ്ഞ! കാൎയ്യത്തിന്നുവേണ്ടിയല്ലേ കാരണം സമ്പാദിക്കേണ്ടതു്?

* സ്വൎഗ്ഗംകിട്ടേണമെന്നാലതിനിഹവലജി-
ത്തിൻെറ വജ്രത്തെയേററം
നീക്കംമൂച്ചുയ്യൂതട്ടാതെഴമസിസഖിയാ
യുണ്ടിതാ ചന്ദ്രഹാസം
നിൽക്കട്ടേ നിൻെറധൎമ്മം നിയതമൎത്ഥബലം
കെട്ടവൎക്കുള്ളുപായം
ശക്തൻനാമെന്നമട്ടാവുകിലവനഖിലാ-
പത്ഥ്യമായിട്ടിരിയ്ക്കും (൧൯)

അമാ:—സ്വാമിയുടെ ശക്തി അങ്ങിനെയുള്ളതുതന്നെ. ഇവിടത്തെപ്പോലെയുള്ള ശക്തിമാന്മാൎക്ക് സാധുക്കളുടെ നടപ്പു വിട്ടുകളയാമോ? എന്നാൽ രാജൎഷിധൎമ്മം മാത്രം നോക്കുന്ന രാമന്റെ സാധുത്വം നോക്കാതിരിക്കുന്നതു ശരിയാണോ?

രാവണ:—എന്ത് എന്ത്? രാമൻ നല്ലവനാണ് എന്നോ?

* വില്ലാളിധൎമ്മനിചവിട്ടിട്ടുതാടകയെ
ഹിംസിച്ചു കഷ്ടമൊളിവിൽ
ചൊല്ലാൎന്നബാലിയിലുമമ്പെയ്തുതമ്പിയൊടു
നോക്കിപ്പൊരുന്നളവിലേ
വില്ലായതും ജടയുമന്യോന്യഭിന്നമിഹ
രാജൎഷ ധൎമ്മമുടയോൻ
നല്ലാളുരാമനവനീനാമസാധുജന-
രന്യോക്തി ബോധികളഹോ. (൫൮)

അമാ:—ഇനിക്കിത്രത്തോളം അധികാരമേ ഉള്ളു.
രാവണ:—പറയൂ. തനിക്കെന്താണധികാരം?
അമാ:—ത്രിവൎഗ്ഗപ്രാപണം.
രാവണ:—പറയു. ത്രിവൎഗ്ഗം എന്നുവെച്ചാൽ എന്താണ്?
അമാ:—ധൎമ്മാൎത്ഥകാമങ്ങൾ.
രാവണ:—വേർതിരിച്ചുപറയൂ.
അമാ:—ധൎമ്മം.
രാവണൻ:—

* ദണ്ഡ്യൎക്കുദണ്ഡവിധിചെയ്‌വൊരുദണ്ഡപാണി
ദണ്ഡപ്പെടുന്ന മമദണ്ഡനശക്തിയാലെ
വിണ്ണോൎക്കുമേഴും വിഭവമൊക്കെനമുക്കധീനം
ദണ്ഡിച്ചുധൎമ്മമിനിഞനാരുവകതന്തിനിന്നോൻ. [൫൯]

പറയൂ: പിന്നത്തെയെന്താണ്?
അമാ:—അൎത്ഥം
രാവണ:—അൎത്ഥംകൊണ്ടെന്താണു സാദ്ധ്യം?
അമാ:—ഭണ്ഡാരത്തിന്റേയും സൈന്യത്തിൻേറയും സമൃദ്ധി.
രാവണൻ:—

* പരമിഹഗഗനത്തിൽസ്സഞ്ചരിക്കുന്നരക്ഷോ-
വരർമമബലമായ്വൻ വിത്തഭാരംകുബേരൻ
പരിചിലറിക ലോകംമൂന്നുമിന്നെന്നധീനം
പറകിനിയുമിനിയ്യൂീയൎത്ഥമെന്തിന്നുകൊള്ളാം. (൨൦)

ഒടുവിലുള്ളതെന്താണ്?
അമാ:—കാമം.
രാവണ:—അതിനാണു നാം ആഗ്രഹിക്കുന്നതു്. അതുകൊണ്ടു് എന്റെ ആഗ്രഹം സാധിപ്പിക്കേണ്ടതാണ്.
അമാ:—അതിൽവെച്ചും അധികം നല്ലതിലാണ് മനസ്സു വയ്ക്കേണ്ടതു്.
രാവണ:—അങ്ങിനെതന്നെയാണ് ചെയ്യുവരുന്നതു്.
അമാ:—അങ്ങിനെയാണെങ്കിൽ—

* ഇവളെന്തിനിതന്യഭക്തയാ-
ളവനീസംഭവയാം വിരക്തയാം
തവദേവവധൂക്കൾതോൽക്കുവോ-
രവരോധാംഗനമാർകളില്ലയോ. (൨൧)

രാവണ:—വിഡ്ഢി! അതു മററാരുത്തനല്ല നിശ്ചയിക്കേണ്ടതു്?

* അന്യനങ്ങനുഭവിച്ചലക്ഷ്മിയും
പിന്നെ മന്നിലുളവായരത്നവും
തന്നിൽനന്ദിനിനയാത്തവിദ്യയും
നന്നിതോ കളകനല്ലനീതിയോ? (൨)

അമാ:—ഇതിന്നുമേൽ ആയുധങ്ങളേ ഗതിയുള്ളൂ. സ്വാമി! ബുദ്ധിയുടെ സഹായമുള്ള നില വിട്ടുപോയി—

രാവണ:—ചെല്ലൂ രാമന്റെ വൎത്തമാനമറിയുന്നതിലേയ്ക്കു് ചരന്മാൎക്കു വേഗം കല്പനകൊടുക്കൂ—

അമാ:—സ്വാമിയുടെ കല്പനപോലെ.

* പോരിങ്കൽപ്പേടികൊണ്ടല്ലയിതവരിപുവിൽ-
 പ്പക്ഷപാതം പിടിച്ചു-
ല്ലോരുമ്പോലപ്രിയംഞാനിതുവിധമിവിടു-
 ത്തൊടുണൎത്തിച്ചതൊന്നും
നേരേകണ്ടസ്ഥലത്തിൽക്കനിവകലെവെടി-
 ഞ്ഞിട്ടുവാഠംചെയ്കിലും താൻ
നേരെതൽസ്വാമിയോടായ് ശുഭമതിസുജനം
 പഥ്യമൊന്നേകഥിയ്ക്കൂ. (൩൩)

(പോയി)

രാവണ:—വൎഷ്വര! അശോകവനികയിലേയ്ക്കുള്ള വഴികാണിക്കൂ.

കാഞ്ചു:—സ്വാമിയുടെ കല്പനപോലെ. ഇതിലേ ഇതിലേ-

(രണ്ടാളും ഉദ്യാനപ്രവേശം നടിക്കുന്നു)

രാവണ:—(എല്ലാടവും നോക്കീട്ടു്) അമ്പ! മനസ്സിന്റെ പരിചയപാരവശത്വം കേമംതന്നെ- സീത ഇവിടെ യിരുന്നുംകൊണ്ടു രാമന്റെ തപോവനം തന്നെയാണല്ലോ വിചാരിക്കുന്നതു്. ഇവിടെ—

* ധൃഷ്ടനായ് ത്രിദശനാഥർകാണ്കെയമര-
 പ്പുഴങ്കരയിൽനിന്നപാ-
ത്തിട്ടിലേയ്ക്കുഥമെടുത്തയച്ചസുരഭൂരു-
 ഹങ്ങളിവയൊക്കെയും

ശിഷ്ടഹംസമിണക്കുടിടുംകനകപത്മ-
മുണ്ടിവിടെയങ്ങുചൂ-
മൊട്ടിളന്തളിർകരംകണ്ടുകണ്ടുമദമാണ്ടി-
ടുന്നിതുകയിൽക്കലം (൨൪)

കാഞ്ചു:—ഭൃംഗമാല ചമ്പകസൌരഭ്യത്തെയെന്നപോലെ
യാണ് സീത രാവണവിഭവത്തെ വിചാരിക്കുന്നത്.

രാവണ:—

* ത്വരിതതരമശോകംനല്ലതേന്മാവിവററിൻ
നറുമലർനിരകൊണ്ടീലോകമൊക്കെജ്ജയിപ്പോൻ
സ്മരനിഹസുരവൃക്ഷങ്ങടെക്കെഴും പൂക്കളൊക്കും
ശരനിരകളെടുത്താൽപിന്നെയെന്തോതീടേണ്ടു? (൨൫)

വൎഷവര! സീത ശിംശപാവൃക്ഷത്തിൻെറ ചുവട്ടിലല്ലേ ഇരി
യ്ക്കുന്നത്?

കാഞ്ചു:—സ്വാമി! അതെ.

രാവണ:—സീതയാകട്ടെ—

* നിന്ദാഭാവമൊടെന്നെനോക്കുമിഹഞാൻ
കണ്ണാമൃതപ്രായമായ്
ചൊന്നാൽദുസ്സഹമെന്നഹോ ചെവിയുടൻ
പൊത്തുംകരത്താരിനാൽ
നന്നായ്‌രാമനെയുംവിളിച്ചുകരയും
ഞാൻചെന്നുകൈകൂപ്പിയാ-
ലെന്നാംചട്ടമിനിപ്രസാദനമിവൾ-
ക്കെന്തെന്നറിഞ്ഞീല ഞാൻ. (൨൬)

(അനന്തരം സീതയും വള്ളിക്കെട്ടിൽ മറഞ്ഞുംകൊ
ണ്ടു് മണ്ഡോദരിയും ചേടിയും
പ്രവേശിക്കുന്നു)

സീത:—അമ്പോ! രാക്ഷസജാതിയുടെ നിർദ്ദയത്വം.

മണ്ഡോ:—എടീ! ഇതാ മഹാരാജാവു്. വിചാരിച്ചതിപ്പോഠം കാണാറായി.

രാവണ:—(അടുത്തു ചെന്നിട്ടു്) അല്ലേ! ദേവി!

സീത:—എന്താണാവോ പാപി പറയാൻ ഭാവിക്കുന്നതു്?

രാവണ:—ദേവി!

* ചെയ്യുംഗാഗാവഗാഹംസുരതരുതിരുമൽ-
കാഴ്ച വയ്ക്കുന്നതോറും
ഭ്രതേശക്കുന്നിലോ നന്ദനവനമതിലോ
നിങ്ങഠംനേരേതപസ്സാൽ
സാധിപ്പാൻബുദ്ധിമുട്ടും സുരപുരവിഭവം
തമ്പി കൈക്കൊഠംകപക്ഷേ
പാതിവ്രത്യാതട്ടക്കുന്നിതുപരിഘലമതിൻ
മട്ടതേ സ്വൎഗ്ഗമാൎഗ്ഗം. (൨൧)

സീത:—നിന്റെ സ്വൎഗ്ഗമാൎഗ്ഗം പാപമാണു്. ആൎയ്യപുത്രനെ ആശ്രയിച്ചിട്ടുള്ള നരകത്തിൽപ്പോവാനേ ഞാനാഗ്രഹിയ്ക്കുന്നുള്ളു.

രാവണ:—ദേവി! ഞാൻ ഭവതിമൂലമായിട്ടു് എല്ലാ അന്തഃപുരസ്ത്രീകളേയും ഉപേക്ഷിയ്ക്കുന്നു.

മണ്ഡോ:—ഓൎമ്മയിരിയ്ക്കട്ടേ. മഹാരാജാവിന്നിതോൎമ്മയിരിയ്ക്കട്ടേ.

സീത:—അന്തഃപുരസ്ത്രീകളേ മാത്രമല്ല, നീ ജീവനേയും ഉപേക്ഷിയ്ക്കും.

രാവണ:—ദേവി! സത്യമാണു്. കാമദേവൻ എന്റെ ജീവനെ ഹരിയ്ക്കുന്നുണ്ടു്.

സീത:—അല്ല, അല്ല, കാമദേവനല്ല. കാമദേവനെക്കാളും

മണ്ഡോ:—അമ്പോ! മനുഷ്യജാതി കഠിനവാക്ക പറയുന്ന വകയാണു്.

രാവണ:—(ഉറക്കേ ചിരിച്ചിട്ടു്)

* നിത്യംകാട്ടിൽക്കിടക്കുന്നൊരുബഹുവികല-
ക്ഷത്രിയൻതൻെറശസ്ത്രം
യുദ്ധത്തിൽശ്ശുദ്ധമേപുല്ലത്തുബതസഹിയാ
രാവണന്നെന്നതോക്കും
പൃഥ്വീഭൃൽപ്പക്ഷമൊക്കെക്കുറുകറിന്നെ മുറി-
ച്ചൊരുശക്രൻെറ വജ്രം
ശുദ്ധംപുത്തൻതളിർക്കൊത്തൊരുവിധമുരസാ
കൊണ്ടുകൊണ്ടാടുവോൻഞാൻ. (൨൭)

മണ്ഡോ:—മഹാരാജാവെന്താണാവോ ഭാവിയ്ക്കുന്നതു്. ഒന്നുകൊണ്ടും ഇവൾ പാട്ടിലാവുമെന്നു തോന്നുന്നില്ല.

രാവണ:—ദേവി! ഇതാ ഞാൻ തൊഴുന്നു-

* ഗന്ധൎവ്വസ്ത്രീകൾദൈത്യാംഗനകളമരിമാർ
യക്ഷിമാർ പിന്നെനാഗ-
പ്പെണ്ണുങ്ങൾനേർവാണിമാർതൊട്ടബലകൾപലമ-
ട്ടുള്ളൊരന്തഃപുരത്തിൽ
ചിന്തിച്ചാലിങ്ങിനിക്കുള്ളവർകൾമുഴുവനും
നിൻെറദാസ്യപ്രവൃത്തി-
യ്ക്കെന്തിന്നുംനിന്നിടുംസുന്ദരി!തവ കനിവീ-
യെങ്കലുണ്ടെങ്കിലെന്നും. (൨൮)

മണ്ഡോ:—ഇവൾക്കു് ഞാനിതും ചെയ്തുകൊടുക്കാം. എനിക്കു മററൊരാളുണ്ടെന്നു വിചാരിപ്പാനില്ലല്ലോ.

ചേടി:—നോക്കു, നോക്കു, തമ്പുരാട്ടി! എല്ലാടവും ബന്ധിച്ചിരിക്കുന്ന അഞ്ജലിബന്ധങ്ങളെക്കൊണ്ടു് അവിടെ

യവിടെ പടം കാണിച്ചു പൊങ്ങുന്ന സർപ്പങ്ങളോടുകൂടിയ സമുദ്രംപോലെയിരിക്കുന്നു തമ്പുരാൻ.

മണ്ഡോ:—മഹാരാജാവു് അഭിലാഷം സാധിയ്ക്കായ്കകൊണ്ടു് ഈ പതിവ്രതയുടെ നേരേ കോപിയ്ക്കില്ലല്ലോ.

കാഞ്ചു:—(വിചാരം) ഞാനൊന്നു നോക്കട്ടെ-

* നൽപ്പൂമൈതന്നുവാഴ്വിളത്താരമദയ-
ല്പോലുള്ള വൈദേഹിയാ-
ളിപ്പോഠംനല്ലുഴകള്ളിളംകുളർമതി-
യ്യ്ക്കൂട്ടേറെയൊത്തിട്ടുമേ
ഒപ്പംപങ്കജമൊട്ടുകൂമ്പിവിലസും
പത്മാകരംപോലെകൈ-
ക്കൂപ്പിക്കൊണ്ടുവിളങ്ങിടുന്നുവിരവോ-
ടിന്നേരമിദ്ദേഹവും. (൩൦)

രാവണൻ:—ദേവി! ഇതാ അനന്യത്തിന്റെ സർവസ്വമായ നമസ്കാരം. [എന്നു് നമസ്കരിക്കുന്നു]

സീത:—[കാൽ മടക്കുന്നു]

മണ്ഡോ:—ഇവരം ധീരതന്നെ മഹാരാജാവിന്റെ ശിരസ്സു ചെല്ലിയെന്നപോലെ പാദംകൊണ്ടു പരിഹരിക്കുന്നുവല്ലൊ. സീത പൃഥിവീസുതയാണെന്നും രാമൻ പത്മനാഭനാണെന്നും ഒരു നാട്ടുവർത്തമാനമുള്ളതു സത്യം തന്നെ.

കാഞ്ചു.—രാജപുത്രി! മഹാരാജാവിന്റെ പ്രണിപാതത്തെ എന്താണു നിസ്സാരമാക്കിത്തള്ളുന്നതു്?

* വിപ്രന്മാർയജനംപ്രണാമമിവകൊ-
ണ്ടെന്നുംശുഭംകിട്ടുവാൻ
കെല്പിൽപ്പൂജകഴിച്ചിട്ടുംയമകുബേ-
രേന്ദ്രാദിവാനോർകളും

ഒപ്പംവിട്ടുകരംകൊടുത്തുവരുവോ-
രീശപ്രാമിതാൻനിന്നെയു-
ണ്ടിപ്പോൾസ്സുന്ദരിപത്തുമൌലികളെയും
കമ്പിട്ടുകൂപ്പുന്നിതാ. (൯൭)

സീത:— അല്ല അല്ല. ഇതു പ്രണിപാതമല്ല; വിനിപാതമാണു്.

കാഞ്ചു:— ഇവൾ അനുനയത്തിന്നു യോഗ്യയല്ല.

രാവണ:— ദേവി! ഭവതിയുടെ പാദങ്ങളാണിനിക്കു ശരണം.

സീത:— ആൎയ്യപുത്രന്റെ പാദങ്ങളേ ശരണം പ്രാപിക്കു.

രാവണ:— (കോപത്തോടുകൂടി പിടഞ്ഞെണീററിട്ടു്) എന്തു് എന്തു്?

* നാനാജാതികൾ നാട്ടുകാരൊടു കരം
വാങ്ങിബ്ഭുജിച്ചെപ്പൊഴും
താനാകുംപടിപാരിടത്തിലധികം
ന്യായംനടത്തുന്നവർ
നാനാഭൂപരചക്രഹന്തസമയാം
ഭൂവാണു നിന്നമ്മ നീ
താനായ് നോക്കുവതീപ്പതിവ്രതകൾതൻ
ചാരിത്രമെന്തിങ്ങിനെ? (൯൮)

സീത:— അതിനിയ്ക്കറിഞ്ഞുകൂടാ.

രാവണ:— ചന്ദ്രഹാസമെവിടെ?

സീത:— ഇതിനിയ്ക്കു ലാഭമാണു്. പ്രാണങ്ങൾ ആൎയ്യപുത്രന്റെ പാദങ്ങളിൽത്തന്നെ ചെന്നു ചേൎന്നുകൊള്ളും.

മണ്ഡോ:— ഇങ്ങിനെയായി. ഇവൾ ഒരു പതിവ്രതയാകുന്നു താനും. എന്റെ പ്രാണങ്ങളെക്കൊണ്ടു മഹാരാജാ

ന്നെ. (രണ്ടുപേരുടേയും ഇടയിൽച്ചെന്നു നിന്നിട്ട്) മഹാരാജാവു് ജയിച്ചാലും.

രാവണ:—ഏയ്. മയപുത്രിയായ മണ്ഡോദരീദേവിയോ? (ലജ്ജിച്ച് തലതാഴ്ത്തി നില്ക്കുന്നു.)

മണ്ഡോ:—മഹാരാജാവേ! ഇവളുടെ ഭർത്താവായ രാമനും ഇവിടത്തെ വാളിനിരയാവാൻ മതിയായില്ല. പിന്നെ യുണ്ടോ പിടിച്ചുകൊണ്ടിട്ടിട്ടുള്ള ഇവൾ ഇവിടുന്നി നി ഒന്നും മിണ്ടാതിരുന്നാൽത്തന്നെ പ്രാണൻ കള ഞ്ഞുകൊള്ളും.

കാഞ്ചു:—(വിചാരം)

* മന്നിൻെറ നാഥനുടെമാനിനിഭൂമിപോലെ-
യെന്നല്ലമൽപ്പുളപെരുങ്കടലെന്നപോലെ
എന്നാലിവക്കിടയിൽവന്നമയൻെറപുത്രി
നന്നായ്ധരിത്രിയതുകാപ്പൊരുവേലപോലെ. (൩൩)

ഇനിക്കും ഇതൊരു നല്ല അവസരമാണ്? (സ്പഷ്ടം) സ്വാമി! വാളെടുത്തതെന്താണ്?

* തെല്ലെങ്ങാണ്ടാസ്സുരന്മക്കണെയുമപജയം
കണ്ടറിഞ്ഞിട്ടുസാക്ഷാൽ
കല്യശ്രീകഞ്ജനേത്രൻകടുകനൽചിതറും
ചക്രമൊന്നേന്തിയെന്നോ?
അല്ലെങ്കിൽത്തക്ഷകൻഞാണുടയപുകഴമാ-
ശ്രീപിനാകംഭവാനായ്
വില്ലങ്കത്തിന്നുവേണ്ടിപ്പുരരിപുകുലയേ-
റ്റിക്കഴിഞ്ഞെന്നതുണ്ടോ? (൩൪)

രാവണ:—ഇതു് ശരിയാണ് [അണിയറയിൽ] ദേവൻ ജയിച്ചാലും! സ്വാമി ജയിച്ചാലും! ലങ്കേശ്വരൻ ജയി

ച്ചാലും! പത്തുനാഴിക രാച്ചെന്നു. നീരാട്ടുകുളിക്കുള്ള സമയം തെറവുന്നു. ശംഖും പെരുമ്പറകളും മുഴങ്ങുന്നു. മഹാരാജാവു് ഇതിലെ ഇതിലേ.

രാവണ:—ഇപ്പോൾ നിങ്ങളൊരു വിഘ്നമായിത്തീൎന്നു. പ്രഭാതമായിട്ടറിയാം.

[പരിവാരങ്ങളോട്ടുകൂടി രാവണൻ പോയി]

സീത:—രാക്ഷസൻെറ കൈകൊണ്ടു് മരിക്കുക എന്നുള്ളതു് വലിയ പാപംതന്നെയാണു്. അതുകൊണ്ടു് ആൎയ്യപുത്രനെ വിചാരിച്ചുംകൊണ്ടു തന്നെത്താൻ ജീവത്യാഗം ചെയ്യുന്നതന്നെ. [നോക്കീട്ടു്] ഭാഗ്യംകൊണ്ടു് രാക്ഷസികളൊക്കെ ഉറക്കമായി. ആയിഃ!! രാക്ഷസൻ തൊട്ടതുകൊണ്ടു് കാലു് അശുദ്ധമായി. അതുകൊണ്ടു പോയ്കയിൽച്ചെന്നു് പരിശുദ്ധമായതിൻെറ ശേഷം രാക്ഷസസങ്കടത്തിൽനിന്നു വിട്ടുപോവുക തന്നെ.

[എല്ലാവരും പോയി]

അശോകവനികാങ്കം എന്ന
അഞ്ചാമങ്കം കഴിഞ്ഞു.

——:0:——

# ആറാമങ്കം

(അനന്തരം മോതിരം കയ്യിൽ പിടിച്ചുംകൊണ്ടു് ഹനുമാൻ പ്രവേശിക്കുന്നു)

ഹനു:—ഇപ്പോൾ—

* നാഗസ്ത്രീരതിസാക്ഷിയബ്ധിസഖിമൈ-
നാകംകടന്നാശ്രുപോ-
ന്നാകാശത്തിലിരിഞ്ഞതോലെത്തുവരി-
ക്കാറിട്ടിഴച്ചിങ്ങിനേ
വേഗാലപ്പുനമേകിയത്ഭുതരസം
ദേവിക്കുകൈമോതിരം
നൽകാൻവിട്ടൊരുരാമബാണമതുപോ-
ലിങ്ങെത്തി ഞാൻ ലങ്കയിൽ. (൧)

എന്നാൽ ആ ഉദ്യാനം ഏതു ഭാഗത്താണ് ആവോ? ശിംശപാവൃക്ഷത്തിൻെറ ചുവട്ടിൽ ദേവി ഇരിക്കുന്നുണ്ടെന്ന് ഗൃദ്ധ്രരാജാവ് ഉപദേശിച്ചത് അവിടെയാണല്ലോ [ചുററിനടന്നു നോക്കീട്ട്] അമ്പാ!! രാക്ഷസപട്ടണത്തിൻെറ ശ്രീ കേമംതന്നെ.

* വെടിപ്പൊട്ടുംഭംഗിയിലുള്ളവസ്തു
കിടപ്പതെന്തെന്തമരാലയത്തിൽ
എടുത്തുടൻലങ്കയിലേയ്ക്കതൊക്കെ-
ക്കടത്തിടും രാക്ഷസരാജനത്രേ. (൨)

എന്നുള്ളതു സത്യംതന്നെ. [സ്പർശസുഖം നടിച്ചിട്ട്] ഇതായിരിക്കും ആ ഉദ്യാനം.

ഇതാ—

* സരസമധുപനാദംനന്മയോടാനയിച്ചും
തരുകുസുമപരാഗംപാത്തുപാടേ വലിച്ചും
സരസിതിരയുരുമ്മിസ്സാധുശൈത്യംവഹിച്ചും
വരുവൊരുമമതാതൻതന്നെയുണ്ടോതിടുന്നു. (൩)

ഇതാണ് ആ ഉദ്യാനം. അകത്തേയ്ക്കു കടക്കുക തന്നെ. (കടന്ന് എല്ലാടവും നോക്കീട്ട് അത്ഭുതത്തോടുകൂടി)

* പട്ടല്ലോ പല്ലവംമുത്തണിമലർപവിഴം
കായവൈഡൂൎയ്യരത്നം
ചട്ടററീടുന്നപത്രം മുളകംമരതകം
കൊമ്പുമെമ്പൊന്നശേഷം
കാട്ടിൽപ്പാൎപ്പാകിലുംഞാനിതുവരെയറിയാ-
ത്തീമരക്കൂട്ടമേതോ
തിട്ടംകല്പദ്രുവാണെന്നതിനിവിടെനമു-
ക്കണ്ടുവേറിട്ടുകാൎയ്യം. (൪)

ശിംശപാവൃക്ഷത്തിൻെറ ചുവട്ടിൽ ദേവിയുണ്ടെന്ന സംമ്പാതി പറഞ്ഞതു് ഇവിടെയാണ്. (നോക്കീട്ട്) ഇതാ ശിംശപാവൃക്ഷം. (സന്തോഷത്തോടുകൂടി അടുത്തുചെന്നിട്ട്, വിഷാദത്തോടുകൂടി).

ഇവിടെ ദേവിയെക്കാണ്മാനില്ലല്ലോ. രാക്ഷസൻ കൊന്നുവോ എന്തോ? അതോ തന്നാൽത്തന്നെ സാഹസം പ്രവൃത്തിച്ചിരിക്കുമോ? ഞാൻ സമുദ്രം ലംഘിച്ചതു വെറുതെയായല്ലോ. സുഗ്രീവൻെറ മനോരഥം നിഷ്ഫലമായല്ലോ. സ്വാമി കല്പിച്ചുതന്നിട്ടുള്ള അടയാളമോതിരം എന്തുപറഞ്ഞു് മടക്കിക്കൊടുക്കേണ്ടു? എല്ലാംകൊണ്ടും ദേവിയേ കൂടാതെ ദേവൻ ജീവിച്ചിരിക്കുന്നതല്ല. പിന്നെ സുഗ്രീവനും ഭരതലക്ഷ്മണന്മാരും ദേവികളും ഇതിനൊക്കെ നിഷ്ഫലമായ പുരദൎശനംകൊണ്ടു ഞാൻ കാരണമായിത്തീൎന്നുവല്ലോ. സ്വാമിയോടു മിഥ്യാവാക്കു പറയുക എന്നുള്ളതു് ഒരിക്കലും ചെയ്തുകൂടാ. അതുകൊണ്ടു് ഞാനും ശക്തിക്കൊത്ത പ്രവൃത്തികളെക്കൊണ്ടു് യശശ്ശരീരനാവുക എന്നുറച്ചു.

(അണിയറയിൽ) ഭഗവാനേ! ചന്ദ്ര!

ചന്ദ്ര:—എന്താണിതു്? ആകട്ടെ കേട്ടുനോക്കട്ടെ.

(അണിയറയിൽ) ഭഗവാനെ! അങ്ങയ്ക്കിതാ നമസ്കാരം. വളരെക്കാലമായിട്ടു് എനിക്കിന്നിവിടുത്തെ കാണ്മാൻ സംഗതിവന്നു.

ചന്ദ്ര:—ഇതൊരു വിലാപമാണല്ലോ. വൃക്ഷകോടരത്തിൽ മറഞ്ഞുനിന്നു വർത്തമാനമറിക തന്നെ. (അങ്ങിനെ ചെയ്തിട്ടു്) ഇതാ ദേവി ഇവളുടെ-

* മണ്ണിൽക്കിടന്നുടനുരുണ്ടതിനാൽക്കപോത-
പ്പെണ്ണിൻകഴുത്തിനുനിറംകലരുംപരാഗം
കണ്ണീരുചേർന്നിതവിളത്തമുലത്തടത്തിൽ
തിണ്ണന്നുതേച്ചവിധമായ്സരസാംഗരാഗം. (൫)

ഇവളുടെ വിലാപവാക്കുകളെ സ്വാമിയുടെ ചെവികൾക്കു കാഴ്ചവെയ്ക്കുവാൻ വേണ്ടി കുറച്ചുനേരം കേട്ടു ധരിക്കുകതന്നെ. [മിണ്ടാതെ ഇരിയ്ക്കുന്നു]

(അനന്തരം വിലാപം ചെയ്തുംകൊണ്ടു് സീത പ്രവേശിക്കുന്നു)

സീത:—ചന്ദ്ര! ഞാൻ അങ്ങയെ ശകാരിപ്പാൻ ഭാവിയ്ക്കുന്നു. അങ്ങുന്നു് ക്ഷത്രിയർക്ക് ഒരു ബന്ധുവാണെന്നു കേട്ടിട്ടുണ്ടു്. പിന്നെ എൻെറ ആര്യപുത്രനോടു് ഏററവും സദൃശനാണു് അങ്ങെന്നും ജനങ്ങൾ പറയുന്നുണ്ടു്. അങ്ങിനെയല്ല, അങ്ങിനെയല്ല, ഞാനൊരു സത്യംതന്നെയാണു്. അങ്ങു് നാളുതോറും ഭാര്യമാരെ മാറിമാറിഗ്ഗമിയ്ക്കുന്നുണ്ടല്ലോ. ആര്യപുത്രനാകട്ടെ മന്ദഭാഗ്യയായ എന്നോടു മാത്രമേ ചേർന്നു രമിയ്ക്കുന്നുള്ളൂ. ആകട്ടെ. അതിരിയ്ക്കട്ടെ. അങ്ങുന്നു് ഒരു ഭാഗത്തു് എന്നെയും ഒരു ഭാഗത്തു് ആര്യപുത്രനെയും കാണുന്നു

ണ്ടല്ലോ. എന്നിട്ടും ഒന്നും മിണ്ടാതെ ഉദാസീനനെ പ്പോലെ പോകയല്ലേ ചെയ്യുന്നതു്?

ഹനു:—ഇവളുടെ വിലാപത്തിൻെറ ഒടുവിൽ നേരിട്ടു് ചെല്ലാം.

സീത:—ഇവരാണു് സപ്തർഷികൾ എന്നു് കേട്ടിട്ടുണ്ടു്. ഇ ദ്ദേഹമാണല്ലോ രഘുവംശരാജാക്കന്മാരുടെ കുലഗുരു വായ ഭഗവാൻ വസിഷ്ഠമഹർഷി. ഇതാ പതിവ്രത മാൎക്കൊരു ദൃഷ്ടാന്തഭൂതയായ ഭഗവതി അരുന്ധതീദേ വി. ഭഗവതി! എന്തുറപ്പാണിതു്? രാക്ഷസമദ്ധ്യത്തിൽ കിടന്നു കുഴങ്ങുന്ന എനിയ്ക്കു് ഒരു നിവൃത്തിയും പറ ഞ്ഞുതരുന്നില്ലല്ലോ. എങ്ങിനെയെങ്കിലും ഇവിടുത്തെ കണ്ടാലുള്ള ഫലം ഞാൻ മററൊരുവിധമാക്കു ന്നുണ്ടു്.

ഹനു:— ഞാൻ ഇടയ്ക്കുചെന്നു തടയട്ടെ.

സീത:—എവിടെനിന്നാണീ നിലവിളി? ഇതാ ഈ ചക്ര വാകി രാത്രിയാകുന്ന രാക്ഷസൻ വിയോജിപ്പിച്ചതി നാൽ എന്നെപ്പോലേ ശൂന്യമാകുംവണ്ണം നിലവിളി ക്കുന്നു.

ഹനു:—സ്വാമിനി! ഇതു് ശൂന്യമല്ല. ഇവിടുത്തേ ഭർത്താ വായ ശ്രീരാമൻ തിരുവടി ഇവിടുത്തേ ഈ വാക്കു കേൾക്കുന്നുണ്ടു്.

സീത:—എന്താണിതു്? പരിഭവം പറഞ്ഞിട്ടുള്ള ദേവകളു ടെ അനുഗ്രഹമായിരിയ്ക്കുമോ? അല്ലെങ്കിൽ രാക്ഷസ ൻെറ മററൊരുവിധത്തിലുള്ള മായതന്നെയായി രിയ്ക്കും.

ഹനു:—സ്വാമിനി! സംശയം വേണ്ട. ആദിത്യനായി മനു വംശപ്രദീപനായിരിക്കുന്ന ശ്രീരാമസ്വാമിയുടെ ദൂത നാണു് ഞാൻ.

സീത:—ഇവൻെറ വാക്കു മധുരമായിത്തന്നെയിരിക്കുന്നുണ്ട്. അല്ല രാക്ഷസജാതിയല്ല. പുററിൻെറ ഉള്ളിൽനിന്നെങ്ങിനെ മുത്തുണ്ടാകുന്നു?

ഹനു:—സ്വാമിനി! ഇവിടെയ്ക്കിതാ നമസ്കാരം.

സീത:—നീ സ്വന്തംരൂപം കാണിച്ചുതരു. വൃക്ഷകോടരത്തിൽ നിന്നിറങ്ങവരു.

ഹനു:—സ്വാമിനിയുടെ കല്പനപോലേ. (ഇറങ്ങി നമസ്കരിയ്ക്കുന്നു)

സീത:—ഏ് ഇതൊരു വാനരനാണല്ലൊ. പ്രായേണ ഈ രൂപം രാക്ഷസൻ സ്വീകരിയ്ക്കില്ല.

ഹനു:—

* എല്ലാക്കുംവന്ദ്യയാകുംഭവതിശുചിതയെ-
ശ്ശുദ്ധിയുള്ളഗ്നിനാകും
ചൊല്ലാളുംമൈഥിലന്നുംനൃപമണിപതിയാം
രാമനുംനൽകിടുന്നു
എല്ലായ്പ്പോഴുംതണുക്കമ്പടിഹിമമണിയും
മാമലയ്ക്കുംകടൽക്കും
നല്ലാർമൌലേശ്ശുചിത്വംസുരപുരചരിയാം
ഗംഗനൽകുന്നപോലെ. (൬൩)

സീത:—(വിചാരം) മധുരവചനം പറയുന്ന ഇവനാരായിരിയ്ക്കും? ഇവനോടു ചോദിയ്ക്കുകതന്നെ. പിന്നെ ഇവനെപ്പരീക്ഷിച്ചുനോക്കുവാൻ പ്രമാണമായ ആശ്ചര്യചൂഡാമണിയും ഉണ്ടല്ലോ. [സ്പഷ്ടം] വിസ്തരിച്ചു പറയൂ! ഭദ്ര! നിയ്യാരാണ്? എന്തൊരു വഴിക്കാണ് ആര്യപുത്രനായിട്ടു സംസർഗ്ഗമുണ്ടായത്?

ഹനു:—സ്വാമിനി കേട്ടാലും. ഞാൻ വായുഭഗവാൻെറ പുത്രനാണ്. സുഗ്രീവൻെറ ഭൃത്യനാണ്. ഹനുമാൻ

എന്നാണു് പേരു്.

സീത:—പിന്നെ പിന്നെ.

ഹനൂ:—പിന്നെ- സുഗ്രീവനു് അഗ്രജനായ ബാലിയോടു് സ്ത്രീ നിമിത്തമായിട്ടും രാജ്യംനിമിത്തമായിട്ടും വലിയ വൈരമുണ്ടായിത്തീൎന്നു.

സീത:—പിന്നെ പിന്നെ.

ഹനൂ:—പിന്നെ- ആ സുഗ്രീവൻ ബാലിയെ ഭയപ്പെട്ടിട്ടു് നാലുദിക്കിലും അവസാനംവരെയുള്ള ഭൂമി മുഴുവൻ പ്രദേശമാത്രംപോലെ ചുററിനടന്നു.

സീത:—പിന്നെ പിന്നെ.

ഹനൂ:—പിന്നെസ്സുഗ്രീവൻ മഹൎഷിശാപന്നിമിത്തം ബാലിയ്ക്കു കടന്നുകൂടാത്തതായ "മാല്യവാൻ" എന്ന പൎവ്വതത്തിൽപ്പാൎത്തു.

സീത:—പിന്നെ പിന്നെ.

ഹനൂ—പിന്നെ അങ്ങിനെയിരിക്കുന്ന കാലത്തിൽ ഈ അല്പായുസ്സായ രാക്ഷസൻ ചതിച്ച സ്വാമിനിയെ ഇങ്ങിനെ ഒരു കഷ്ടസ്ഥിതിയിലാക്കി.

സീത:—പിന്നെ പിന്നെ.

ഹനൂ:—അതിൻെറശേഷം ആ രാമദേവൻ ധീരനാണെങ്കിലും കാരണത്തിൻെറ ബലംകൊണ്ടു് സമുദ്രം എന്നപോലെ അധീരതയിൽപ്പെട്ടു.

സീത:—പിന്നെ. പിന്നെ.

ഹനൂ:—പിന്നെ അനുജനോടുകൂടിയ രാമസ്വാമി മരിച്ചുപോയ ജടായുവിൻെറ വാക്കിനെ പ്രമാണിച്ചിട്ടു് ഇവിടുത്തെ അന്വേഷിപ്പാൻ വേണ്ടി ഒരു മലയിൽനിന്നു മറെറാരു മലയിലും ഒരു കാട്ടിൽനിന്നു മറെറാ

ദ കാട്ടിലും മാറിമാറി പിന്നെയും പിന്നെയും നടന്നു സ്ഥലങ്ങളൊക്കെ പരിശുദ്ധമാക്കി.

സീത:—പിന്നെ, പിന്നെ.

ഹനു:—പിന്നെ ഒരു വലിയ കാട്ടിൽവെച്ച് ബാലിയുടെ ചാരന്മാരെപ്പരീക്ഷിച്ചറിയുവാൻവേണ്ടി സുഗ്രീവന്റെ കല്പനപ്രകാരം നടക്കുന്ന ഞാൻ ദേവനെക്കണ്ടെത്തി.

സീത:—സത്യമാണോ? നിന്റെ കണ്ണുകൊണ്ട്?

ഹനു:—സ്വാമിനി! ഉവ്വ്.

സീത:—പറയൂ. പറയൂ. എങ്ങിനെയാണ് ആര്യപുത്രന്റെ സ്വരൂപം?

ഹനു:—സ്വാമിനി കേട്ടാലും. ശ്രീരാമദേവൻ തിരുവടിയുടെ——

* തൃക്കാലിൽ ശംഖുചക്രം നഖരുചിദ്ധ്വമാം
　　തൃക്കണങ്കാലൊതുങ്ങി-
ച്ചൊൽക്കൊള്ളുമ്മദ്ധ്യമിന്ദ്രോപലവിപുലശില-
　　യ്ക്കൊത്തിടും മാർത്തടത്തിൽ
മുഖ്യശ്രീവത്സചിഹ്നം ഫണിയിണപണിയും
　　നീണ്ടതൃക്കൈകൾപൊന്മ്ത്താ-
രൊക്കും തൃക്കണ്ണുമിന്ദുമ്മുഴുമതിയെതിരാ-
　　യ്മിന്നിടും ചാരുവക്ത്രം. (൭)

സീത:—ഇപ്പോൾ ആര്യപുത്രനെ കാണുന്നതുപോലെ തോന്നുന്നു. പിന്നെ—പിന്നെ—

ഹനു:—പിന്നെ അപ്പോൾ,

* അല്ലേ നീലോല്പലാക്ഷീമണിമമദയിതേ
　　ഹന്തനീയെങ്ങുപോയെ-
ന്നെല്ലാം ചൊല്ലീട്ടു കാട്ടിൽ സ്മരപരവശനാ-
　　യീട്ടമസ്സ്വാമിരാമൻ

വല്ലാതേകല്ലുകണ്ണീരതിൽ മുഴുകിനിററ-
മ്മാറിട്ടംന്തപുരംതാൻ
മെല്ലെശ്രീകങ്കണം ശ്രീമകുടമിവകളാ-
ക്കീട്ടുവെയ്ക്കുന്നകണ്ടേൻ. (വൃ)

എന്തിനു വളരെപ്പറയുന്നു? ഇവിടത്തെ ചരണാഭരണം ദേവന്റെ സൎവ്വാംഗാഭരണമായിത്തീൎന്നു.

സീത:—എന്റെയാണെന്നു നീയെങ്ങിനെയറിഞ്ഞു?

ഹനു:—കണ്ടിട്ടില്ലാത്ത എനിക്കു പ്രമാണമായിട്ട് കുമാരലക്ഷ്മണനുണ്ടായിരുന്നല്ലൊ.

സീത:—ശരി. പിന്നെ- പിന്നെ-

ഹനു:—പിന്നെ.

* മത്തഭൃംഗനിരയാൎത്തുനന്മരതക-
ത്തൊടൊത്തതരുരാജിയും
കുത്തിവീണരിവിയാൎന്നനച്ഛ പരിശുദ്ധ
പൎവ്വതതടങ്ങളും
തത്രപമ്പയുടെ വീചിമാലപിളരുന്ന
കാററുകളുമായതി-
ല്ലുത്തമേതരഗുണങ്ങളേൎത്തിളകിയോരു
ദേവനെയിളക്കുവാൻ. ൻ

സീത:—പിന്നെ- പിന്നെ-

ഹനു:—* കാന്തയ്ക്കായ് ചണ്ടിനംകുന്നതിമുതിരുമാ-
ച്ചക്രവാകത്തിനോട്ടം
കാന്തശ്രീതാമരപ്പൂപ്പുളുമധുനകര-
ന്നോരു ഭൃംഗത്തിനോട്ടം
താന്താൻ നന്ദിച്ചുകൂടിബ്ബിസരസമറിയും
രാജഹംസത്തിനോട്ടം
ഭ്രാന്ത്യാ പ്രാപിച്ചുദേവൻ മഹ്വരപിഭവതി-
ക്കൊന്നു സന്ദേശമേകാൻ. ഹം

സീത:—പിന്നെ-പിന്നെ.

ഹനു:-

* അരിയമയിൽനിനാദങ്കൊണ്ടുമാകേതകപ്പൂ
നിരസരസമുലയ്ക്കുന്നോരിളങ്കാററുകൊണ്ടും
കരിമുകിൽ മലിനത്വം ചേൎത്തരാവിങ്കലെല്ലാം
നരവരനമുഹൂൎത്തം പ്രാണസന്ദേഹമായി. ൧൧

അപ്പോൾത്തന്നെ മിന്നൽ കൊണ്ടു വെളിച്ചം വീണപ്പോൾ

* വെള്ളത്തിൽമുങ്ങിന്നെഴുമെന്മദിരാക്ഷിയാൾത-
ന്നുള്ളങ്കരത്തളിരുമാത്രമുയൎന്നിടുന്നു
കൊള്ളാമിതെന്നു മുഹുരന്പൊടു ദേവിദേവ-
നള്ളം വിരിഞ്ഞു പലകോകനദം പിടിച്ചു. ൧൨

മററൊരുദിക്കിൽ ചെന്നിട്ടും—

* നല്ലോമൽത്തളിർചേൎത്തു ചേൎത്തഴകെഴും
നന്മെത്തതീൎത്തിട്ടുതാൻ
മെല്ലെപ്പൂക്കളെരുത്തു നിന്തിരുമുടി-
ച്ചാൎത്തിന്നുവെച്ചങ്ങിനെ
അല്ലേ ജാനകികോപനേവരികനീ-
യെൻജീവനാഥേജവാൽ
മെല്ലെന്നിങ്ങനെ ചെന്നപൂത്തലതയിൽ
ചെയ്തീടിനാൻ സാന്ത്വനം. ൧൩

സീത:—പവനപുത്ര! ഇതു സ്ത്രീകൾക്കു പ്രിയംതന്നെയായിരിക്കും. ഇനിക്കാകട്ടെ ശോകത്തേയും ലജ്ജയേയും ഉണ്ടാക്കുന്നു. പറയൂ പറയൂ- ഇപ്പോഴും നിൎഭാഗ്യയായ ഇനിക്കുവേണ്ടി ആൎയ്യപുത്രൻ അങ്ങിനെതന്നെയായിരിക്കുകയാണൊ?

ഹനു:—അല്ല അല്ല, സഹായം കിട്ടുകകൊണ്ടു ദേവനിപ്പോൾ പ്രസാദിച്ചിരിക്കുന്നു.

സീത:—ആൎയ്യപുത്രന് അനൎത്ഥകാലത്തിങ്കൽ മിത്രമായതു് ആരാണെന്നുകൂടി എന്നോടു പറയു.

ഹനു:—സ്വാമിനി കേട്ടാലും. ആ കാട്ടിൽ നിന്നു കൂട്ടിക്കൊണ്ടുപോയിട്ടു സംസ്കാരം ദേഹദേഹികൾക്കെന്നപോലെ രാമസുഗ്രീവന്മാൎക്കു തമ്മിൽ ഞാൻ സംബന്ധമുണ്ടാക്കി.

സീത:—പിന്നെ പിന്നെ-

ഹനു:—പിന്നെ അവിടുത്തെ പ്രഭാവംകൊണ്ടു് ബാലിഭയം തീരെയില്ലാതെ സൎവ്വവാനരഋക്ഷാധിപത്യം എല്ലാദിക്കിലും അപ്രതിഹതശാസനമാകുംവണ്ണം പ്രയത്നംകൂടാതെതന്നെ സുഗ്രീവനു കിട്ടി.

സീത:—പിന്നെ- പിന്നെ-

ഹനു:—ഇങ്ങിനെ കാൎയ്യം സാധിച്ചതിന്റെ ശേഷം സുഗ്രീവനും ഇവിടുത്തെ അന്വേഷണം എന്നു് സ്വാമികാൎയ്യത്തിൽ പ്രവേശിച്ചു.

സീത:—പിന്നെ- പിന്നെ-

ഹനു:—പിന്നെ ജന്മംകൊണ്ടു മാത്രം പരിഹാസപാത്രങ്ങളായും കൎമ്മംകൊണ്ടു ദേവകളേയും കടത്തിവെയ്ക്കുവന്നവരായുമുള്ള വാനരവീരന്മാരെയും ഋക്ഷാധിപന്മാരെയും അവധി നിശ്ചയിച്ചു നാലുദിക്കിലേയ്ക്കുമയച്ചു.

സീത:—പിന്നെ പിന്നെ-

ഹനു:—ഇദ്ദിക്കിലേയ്ക്കു യുവരാജാവായ അംഗദനായ നായകനോടുകൂടിയതും ഋക്ഷരാജാവായ ജാംബവാൻ മുമ്പിട്ടു നടക്കുന്നതുമായി ഞാൻ തുടങ്ങിയ സൈന്യത്തെ കല്പിച്ചയച്ചു.

സീത:—ഇദ്ദിക്കു ശങ്കിക്കേണ്ടുന്ന ദിക്കാണല്ലൊ. പിന്നെ പിന്നെ.

ഹനൂ:—പിന്നെ എല്ലാ വാനരവീരന്മാരും നോക്കിനില്ക്കെ മ്പോഠം മുമ്പിൽക്കണ്ട വിശ്വാസമുണ്ടാകകൊണ്ട് എന്നെ അടുക്കൽ വിളിച്ചു തരികയും കല്പിക്കയും ചെയ്തു.

സീത:—എന്തു്? എന്തു്?

ഹനു:—(നമസ്കരിച്ചു മോതിരം കൊടുക്കുന്നു.)

സീത:—(വാങ്ങിച്ചിട്ട്) ഇതാണല്ലോ അത്ഭുതാംഗുലീയം. ഇതല്ലോ മഹർഷിമാർ കൊടുത്തതു്? ഇതല്ലോ കുമാരൻ കൊണ്ടുവന്നതു്?

ഹനൂ:—(വിചാരം) ഇതാ ദേവി——

* പുരികുഴലിചണഞ്ഞീടുന്നു ചേക്കുന്നു വക്ത്രേ
കരതളിരൊട്ടുഗാത്രമ്പ്രേത്തുപുറംകുന്നു ഗാഢം
വിരലുകളിചിട്ടുന്നു സ്തബ്ധയായിട്ടു ചിന്താ
പരവശമലിവാണ്ടുകൊണ്ടുനോക്കുന്നുപിന്നെ. (൫൪)

സീത:—ഇതല്ലോ ലോകാഭരണത്തിനും ആഭരണമായിട്ടുള്ളതു്? ഇതല്ലോ വില്ലിൻെറ ഞാണവലിക്കുമ്പോഠം കുഴങ്ങിയിരുന്നതു്? ഇതല്ലോ രാക്ഷസമായയെ വെളിപ്പെടുത്തുന്നതു്? ഇതല്ലോ രാത്രിതോറും രത്നപ്രദീപമായിട്ടുള്ളതു്? ഇതല്ലോ വദനാലങ്കാരത്തിനു കണ്ണാടിയായി കല്പിച്ചിരുന്നതു്?

ഹനൂ:—ഇവളെക്കുറിച്ചു ദേവൻ ഇതിലും ന്നൂറിരട്ടി ഉന്മാദപ്പെടേണ്ടതാണു്.

സീത:—മോതിരമേ! ഞാനെന്നപോലെ നീയും ആയ്യപുത്രൻെറ കൈവശത്തിൽനിന്നു വിട്ടുപോയല്ലൊ. എന്നെപ്പോലെ ആയ്യപുത്രൻ പാണിഗ്രഹണം ചെയ്തതാണല്ലോ നിന്നും. നിനക്കെന്തുകൊണ്ടു വൈവർണ്യമുണ്ടായി? എന്നെപ്പോലെ നിന്നെയും രാക്ഷസൻ ബലാൽകാരേണ കൊണ്ടുവന്നു എന്നുണ്ടോ?

ഹനു:—(സ്വപ്നം)

* വരരഘുതിലകൻതൻ കൈവശം വിട്ടുവന്നാ
വിരഹദഹനതാപം പൂണ്ടവാറംഗുലീയം
പരമിതുവരെയുള്ളെല്ലാ നാളിൽ വിശ്രാന്തിയേന്തി-
ത്തരുണിയണിമണേനിൻ ചാരുമൈ ചേൎന്നുവല്ലോ ൧൧

സീത:—എന്താണു ചെയ്യേണ്ടതു്?

ഹനു:—(വിചാരം) ഇവളുടെ,

* വിളറിയമപോലെയുള്ളൊരു
തളിർമേനിയിലോട്ടമംഗുലീയപടം
പുളകമൊട്ടും ശ്യാമളമായ്
വെളിവിൽ കാണുന്നതുണ്ടിഹ ഞാൻ. (൧൨)

സീത:—പേരെഴുതിയ അക്ഷരങ്ങൾ വായിച്ചുനോക്കട്ടെ.
(കൈയ്യിലത്തി നോക്കുന്നു.)

ഹനു:—* ചെന്തളിർകരമതിൽ വിണിത
ചിന്തുംകണ്ണീർകണങ്ങളൊരുപോലെ
ഹന്ത പൊടിമുത്തിന്നെതിരായ്
ചെന്താരതിൽവീണ മഞ്ഞുപൊടിപോലെ. ൧൩

സീത:—ഭദ്ര! നിന്നെക്കണ്ടതുകൊണ്ടു് ഇനിക്കു ദേവകൾ അനുകൂലന്മാരായി എന്നു ഞാനറിയുന്നു. ആൎയ്യപുത്രന്റെ വാക്കു കേൾപ്പാൻ എന്റെ ചെവികൾക്കു കൌതുകം തോന്നുന്നു. അല്ലാതെ അടയാളത്തിനുവേണ്ടിയല്ലേ. ആൎയ്യപുത്രന്റെ മറെറാരടയാളമായ വാക്കും എന്നോടു പറയൂ.

ഹനു:—ഇവിടുന്നു ചതിനിലയിൽപ്പെട്ടിരിക്കുമ്പോൾ അടയാളത്തിന്റെ ഉറപ്പിനുവേണ്ടി ഇതുംകൂടി അരുളിച്ചെയ്തിട്ടുണ്ടു്.

സീത:—എന്തൊന്നാണു്?

ഹനു:—

* സൈപരംനിന്മന്ദിരേത്തൊന്നൊരുകറിപതിവി-
ല്ലാത്തനേരത്തണഞ്ഞേൻ
ചോരൻനീദണ്ഡ്യനെന്നായ് ഭവതിമധുരമാ-
യ്ചൊല്ലിമെല്ലെത്തദാനീം
പാരംമങ്ങുംവെളിച്ചത്തിലമധുവിതരും
മുല്ലമാല്യത്തിനാലേ
നേരേകൈകെട്ടകെന്നാക്കപടമൊട്ടൂദ്ബന്ധം
ഹന്തബന്ധിച്ചചിത്തം. (൧൨)

സീത:—(സന്തോഷത്തോടുകൂടി) ആശാലതേ! ഇപ്പോൾ നി നക്കു് പൂക്കാം. നിന്നെ മാരുതി അമൃതുകൊണ്ടു ന നയ്ക്കുന്നുണ്ടല്ലോ. മനസ്സേ! നിനക്കും ആര്യപുത്രൻ ന ടപ്പാനൊരു വഴിയുണ്ടാക്കിത്തന്നു. ജീവിതമേ! നീയും അന്തകരാജധാനിയിലേയ്ക്കുള്ള വഴിയുടെ പകുതിയി ൽവെച്ചു തിരിച്ചുപോന്നു. പവനപുത്ര! നിന്നോടു് കുറച്ചു പറഞ്ഞാൽ കൊള്ളാമെന്നു മോഹമുണ്ടു്. പറ യേണ്ടതെന്താണെന്നൊട്ടും അറിഞ്ഞുകൂട താനും. നി ൻെറ അച്ഛനായ വായുഭഗവാൻ സകല ലോകങ്ങളു ടേയും പ്രാണനാണല്ലോ. എന്നാൽ എൻെറ പ്രാ ണൻ നീതന്നെയായിത്തീൎന്നിരിക്കുന്നു.

ഹനു:—ദേവി ഭൃത്യന്മാരെസ്സന്തോഷിപ്പിക്കുന്നതിൽ സമൎത്ഥ യാണല്ലോ.

സീത:—വായുപുത്ര! പറയൂ പറയൂ. ഇതു് അത്ഭുതം തന്നെ. എന്തൊരുപായംകൊണ്ടാണിപ്പോൾ ഇവിടെ വന്ന തു്? എങ്ങിനെയാണീ വലിയ സമുദ്രം കടന്നതു്?

ഹനു:—പിന്നെ ആ പൎവ്വതത്തിങ്കൽനിന്നു ദേവൻെറ കല്പ നയെ പ്രസാദംപോലെ ശിരസ്സിൽ വഹിച്ചുംകൊണ്ടു് ഈ ദിക്കിലേയ്ക്കു വാനരസൈന്യം പുറപ്പെട്ടു.

സീത:—പിന്നെ പിന്നെ.

ഹനു:—പിന്നെ,

* കാരോന്ത്രാമലകരംക്കെഴുംഗുഹയിലെ-
    ന്നല്ലാവളംവായ്പൂയാൽ-
പ്പാരന്തിങ്ങിമരങ്ങളംനില്പൊരുനദീ-
    തീരക്കൊടുങ്കാട്ടിലും
പോരാവൻകടൽതൻതടാടവിയിലു-
    മ്മററുംതപദന്വേഷണം
പാരാതെപ്പൊഴുമേകഴിച്ചവധിതെ-
    ററിച്ചുകപീന്ദ്രവ്രജം. (ഛൻ)

സീത:—പിന്നെ പിന്നെ.

ഹനു:—പിന്നെ അവധി തെററിപ്പോയതുകൊണ്ടു് എല്ലാ വാനരപതികളും പ്രായോപവേശനം ചെയ്വാൻ നിശ്ചയിച്ചു.

സീത:—കഷ്ടം! കഷ്ടം! പിന്നെ പിന്നെ.

ഹനു:—പിന്നെ ആ സമയത്തിൽ മരിച്ചുപോയ ജടായുവിൻെറ ജ്യേഷ്ഠനായ സമ്പാതി എന്ന ഗൃദ്ധ്രരാജാവു് ഒച്ചകേട്ടു് ആ പ്രായോപവേശസ്ഥലത്തെത്തി.

സീത:—പിന്നെ പിന്നെ.

ഹനു:—പിന്നെ അദ്ദേഹം കൂടെത്താമസിച്ചിരുന്നവനെപ്പോലെ ഇവിടുത്തെ വൎത്തമാനമൊക്കെ നല്ലവണ്ണം ഞങ്ങളംക്കറിയിച്ചുതന്നു.

സീത:—ആശ്ചൎയ്യം തന്നെ. ആ ജാതിക്കാരൊക്കെ പരോപകാരികളാണല്ലോ. മുമ്പിലും അദ്ദേഹത്തിൻെറ അനുജൻ എനിയ്ക്കുവേണ്ടി പ്രാണൻ കളഞ്ഞു. പിന്നെ. പിന്നെ.

ഹനു:—പിന്നെ അദ്ദേഹത്തിൻെറ ഉപദേശംമൂലം മഹാസമുദ്രം ചാടിക്കടന്നു് ഈ ഉദ്യാനത്തിൽ വന്നെത്തി.

സീത:—എൻെറ ശോകസമുദ്രം തന്നെയാണു് നീ കടന്നതു്. വ്യസനങ്ങടക്കുവാനമരക്കാരനായ വായുപുത്ര! പ. റയൂ. പറയൂ. ഈ വ്യസനം തീരുന്നതെന്നാണു്?

ഹനു:—ഇവിടെയ്ക്കു ഭത്താവിൻെറ സന്ദേശമുണ്ടു്.

സീത:—സന്ദേശമുണ്ടോ? എനിയ്ക്കു് അനുഗ്രഹമായി.

ഹനു:—ഇങ്ങിനെയാണു് ഭത്തൃസന്ദേശം.

* നല്ലോരാസൽസദസ്സിൽഗ്ഗുരുഗൃഹമതിൽവെ-
ച്ചന്നുഞാൻവില്ലലച്ചി-
ട്ടല്ലോ കല്യാണകാലേഗ്ഗുരുതരജഘനോപണ്ടു
കയ്യേല്ലാണ്ടുനിന്നേ
വല്ലാതെ പങ്ക്തികണ്ഠൻ ചതിയിലിഹപിണ-
ച്ചോരുബന്ധത്തിൽനിന്നും
ചൊല്ലാളും വില്ലുപോരിൽപടുതയൊടുകല-
ച്ചിട്ടുകൈക്കൊണ്ടുകൊള്ളാം. (൨൦)

സീത:—രാക്ഷസൻെറ പ്രാണനെ മുമ്പിലെടുത്തിട്ടു് ആയ്യപുത്രൻ എന്നെ കൊണ്ടുപോകും അല്ലേ? എന്നാൽ എന്തിനിപ്പോഠം നീ താമസിക്കുന്നു? വേഗം ചെല്ലൂ. ഋഷികളുടെ അനുഗ്രഹമായ ഈ ചൂഡാമണി വാങ്ങിക്കൊള്ളൂ. ആയ്യപുത്രനും ഇതുകണ്ടാൽ ഞാൻ അനുകൂലയാണെന്നു ധരിച്ചുകൊള്ളും.

ഹനു:—അമ്പോ! ദേവിയുടെ ഉചിതജ്ഞതയും ദാക്ഷിണ്യം! ദേവി പ്രസാദിച്ചാലും. (വാങ്ങുന്നു)

സീത;—ആയ്യപുത്രൻ അധികം വ്യസനിക്കാത്തവിധത്തിൽ എൻെറ വത്തമാനമൊക്കെ പറയണം.

ഹനൂ:—സ്വാമിനിയുടെ കല്പനപോലെ. ഇനിക്ക് അനുഗ്രഹമായി.

സീത:—നീയും ചെല്ലു. ഞാനും മുമ്പിലത്തെപ്പോലെ ശിംശിപാവൃക്ഷത്തിന്റെ ചുവട്ടിൽ നിങ്ങളുടെ വൎത്തമാനം കേൾപ്പാൻ തയ്യാറായിരിക്കാം.

ഹനൂമാൻ:—

* ഘോരരാക്ഷസകുലം മുടിച്ചുപണിരീന്ന
ചാപമതുവെച്ചകൈ-
ത്താരുമൂടിട്ടുമുട്ടമ്പുതോലുറ തുറന്നു
പോയ് വ്രണമണിഞ്ഞതഹോ
ചാരുവായ്ക്കുടകുടന്നുടന്നവരേഖ-
യുള്ള കരതാരിനാൽ
വീരരാമനയിദേവിദേവനിവിട്ടത്ത
വേണിയെ വിടുത്തിടും.

(എല്ലാവരും പോയി)

അംഗുലീയാങ്കം എന്ന ആറാമങ്കം
കഴിഞ്ഞു.

——(0)——

## ഏഴാമങ്കം.

(അനന്തരം ഭാൎയ്യയോടുകൂടി വിദ്യാധരൻ പ്രവേശിക്കുന്നു-

വിദ്യാ:—സൌദാമിനി! ഇപ്പോൾ വിദ്യാദേവതയെ ആരാധിച്ചിരുന്നതുകൊണ്ടു ദേവേന്ദ്രനെ സേവിപ്പാൻ പതിവുള്ള സമയം ഞാനത്ര നോക്കിയില്ല. കുറച്ചു ബുദ്ധിമുട്ടിയാലും എന്റെ പിന്നാലെ പോരു. വേഗം പോയിട്ടു വേണ്ടുന്നേരത്തിൽ അവിടെ ചെല്ലണം.

UNIVERSITY LIBRARY MADRAS

സൌദാ:—ആര്യ്യാ! ഇതാ ഞാൻ.

വിദ്യാ:—സൌദാമിനി! വരു.

* മെച്ചമോട്ടുവിടരുന്നദിവ്യമലർമാല
നല്ലഴകെഴുംവിധം
വെച്ചണിഞ്ഞ കചബന്ധമൊന്നിഹമറയ്ക്കു
ഭംഗിയിൽ മുറുക്കെടൊ
അച്ഛകുണ്ഡലരുചിപ്രചാരരചിതേന്ദ്ര
ചാപമണിയുമ്മുല-
ക്കച്ചവെച്ചിനി വരിഞ്ഞുകെട്ടുകയിവില്ലൊ-
ളിപ്പുരിയവല്ലിനീ. (൧)

സൌദാ:—ആര്യ്യാ! അങ്ങിനെതന്നെ.

വിദ്യാ:—നോക്കു. നോക്കു.

* കുന്നിൻെറവൻമുടിയിൽനിന്നുടനഞ്ജനാഭ
ചിന്നുന്നഭസ്സിലുയരുന്ന നമുക്കിദാനീം
ഒന്നൊന്നതായ് പലപദാൎത്ഥമഹോമിഴങ്ങി-
ത്തിന്നുന്നപോലവനിയുണ്ടിതതോന്നിടുന്നു? (൨)

സൌദാ:—ആര്യ്യ! കുലപൎവ്വതങ്ങൾ പോലും ഇപ്പോൾ സം
ശയിക്കത്തക്ക സ്ഥിതിയിലായിരിക്കുന്നു.

(ചുററിനടക്കുന്നു)

വിദ്യാ:—ഓഹോ! നമുക്കു വഴിയാത്ര ഇപ്പോൾ വളരെ സു
ഖമായിരിക്കുന്നു.

ഒരുപുറത്തു് ദയിതയുടെ കുചസ്പൎശം. മറെറാരുപുറത്തു്
ദിഗ്വധൂപയോധരസ്പൎശം—

* വാനിൻവായുവരുന്നതേററുവടിവിൽ
ശക്രോപലച്ഛായമാം
വാനോർവൎഗ്ഗവഴിയ്ക്കുവാച്ചസുഖവും പൂ-
ണ്ടിങ്ങുപോകുന്നുഞാൻ

താനേതന്നെതണ്ടത്തനീരുനിറയും കാർ-
മേഘഗർഭങ്ങളിൽ-
ത്താനേന്തുംവലയാഗ്രവജ്രശകല-
ങ്കൊന്നിട്ടുരച്ചിങ്ങിനേ. (൩)

(അണിയറയിൽ)

* കയ്യേല്ക്കൊള്ളാമിന്നുതൊട്ടാശരരശ്രുചിപെട്ടു-
ത്താതെയഗ്നിയ്ക്കുഹാര്യം
സ്വർഗ്ഗംഗാസ്നാതരായ്‌സന്ധ്യയിലൃഷിവൃഷഭ-
ക്കേഴുപേക്കും ജപിക്കാം
നേർക്കായ്‌നിർഭീതിപായാംരവിഹയമതിനും
മന്ദരാദ്രിയ്ക്കുസാല്യ-
മാക്കും ചാരിത്രഭംഗാൽ ഭയമറ്റുക-
ളയാം സ്വർഗ്ഗമാർഗ്ഗം തുറക്കാം. (൪)

വിദ്യാ:—ഏ് ലോകത്തിലൊക്കെ പരസ്യം ചെയ്യുന്നതു പോലെ ഇരിക്കുന്നു. രാവണനെ കൊന്നുകഴിഞ്ഞിരിക്കണം.

സൌദാ:—ഞാനും അങ്ങിനെതന്നെയാണു വിചാരിക്കുന്നതു്. രാമൻ രാക്ഷസകുലം രാവണമാത്രാവശേഷമാക്കിത്തീർത്തു എന്നൊരു വർത്തമാനം ഇന്നലെ നടന്നിരുന്നു.

(അനന്തരം പെരുമ്പറയടിച്ചുകൊണ്ടു ജാംബവാൻ പ്രവേശിക്കുന്നു)

ജാംബ:—'കയ്യേല്ക്കൊള്ളാം' (എന്നൊന്നുകൂടി ചൊല്ലീട്ടു്)

* പണ്ടാവാമനമൂർത്തിയാനമുചിയെ-
ക്കൊന്നിട്ടയന്നന്നടി-
ത്തണ്ടാർചൂഴവുടൻ പെരുമ്പറയടിച്ചു-
ക്കൊണ്ടുപാഞ്ഞേനഹം

കൊണ്ടാടിട്ടുശകണ്ഠദനകൊലകഴിച്ചാ
രാമനും നമ്മളിൽ-
ക്കൊണ്ടാവേലചമത്തിതക്കതൊഴിലേ
നാട്ടാർ നടത്തുദ്ധം.

വിദ്യു:—(സന്തോഷത്തോടുകൂടി) ഇപ്പോൾ ത്രൈലോക്യത്തിന്റെ കണ്ടകം കളഞ്ഞു.

സൌദാ:—ഇപ്പോൾ പതിവ്രതമാരുടെ മനസ്സിലൊരു ശ്വാസം വീണു.

ജാംബ:—വലിയ ഭാരമായല്ലോ. നടന്നതൊട്ടെ. (പോയി)

വിദ്യു:—സൌദാമിനി! ഇപ്പോൾ ഇഷ്ടം സാധിച്ചതുകൊണ്ടു വികസിതാക്ഷനായ സഹസ്രാക്ഷനെ നമുക്കു ചെന്നു പൂജിയ്ക്കുകതന്നെ.

(രണ്ടുപേരും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം യുദ്ധവേഷം കളഞ്ഞ ലക്ഷ്മണനോടും സുഗ്രീവനോടും വിഭീഷണനോടുംകൂടി ശ്രീരാമൻ പ്രവേശിയ്ക്കുന്നു)

രാമ:—സഖേ! വിഭീഷണ!

* എന്നാലോപരിപൃക്കടൻ പതി നശി-
ച്ചുള്ളോരു ലോകത്തെയൊ-
ന്നൊന്നായ്ക്കണ്ടിനിവേണ്ട കർമ്മമുചിത-
മ്പോലാചരിപ്പിക്കെടോ
ഒന്നായ്ക്കൂടെ സങ്കടങ്ങളിലെഴും
പൌരക്കൾപാക്കും വിധൌ
നന്നായ്ക്കൽക്കലജാതദർശനമതൊ-
ന്നല്പ്പാസമുണ്ടാക്കമേ. (൬)

വിഭീ:—ദേവൻ പ്രസാദിക്കേണം. ഞാൻ ബന്ധുസ്നേഹത്താ
ലൊന്നും പറയുന്നില്ല.

* നന്നായുള്ള ജനങ്ങളെങ്ങുരജനീ-
ചാരീന്ദ്രരാം ഞങ്ങളെ-
ങ്ങെന്നാലും മമ നൽകിടുന്നിതു ഭവൽപ്പാ-
ദാശ്രയം നൽസുഖം
എന്നല്ലാതെ നശിച്ചപ്പോരഗ്രജനെഴ-
ന്നാ ചഞ്ചലശ്രീസുഖ-
ത്തിന്നില്ലാലവലേശവും നരപതേ
പാൎത്താലിനിക്കാഗ്രഹം. (൭)

രാമ:—ഛെ!! അങ്ങിനെ പറയരുതു്. ഇതു രാജാക്കന്മാൎക്കു
ധൎമ്മമല്ല. സ്വാധീനത്തിൽ വന്ന ലക്ഷ്മിയെ അപ
മാനിക്കരുതു്. എന്നു തന്നെയല്ല,

* ചാലേസൽഗ്ഗുണശീലതിന്നൊടുസമം
നിന്നഗ്രജൻ തൻബല-
ത്താലേ നാടുകടത്തി വിട്ടവളെ-
ക്കാലത്തിലേക്കെങ്കിലും
ചേലിൽസ്സല്പഥഗയ്ക്കുമന്പുടയനീ
മുമ്പായ് നടന്നീടുതാൻ
പൌലസ്ത്യക്ഷിതിപൎക്ക ധൎമ്മമടിയു-
ന്നീടട്ടെയെല്ലാടവും. (൮)

വിഭീ:—ദേവ! ഇന്നുമുതൽ

* പരമിഹബഹുമാനത്തിന്നു ഞാൻപാത്രമായ് നി-
ന്തിരുവടികനിവോടൊത്തിഷ്ടനായ്ക്കാൺകയാലേ

ഹരനണിയുവതെന്നായുട്ടടയ്ക്കുകളിലെല്ലം
പരിചിനൊടുബുധന്മാർചൂടിടുന്നുണ്ടതല്ലോ. (൯)

രാമ:—സഖേ! സുഗ്രീവ! അങ്ങയുടേ സ്നേഹിതനായ വിഭീഷണൻ പര്യാകുലനെന്നപോലെയിരിയ്ക്കുന്നു. വേണ്ടതുപോലെയൊക്കെച്ചെയ്യിച്ച് ഇദ്ദേഹത്തിനേ ലങ്കയിൽ പ്രകൃതികളോടുകൂടിയിണക്കൂ.

സുഗ്രീ:—ദേവൻെറ കല്പനപോലെ. ലങ്കേശ്വര! വരൂ. (രണ്ടാളും പോയി)

രാമ:—വിഭീഷണനെ രാജാവാക്കിവെച്ചതുകൊണ്ട് ഇന്നു ഞാൻ കൃതാൎത്ഥനായി.

* സ്ഫുടമൎത്ഥിയാചനാലത-
യുടനേഫലിയാത്തമന്നടെലക്ഷ്മി
കടചാമരമിവകൾപെട്ടം
നടന്നടെലക്ഷ്മിയ്ക്കുനല്ലതിയല്ലോ. (൧൦)

സുഗ്രീ:—[പ്രവേശിച്ചിട്ട്] ദേവൻ ജയിച്ചാലും.

രാമ:—എന്താണിത്. പോയ ഉടനേതന്നെ അങ്ങു തിരിച്ചു വന്നതു്?

സുഗ്രീ:—'ദേവി പുറത്തെഴുന്നള്ളാതെ ഞാൻ പുരിയിലെയ്ക്കു കടക്കില്ല' എന്ന് വിഭീഷണൻ പറയുന്നു.

രാമ:—എന്നാൽ അങ്ങെയുടെ സഖിയെ കൂട്ടികൊണ്ടു വരൂ.

സുഗ്രീ:—ദേവൻെറ കല്പനപോലെ. [പോയി]

രാമ: —[ആലോചനയോടുകൂടി]

* കാലേബാലിയെ ദേവസാവാർദ്ധിചിറയി-
ട്ടദ്രിവ്രജത്താൽക്രമ-
ത്താലേലങ്കയണഞ്ഞുരാവണനെയാ-
ക്കൂട്ടത്തൊടുംകൊന്നഞാൻ

ചാലേ മാരുതിചൊന്നവാക്കുകളതി-
ക്കാക്കുന്നു സംവാസമൊ-
ന്നാലേമന്നവപുത്രിയാളവരംപരം
നിർദ്ദോഷയാവില്ലയോ? (൧൧)

ലക്ഷ്മ:—ആര്യൻ പ്രസാദിച്ചാലും.

* നാരീസ്വഭാവമതിസൌഖ്യപരം വിശേഷാൽ-
പ്പാരിച്ചദുർവിനയമുള്ള വരാശരന്മാർ
ദ്ദൂഃത്തുനമ്മളതുകൊണ്ടിഹദേവിതന്റെ
ചാരിത്രശുദ്ധതപരീക്ഷകഴിച്ചിടേണം. (൧൨)

രാമ:—ലക്ഷ്മണ! ഹനുമാനെവിടെ?

ലക്ഷ്മ:—അദ്ദേഹം ഇപ്പോൾ യുദ്ധഭൂമിയിൽ,

* ശൈലാനീക്കന്നൊകൈകൊണ്ടതിന്നിടയിടയിൽ-
പ്പെട്ടകീശർക്കുവേണ്ടി-
ച്ചാലേകയ്യൂക്കാണ്ടിടുന്നുകരടികളെനിശാ-
ടാസ്യഗത്തത്തിൽനിന്നും
ഗോലാംഗുലർക്കുയുദ്ധശ്രമമതരിവിയാർ
വീഴ്ത്തിമാററുന്നുചത്താ-
പ്പൌലസ്ത്യക്കൂററുകാരെജ്ജലധിയിൽമകര-
ങ്ങൾക്കുപങ്കിട്ടിടുന്നു. (൧൩)

രാമ:—അദ്ദേഹത്തിന്നു സദൃശമായ പ്രവൃത്തി തന്നെ. (അണിയറയിൽ) മാറിനില്പിൻ. ആര്യന്മാരെ! മാറി നില്പിൻ.

രാമ:—ലക്ഷ്മണ! എന്താണിതു്?

ലക്ഷ്മ:—ഇതു് ആര്യയുടെ എഴുന്നള്ളത്താണു്.

രാമ:—മഹാജനം ദേവിയെക്കുറിച്ചെന്തു പറയുമൊ ആവോ? ലക്ഷ്മണ! 'ആളുകളെ മാറേറണ്ട. അവിടത്ത

ന്നെ വാഹനത്തിൽ നിന്നിറക്കി മൈഥിലിയെ പ്ര
ത്യക്ഷത്തിൽകൊണ്ടുവരു' എന്നു് സുഗ്രീവനോടു് ക
ല്പിയ്ക്കു.

ലക്ഷ്മ:—ആര്യന്റെ കല്പനപോലെ. (പോയി)

രാമ:—

* പുല്ലാക്കിരാവണനെനിക്കീമനസ്സുതന്നിൽ
വല്ലാതുറച്ചമിഥിലേശ്വരപുത്രിതന്റെ
ചൊല്ലാർന്നസച്ചരിതസാരമണിഞ്ഞരൂപ-
മെല്ലാവരുംവിരവിനോടിഹകണ്ടിടട്ടേ. (൧൪)

(അനന്തരം ലക്ഷ്മണനോടും സുഗ്രീവനോടുംകൂടി
സീത പ്രവേശിയ്ക്കുന്നു)

രണ്ടുപേരും:—(നമസ്കരിച്ചിട്ടു്) ദേവി! ഇതിലെ ഇതിലെ.

(അണിയറയിൽ) ലക്ഷ്മണന്റെയും സുഗ്രീവന്റെയും സാ
ധ്വാചാരം ആശ്ചര്യംതന്നെ.

* ദൂരത്തിൽനിന്നുതലതാഴ്ത്തിനമസ്കരിയ്ക്കു-
മീരണ്ടുപേർകളുടെയുംനയനങ്ങളൊപ്പം
പാരിന്നധീശനുടെകന്യകതന്റെപാദ-
താരിന്റെയുഗ്മമതിലേപതിയുന്നതുള്ളൂ. (൧൫)

സീത:—(വിചാരം) ആര്യപുത്രൻ എന്നെക്കുറിച്ചെന്തു വി
ചാരിക്കുമോ ആവോ? മഹാജനം എന്തു വിചാരി
യ്ക്കുമോ ആവോ? സ്ത്രീകളുടെ സ്വഭാവംതന്നെ വി
ശ്വസിപ്പാൻ വയ്യാത്തതാണല്ലോ. നിർഭാഗ്യയായ
എനിക്കുവേണ്ടി അനർത്ഥസമുദ്രത്തിൽ വീണ ആര്യ
പുത്രൻ സ്വന്തം ബാഹുബലംകൊണ്ടു നീന്തിക്കട
ന്നു. "മുമ്പിൽ വില്ലുകൊണ്ടു കൈക്കലാക്കിയ ഇവിട
ത്തെ ഇപ്പോഴും വില്ലുകൊണ്ടു കൈവശപ്പെടുത്തും"
എന്നു് ഹനുമാൻ പറഞ്ഞതു സത്യംതന്നെയായി.

ലക്ഷ്മ:—ആൎയ്യൻ പ്രസാദിച്ചാലും.

സുഗ്രീ:—ദേവൻ ജയിച്ചാലും.

സീത:—ആൎയ്യപുത്രൻ ജയിച്ചാലും.

രാമ:—ദേവി! ഇങ്ങോട്ട് (ഇങ്ങോട്ട് എന്നു പകുതി പറഞ്ഞു മുഖം തിരിക്കുന്നു)

രണ്ടുപേരും:—എന്താണിത്?

രാമ:—ലക്ഷ്മണ! ഹനൂമാനെ വിളിച്ചുകൊണ്ടുവരൂ.

ലക്ഷ്മ:—ആൎയ്യന്റെ കല്പനപോലെ (പോയി)

രാമ:—സുഗ്രീവ! മുമ്പിലിവളെ കണ്ടില്ലെന്നുണ്ടോ?

സുഗ്രീ:—[പേടിച്ചുനിൽക്കുന്നു]

രാമ:—സുഗ്രീവ! മുമ്പിലൊരുത്തിയിലും കാണാത്തതായ വിരഹചാരിത്രം നോക്കൂ.

* ചാരുകാന്തിഹരിചന്ദനംപരമണിഞ്ഞിട്ടുംകുളുർകുചങ്ങളും
താരണിഞ്ഞുമണമാന്നമഞ്ഞുതരമായിട്ടംചികുരബന്ധവും
ഭൂരിഭംഗിയരുണന്റെശോണരുചിമട്ടു കട്ടുമൃദുപട്ടമൊ-
ട്ടേറെയൊത്തുവിരഹവ്രതത്തിനവഹിപ്പതുണ്ടിവരംപതിവ്രതാ. (൧൩)

സുഗ്രീ:—ദേവ! എന്റെ അത്യാചാരദോഷത്താലാണ് ഇവരം ദേവന്റെ തിരുമുമ്പിൽ വന്നത്.

രാമ:—ശരി. ലക്ഷ്മണനും കണ്ടിട്ടില്ല നിശ്ചയം.

സീത:—[വിചാരം] കഷ്ടം !! കഷ്ടം !! അനസൂയയുടെ അനുഗ്രഹവും എനിക്കിപ്പോരം ശാപമായിത്തീൎന്നുവല്ലോ.

[ലക്ഷ്മണനും ഹനുമാനും പ്രവേശിച്ചിട്ട്]

ലക്ഷ്മ:—ആര്യൻ പ്രസാദിച്ചാലും.

ഹനു:—സ്വാമി ജയിച്ചാലും.

രാമ:—ലക്ഷ്മണ! ഹനുമാനോടുകൂടി ഇവളെ നോക്കൂ.

രണ്ടാളും—(നോക്കീട്ട മുഖം തിരിക്കുന്നു)

ഹനു:—ലങ്കയിൽ വച്ചു ഞാൻ വേറെ ഒരു മാതിരിയാണ് ഇവളെ കണ്ടിട്ടുള്ളത്. ഇപ്പോൾ ഇവൾ മറെറാരു മാതിരിയായിരിക്കുന്നു.

സീത:—ആര്യപുത്ര! എനിക്കു കുറച്ചൊന്നു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്.

രാമ:—നിൻെറ രൂപംതന്നെ പറയുന്നുണ്ടല്ലൊ.

സീത:—കുമാര! നീയെൻെറ വാക്കു കേൾക്കൂ.

ലക്ഷ്മ:—നിൻെറ വാക്കു കേട്ടതിൻെറ ഫലമാണിതൊക്കെ.

സീത:—പവനപുത്ര! കേൾക്കൂ.

ഹനു:—അക്കാലം കഴിഞ്ഞു.

രാമ:—ഛേ!! ഇപ്പൊഴും നീ എൻെറ മുമ്പിൽ നിൽക്കുന്നുവോ?

* ഓരോരാരിടത്തുരജനീചരരായജാര-
ന്മാരോടുമൊത്തിടകുറിച്ചുദിനങ്ങൾതോറും
പാരാതെഭണ്ഡകവനേകപടങ്ങൾകാണാ-
ത്തോരായനമ്മെയെടിപുംശ്ചലിനീചതിച്ചൂ. (൫൧)

സീത:—(പുഞ്ചിരിയോടുകൂടി) ആര്യപുത്രനും പരുഷവാക്കു പറയുന്നു.

സുഗ്രീ:—(വിചാരം)

* തന്നുടെയധിപതിയിതുവിധമായ്-
ച്ചൊന്നതുകേട്ടിഹ ചിരിച്ചിടുന്നതിനാൽ

ഇന്നഖിലസ്ത്രീകളിലും
താന്നവളോശങ്കയിവളുയന്നവളോ. (൧൮)

(സ്പഷ്ടം) ദേര: ഇവളെ സ്വാമിയുടെ തിരുമുമ്പിൽനിന്നു മാററിക്കളയണം. ചുടലത്തീയ്യിനു ക്ഷീരാഹുതി ചേരുമോ?

ലക്ഷ്മ:—ഇവരം ഉടലോടുകൂടി പോകുന്നതു ശരിയല്ല.

ഹനു:—ദേവ! ഇവൎക്കു ഉചിതമാകുന്ന ശിക്ഷ വിധിച്ചാലും.

സീത:—ആൎയ്യപുത്രൻെറ അനുവാദത്തോടുകൂടി അഗ്നിപ്രവേശം ചെയ്യാനാണു ഞാൻ വിചാരിക്കുന്നതു്.

രാമ:—ലക്ഷ്മണ! ഈ പതിവ്രതയുടെ ഇഷ്ടം നടത്തിക്ക.

ലക്ഷ്മ:—ആൎയ്യൻെറ കല്പനപോലെ. എനിക്കു സന്തോഷമായി. ദേവി! ഇതിലെ- ഇതിലെ-

സീത:—മനസ്സേ! ആൎയ്യപുത്രൻെറ പാദങ്ങളിൽ നമസ്കരിക്കൂ. [രണ്ടാളും പോയി]

രാമ:—സുഗ്രീവ! ഹനുമാൻ മുമ്പായ സൈന്യങ്ങളോടുകൂടി ഹതശേഷന്മാരായ രാക്ഷസന്മാരിൽനിന്നു കുമാരനെ രക്ഷിക്ക.

സുഗ്രീ:—ദേവൻെറ കല്പനപോലെ. [പോയി]

രാമ:—എന്താണിതു്? പ്രത്യക്ഷമായിട്ടുള്ളതും പ്രമാണമാക്കാതെ സീതയെ കുറിച്ചു് എൻെറ മനസ്സിൽ ബാഹുമാനം തോന്നുന്നുവല്ലൊ. കളഞ്ഞതിനെപ്പററി ദുഃഖിച്ചിട്ടെന്തുവേണ്ടു. എൻെറ പ്രവൃത്തി ലോകഹിതത്തിനു മാത്രമായിത്തീരും.

(അനന്തരം സൎവ്വാംഗരോമാഞ്ചത്തോടുകൂടി ലക്ഷ്മണൻ പ്രവേശിക്കുന്നു)

ലക്ഷ്മ:—ആശ്ചൎയ്യം- ആശ്ചൎയ്യം-

രാമ:—ഉണ്ണീ! ഉണ്ണീ! മേഘങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്ന മേഘനാദനായ ഇന്ദ്രജിത്തിനെ കൊല്ലുമ്പോഴും നിനക്കു രോമാഞ്ചമുണ്ടായില്ലല്ലോ. പാൎത്തു. ഇപ്പോൾ ഈ ആവേശം എന്തുകൊണ്ടുണ്ടായി?

ലക്ഷ്മ:—ആൎയ്യ! നിന്തിരുവടിയുടെ കല്പനപ്രകാരം സമുദ്രതീരത്തിൽ നില്ക്കുന്ന വൃക്ഷങ്ങൾ വെട്ടിക്കൂട്ടി തീ കത്തിച്ചു.

രാമ:—[ആദരവോടുകൂടി] പിന്നെ പിന്നെ.

ലക്ഷ്മ:—ആ ആൎയ്യ പ്രളയാഗ്നിപോലെ കത്തിജ്ജ്വലിക്കുന്ന ആ തിയ്യിനെ മൂന്നു പ്രദക്ഷിണം വെച്ചു.

രാമ:—പിന്നെ- പിന്നെ—

ലക്ഷ്മ:—പിന്നെ ആ ദേവി ഇവിടുത്തേയും അയോദ്ധ്യയിലുള്ള ഗുരുജനത്തേയും ശിരസ്സുകൊണ്ടു നമസ്കരിച്ചിട്ടു് എന്നോടും ഇങ്ങനെ ഗുരുവചനപരനായിട്ടിരിക്കണം എന്നും, ഭരതശത്രുഘ്നന്മാരോടു് എന്റെ ഒരം വൎത്തമാനം പറയണം എന്നും പറഞ്ഞിട്ടു് ഭഗവാൻ ഇവിടുത്തെ മുമ്പിൽ സത്യം ചെയ്യുന്നു. പുറപ്പെടുന്ന സമയം രാക്ഷസഭുജസ്പൎശം ഉണ്ടായിട്ടുണ്ടു്. ലങ്കയിൽവച്ചു കാലും തൊട്ടിട്ടുണ്ടു് എന്ന ശങ്കകൂടാതെ വെള്ളത്തിലെന്നപോലെ അഗ്നിയിൽ പ്രവേശിച്ചു.

രാമ:—ഇതു വിസ്മയസ്ഥാനം തന്നെ. പിന്നെ പിന്നെ.

ലക്ഷ്മ:—അപ്പോൾ ആകാശത്തു് ശംഖും പെരുമ്പറകളും മുഴങ്ങി.

രാമ:—പിന്നെ- പിന്നെ.

ലക്ഷ്മ:—അതിന്റെ ശേഷം അപ്പോൾ—

* വല്ലാതെ ഞങ്ങളെല്ലാവരുമഹഹ പക-
ച്ചങ്ങടൻനോക്കിടുമ്പോ-
ളെല്ലാടം മിന്നൽ മിന്നിച്ചിതരുമൊരുവിധം
ചിന്തിടും കാന്തിയോടും
ഉല്ലാസാൽ നിന്ദ്യമല്ലാതെതാരുധരണിജയാം
ദേവിയെ മമ്പിലാക്കി-
ച്ചൊല്ലാളും വഹ്നിവാനോർ മുഖമഥ ഭഗവാൻ
കാണുമാറായ്വിളങ്ങി. (൧൯)

രാമ:—പിന്നെ- പിന്നെ.

ലക്ഷ്മ:—പിന്നെ-

* വാരിരാശിതടത്തിൽ നിന്നു നിറച്ചുപൂത്തതരുല്ലൂരം
ദൂരെവിട്ടണിവണ്ടണഞ്ഞുകരുത്തുമാനമനന്തരം
നേരെയാമ് സുരപുഷ്പവൃഷ്ടിമുറിഞ്ഞിടാതെ നിരന്തരം
തീരെമാറിമറഞ്ഞുപോയ് ഹുതാശനങ്ങടഥസന്താപരം. (൨൦)

രാമ:—ആട്ടെ; കാണാമല്ലോ. (രണ്ടാളും ചുററിനടക്കുന്നു).

(അണിയറയിൽ ഗന്ധർവ്വന്മാർ പാടുന്നു)

* നിർമ്മായം മൂന്നുലോകം തിരുവയറിലണ-
ച്ചിട്ടുയോഗപ്രഭാവ-
ത്തിന്മേൽ പാലാഴിതന്നിൽ ഫണിവരശയനേ
പള്ളികൊള്ളുന്നദേവൻ
ചെമ്മേ ഹോതാവു ഹവ്യം ഹുതവഹനിവയാണെ-
ന്നുതാൻ വേദശബ്ദ-
ബ്രഹ്മം ചൊല്ലും മുകുന്ദൻ കമലനയനനീ
ലക്ഷ്മിവൈദേഹിയല്ലോ. (൨൧)

* മഞ്ജുശ്രീമദവാരികൊണ്ടുമമലവാ-
  വിന്നുള്ള ദന്തികെഴും
മഞ്ഞൊക്കം സിതകണ്ണ ചാമരമതി-
  ന്നങ്കംകൊട്ടത്തങ്ങിനെ
രഞ്ജിക്കം രമണീയമദിന്ദ്യതടിനീ
  പൊന്താർപരാഗം പെട്ടം
കുഞ്ഞിക്കാററുമവാൻെറ സംഗരസുഖ-
  ക്കേടൊക്കെ നീക്കീടുമേ. (൨൨)

രാമ:—ഈ ഗ്രാമരാഗം മുമ്പിൽ കേട്ടിട്ടില്ലാത്തതാണ്. (രണ്ടാളും ആകാശത്തേയ്ക്കു നോക്കുന്നു)

രാമ:—പ്രഭ തട്ടുകകൊണ്ട് ആകാശവും ഭൂമിയും മറെറാരു മാതിരിയായിരിക്കുന്നു.

* പൊന്നിൻകുന്നിൻെറ ശൃംഗാവലിയൊട്ടുകിടയായ്
  സേതു ശൈലങ്ങളെല്ലാം
മിന്നും വേലാവനം നൽസ്സുരതരുവിപിനം
  പോലെയായിട്ടുതീർന്നു
പിന്നെസ്സ്വർണ്ണപ്രകാശം തടവി വിലസുമീ-
  ക്കീശസൈന്യം വിശേഷാ-
ലൊന്നുകൂടി പ്രകാശംപ്രകടതരമിര-
  ട്ടിച്ചുമട്ടായിദാനീം. (൨൩)

(അണിയറയിൽ)

ഇതാ ഞാൻ നാരദൻ ദേവകളുടെ കല്പനപ്രകാരം വരുന്നു.

രണ്ടാളും:—(വിനയത്തോടുകൂടി നോക്കുന്നു)

നാരദൻ:—(പ്രവേശിച്ചിട്ട്) കാരണമാനുഷനായ രാവണാന്തകൻ ജയിക്കട്ടെ.

രാമ:—ലക്ഷ്മണാ! കാണുന്നവക്കും വിശ്വാസം വരാത്ത അത്ഭുതമാണിതു്.

നാര:— ഇതിൽപരം അത്ഭുതമെന്താണുള്ളതു്? എല്ലാവൎക്കും വന്ദ്യന്മാരായ ഇന്ദ്രാദിദേവകൾ രാവണന്റെ ലങ്കയിൽ തന്നാൽ തന്നെ വന്നിരിക്കുന്നുവല്ലോ.

രണ്ടാളും:— ആ, എന്നാൽ അതുകൊണ്ടാണിപ്രഭാതിശയം.

രാമ:— ഭഗവൻ! നിങ്ങളുടെ അതിപ്രസാദംകൊണ്ടു പരിശുദ്ധമായ എന്റെ ആത്മാവിനെ ഞാൻ, മറെറാന്നായിട്ടു വിചാരിക്കുന്നു.

നാര:— * പാരേ വാനവർകൾക്കുനായകനിതാ
ചൊൽക്കൊണ്ടമേധാതിഥി-
യ്ക്കാടാദ്യായാനശനിദ്ധ്വജൻഭുവിജലം-
വൎഷിപ്പവൻ വാസവൻ
കൂട്ടം ശാഖസഹസ്രമുള്ളവകളാൽ
നിശ്ശേഷതന്ത്രം തിരി-
ച്ചീടുംവേദമതീയ്യിവൻചരിതമൊ-
ന്നത്രെ പുകഴ്ത്തുന്നതും. [൨൪]

രാമ:— ഭഗവാനിതാ നമസ്കാരം.

നാര:— നോക്കു.

* കണ്ടുന്തോറുങ്കരപ്പോയ്യൂട്ടുകനലെരിയും
കണ്ണമായ്മാറിടത്തിൽ
കൊണ്ടാടുന്നാഗമാലാമണിയുമണിയുമപോ-
തിങ്ങിതാ രുദ്രനല്ലോ
കണ്ടുതാപം വിട്ടുമെയ്യലെ ശശികലപതിനൊ-
ന്നോളുവുമെത്തുശേഷം
കൊണ്ടംഗം പൂശിട്ടുന്നുണ്ടഴകിലിവർപൊടി-
ച്ചിട്ടുഭസ്മപ്പൂലത്താൽ. (൨൫)

രാമ:— പ്രധാനപ്പെട്ട ജാതിയായ ഈ ദേവകൾക്കു നമസ്കാരം.

നാര:—ഇതാ വസുക്കൾ. ഇതാ അശ്വിനീദേവകൾ.
രാമ:—ലോകഹിതതല്പരന്മാരായ ദേവകൾക്കു നമസ്കാരം.

നാര:—

നിരയ്ക്കാദ്യം സാക്ഷാൽമനുദശരഥൻ പിന്നിലിതിതൻ
മുറയ്ക്കായ്നില്ക്കുന്നുണ്ടവനിപരിതാനിൻ പിതൃഗണം
കുറയ്ക്കാതിന്ദ്രന്താൻ വിഷയവിഭവത്തെയുമധികം
തിരസ്കാരഞ്ചെയ്തീയിവർകൾതവപിണ്ഡാശകരുതുവോർ.

രണ്ടാളും:—(കണ്ണീരോടുകൂടി നമസ്കരിക്കുന്നു.)
രാമ:—കാണ്കെ ചക്ഷുസ്സനകനിത്തുനമ്മളെ
കണ്കൊളാൽപ്പുണരുവാനൊതന്നെ
ശങ്കവിട്ടു ശപഥത്തിനീമഹാൻ
താൻകളഞ്ഞു നിജജീവനൊത്തുമാം. (൨൭)
ലക്ഷ്മ:—ആര്യ്യ! ഇനിക്കിതൊക്കെ സ്വപ്നംപോലെ
തോന്നുന്നു.
രാമ:—ഭഗവൻ! ഈ ദേവകളും ഋഷികളും പിതൃക്കളും വരു
വാനുള്ള കാരണമെന്തെന്നിനിക്കു മനസ്സിലായില്ല.
നാര:—ഇവിടത്തെ ദേവിയായ സീതയുടെ പാതിവ്രത്യപ്ര
ഭാവമാണു്.
രാമ:—ഈ അത്ഭുതം കണ്ടതുതന്നെ ഞങ്ങൾക്കു വിശ്വാസ
ത്തിനു കാരണമായി. ഇതിനുമേൽ ഞങ്ങൾക്കൊന്നും
പറവാനില്ല. എങ്കിലും അവളുടെ രൂപശോഭയുടെ
കാരണം വിചാരിക്കുമ്പോൾ ഇനിക്കു സംശയം തീ
രുന്നില്ല.
നാര:—അവളുടെ രൂപശോഭയുടെ കാരണം ഭവിടെയ്ക്കറി
വില്ലെ?
രാമ:—ഇനിക്കറിഞ്ഞുകൂടാ.

നാര:—മഹൎഷിപത്നിയായ ആ അനസൂയയുടെ വരദാന ങ്കൊണ്ടാണല്ലോ.

രാമ—അത് ഹ്- ദണ്ഡകാരണ്യത്തിൽ വെച്ചും ഇനിയ്ക്കു സംശയമുണ്ടായി. പരമാൎത്ഥമായി ചോദിച്ചറിവാൻ കഴിഞ്ഞിട്ടില്ലതാനും.

നാര:—അവളുടെ ശരീരത്തിലുള്ളതൊക്കെ ഇവിടുത്തെക്കണ്ണു തട്ടുന്ന ദിക്കിൽ അലങ്കാരമായിത്തീരും. അപ്രകാരമാണല്ലോ-

* മണ്ണിൽക്കിടന്നളവിലപ്പൊടിപേന്നതൊക്കും
വണ്ണംമുലയ്ക്കുകളൎചന്ദനമായ്ച്ചമഞ്ഞു
തിണ്ണംനിവാസതരുവിട്ടകൊഴിഞ്ഞതീൎണ്ണ
പൎണ്ണങ്ങൾ നല്ലളകഭൂഷണമായിവന്നു. (വ.വ്യ)

രാമ:—ഇനി ദേവശാസനം ഇവിടെപ്പറയേണമെന്നില്ല. സത്യവാദിയായി ദിവ്യചക്ഷുസ്സുള്ള ഇവിടുന്നു തന്നെ പ്രമാണം.

ലക്ഷ്മ:—ഓ! ആശ്ചൎയ്യന്തന്നെ. മന്ദന്മാരായ നമ്മരം തീപ്പൊരിപോലെയുള്ള വാക്കുകളെക്കൊണ്ടുപദ്രവിച്ചിട്ടും ദേവിക്കൊരു ഭാവഭേദമുണ്ടായീലല്ലോ.

രാമ:—ഭഗവൻ! ദേവകളും പിതൃക്കളും മഹൎഷിമരും എന്താണു കല്പിക്കുന്നതു്?

നാര:—"രാവണൻെറ ജീവനോടുകൂടി ഇവിടുത്തെ വനവാസകാലം അവസാനിച്ചിരിയ്ക്കുന്നു. അതുകൊണ്ട് ദേവിയോടുകൂടി ഇവിടുന്ന് അയോദ്ധ്യയിൽ പ്രവേശിക്കേണ്ടതാണു്" എന്നാണ്.

രാമ:—ഇനിയ്ക്കനുഗ്രഹമായി.

നാര:—ദേവിയെ കൂട്ടികൊണ്ടുവരുവാൻ ലക്ഷ്മണനു കല്പനകൊടുക്കൂ.

രാമ:—[സവ്യാകാൎയ്യമായിട്ട്] ലക്ഷ്മണ! ഇവിടെ എന്താണു ചെയ്യേണ്ടതു്?

ലക്ഷ്മ:—ആൎയ്യ! ഇനിയെന്താണിവിടെപ്പരീക്ഷിപ്പാനുള്ളതു്? അവിടുത്തെ ശുദ്ധിക്കു് ദേവകളും പിതൃക്കളും മഹൎഷിമാരും സാക്ഷികളാണല്ലോ.

രാമ:—ലക്ഷ്മണ! മഹൎഷിയുടെ കല്പന ചെയ്യു.

ലക്ഷ്മ:—ആൎയ്യന്റെ കല്പനപോലെ. (പോയി)

നാര:—അമ്പോ!! ഇവിടുത്തെ ഐശ്വൎയ്യം അത്ഭുതപ്പെടത്തക്കതുതന്നെ. നോക്കു.

* വില്ലാൽത്രിലോകകടുകണ്ടകനായിടുന്ന
വല്ലാത്തരാവണനെ നിങ്ങുവധിയ്ക്കയാലേ
ഉല്ലാസമോടുമഴകേറിയൊരിന്ദ്രചാപം
ചൊല്ലാൎന്നമേഘമണിമണ്ഡനമായിവന്നു. (ഫൻ)

(അനന്തരം സീതയും ലക്ഷ്മണനും പ്രവേശിക്കുന്നു)

സീത:—ഈ അഗ്നിപ്രവേശം എന്നുള്ളു വിചാരിച്ചു് ഞാൻ ലജ്ജിക്കുന്നു. അല്ല അല്ല, സന്തോഷിക്കുകതന്നെയാണു്. ഇങ്ങോട്ടു പോരുമ്പോൾ ആ പാപി കൈതൊടുകയും ലങ്കയിൽവെച്ചു കാൽതൊടുകയും ഉണ്ടായല്ലോ. ആ പാപിയുടെ ശരീരസ്പൎശംകൊണ്ടു ദോഷപ്പെട്ടിരിക്കുന്ന എന്റെ അംഗങ്ങൾക്കു് ഇപ്പോൾ അഗ്നിയെക്കൊണ്ടല്ലാതെ എന്തുകൊണ്ടാണു ശുദ്ധിവരുന്നതു്? (ചുററിനടന്നു നോക്കീട്ട്) എയ് ആൎയ്യപുത്രൻ, എന്താണിതു്? എല്ലാം ഇനിക്കു് വഞ്ചനപോലെ തോന്നുന്നു. (ആലോചിച്ചിട്ട്) എന്നാൽ എനിക്കു് ശരണമായിട്ടും പ്രമാണമായിട്ടും ഹനുമാൻ തന്നതായ അത്ഭുതാംഗുലീയമുണ്ടല്ലോ. സത്യമായിട്ടുള്ള ആൎയ്യപുത്രൻ തന്നെയാണു്. എന്റെ

മനസ്സിനൊരു ശങ്ക എന്നേ ഉള്ളു. (അടുത്തുചെന്നിട്ടു്) ആൎയ്യപുത്രൻ ജയിച്ചാലും.

ലക്ഷ്മ:—ആൎയ്യ! ഇതാ ആൎയ്യ.

രാമ:—ദേവി! ഇവിടെ ഇവിടെ.

* ധൎമ്മൈകശീലമിയലുന്നൊരു ദേവി സീതേ
നിന്മേലിനിക്കൊരു സംശയമുത്ഭവിച്ചു
ഇമ്മട്ടുകന്നിട്ടുകിലു മററവരാംഗിമാരിൽ
എന്മട്ടതിൽ പ്രതികളെങ്ങിനെ വിശ്വസിക്കും? (൩൦)

സീത:—ആൎയ്യപുത്രനു മാത്രമേ പരമാൎത്ഥമായിട്ടുള്ളതറിഞ്ഞുകൂടൂ.

രാമ:—സ്നേഹമുള്ള എന്റെ ഈ ദുശ്ശങ്കയും ഫലം കാണിച്ചു. എന്താണെന്നല്ലേ? ദേവകളേയും ദേവൎഷികളേയും മററും പ്രത്യക്ഷത്തിൽ കാണിച്ചുതന്നുവല്ലോ.

(അനന്തരം അഭിഷേകം കഴിഞ്ഞു വിഭീഷണൻ
പ്രവേശിക്കുന്നു)

വിഭീ:—സ്വാമി ജയിച്ചാലും.

രാമ:—വിഭീഷണ! ലങ്കയിലെന്താണു് വൎത്തമാനം?

വിഭീ:—ലങ്കയിലുള്ള ജനങ്ങൾ സ്വാമിയെ നിന്ദിക്കുന്നു.

രാമ:—എന്തെന്നു്? എന്തെന്നു്?

വിഭീ:—പാലു കള്ളാണെന്നു വിചാരിക്കുന്നു. കൂട്ടുകൂടാത്ത സ്വൎണ്ണം തീയിൽ വെക്കുന്നതു ശരിയല്ല. നറുനെയ്യ് വിളക്കിന്റെ ജ്വാലയ്ക്കു് കളങ്കമുണ്ടാകില്ല എന്നും മററുമാണു്.

രാമ:—ജനങ്ങളുടെ ഇടയിൽ ഉള്ള സംസാരം കേട്ടതുകൊണ്ടു് ഇപ്പോളിനിക്കു് ആശ്വാസമായി.

വിഭീ:—സ്വാമി! ദേവിയെ നമസ്കരിച്ചിട്ടുള്ള ജനങ്ങളുടെ ശിരസ്സുകൾ ഇപ്പോഴും പൊങ്ങീട്ടില്ല.

രാമ:—ജാനകിയുടെ അനുഭാവം അത്രത്തോളംതന്നെ ഉൽകൃഷ്ടമാണല്ലോ.

വിഭീ:—ഇതു് ഞങ്ങളുടെ ഭാഗ്യം. ഭഗവൻ, വൈശ്രവണന്റെ

* കെല്പാർന്നപുഷ്പകവിമാനമതാണിതല്ലോ
പുഷ്പായുധപ്രതിമപുണ്യഗുണൈകസിന്ധോ
മൂപ്പാരൊതുക്കമിതുവിസ്തൃതികൊണ്ടുവേറേ
മൂപ്പാർന്നടക്കവതിനുംമതിയായതത്രേ.                  (൩൧)

രാമ:—ലോകപാലനായ ഭഗവാൻ വൈശ്രവണനു തന്നേ അയച്ചു കൊടുക്കൂ.

നാര:—വേണ്ട. വേണ്ട. വളരെക്കാലം രാക്ഷസനനുഭവിച്ചു് അശുദ്ധപ്പെടുത്തിയ ഈ വിമാനം ദേവിയോടുകൂടി ഇവിടുന്നു കേറി ശുദ്ധമാക്കിയിട്ടു് പിന്നെ അയോദ്ധ്യയിൽനിന്നു് കൈലാസത്തിലേക്കു മടക്കി അയച്ചാൽ മതി.

രാമ:—ഇതുകൊള്ളാം. ലക്ഷ്മണ! മുമ്പിൽ ദേവിയെത്തേരിൽ കേററു.

ലക്ഷ്മ:—ആര്യന്റെ കല്പനപോലെ.

സീത:—ആ്.

രാമ:—(പുഞ്ചിരിയിട്ടിട്ടു്)

* ഞാനന്നേരായ് രാമനാണെന്നതിമുഖിബഹുമാ-
            യാവിലംഗശനല്ലേ
നിന്നെത്തന്നേറവേപാനെന്നനുജനിതുമഹീ-
            ഭൃൽസുതേസൂതനല്ലേ
ഇന്നേറെച്ചൊൽവതെന്തിന്നിതുകമലദള-
            ശ്രീയെഴുംകൈവിരൽക്കി-
ണ്ടൊന്നേററമ്മോടിനൽകുംസുരുചിരരുചിയാം
            മോതിരംകയ്യിലില്ലേ?                  (൩൨)

സീത:—ആശ്ചൎയ്യം! തങ്ങൾക്കിതാ നമസ്കാരം. ഇതില്ലെങ്കിൽ ആൎയ്യപുത്രനേയും രാക്ഷസനേയും ഇപ്പോൾ പരമാൎത്ഥമായിട്ടെങ്ങിനെ ഞാൻ തിരിച്ചറിയുന്നു?

ലക്ഷ്മ:—ഇവിടുത്തെ കല്പനപ്രകാരം ദണ്ഡകയിൽ ഞാൻ ഇറങ്ങിപ്പുറപ്പെടുന്ന സമയം

* രക്ഷയ്ക്കിങ്ങു സമാധിതാൻദ്ദഢമിനി-
യ്ക്കമ്പല്ലയെന്നും പരം
സാക്ഷിയ്ക്കണിഹ ദൈവമെന്നമരുളി-
ച്ചെയ്തോരുവാക്കൊണ്ടുതേ
പരക്ഷനാട്ടനതാംഗിമാർമുറന്നിന-
ച്ചോരരോന്നുഞാനന്തര-
പ്പാരക്ഷരോപാകൃതികളെപ്പാരകകയിലേ
ത്തുക്കാലിനിയ്ക്കാശ്രയം. (൩൩)

[നമസ്കരിയ്ക്കുന്നു]

സീത:—രാക്ഷസൻ തൊട്ട് അശുദ്ധപ്പെടുത്തിയ എൻ്റെ പാദങ്ങളെ ഇപ്പോൾ കുമാരൻ കഴുകി ശുദ്ധമാക്കി. ഉണ്ണി! എണീക്ക എണീക്ക. ഇതിലെന്താണ് നിനക്ക് തെറവുള്ളത്?

(അണിയറയിൽ)

* ഇയ്യൂഴംകാട്ടിമൎത്ത്യക്കന്നുലഭതരമാ-
യുള്ള മാഹാത്മ്യസാരം
പണ്ടെശ്രീരാമദേവന്തിരുവടിയുമഹോ
ജാനകീദേവിതാനും
കൂട്ടോടുംസ്വാന്തബോദ്ധ്യംജനഹിതമതിനായ്
രാമദേവൻവെടിഞ്ഞാൻ
തിയ്യിൽപ്പെട്ടുംതെളിഞ്ഞാൾജനകതനയയോ
ഭാവഭേദംവരാതെ. (൩൪)

നാര:—ഭദ്രമുഖ! അഗ്നിഭഗവാൻ തന്നെ ഇവിടത്തെയ്ക്കിപ്പോഠം സാക്ഷിയായിരിക്കുന്നു.

[അണിയറയിൽ] ഇതിലെ ഇതിലെ [ശംഖും പെരുമ്പറകളും മുഴങ്ങുന്നു]

എല്ലാവരും:—(അത്ഭുതത്തോടുകൂടി നോക്കുന്നു)

നാര:—ഭദ്രമുഖ! സ്വന്തം യാത്രകൊണ്ടു ദേവകഠ ഇവിടത്തെ യാത്രയ്ക്കു് ഉത്സാഹിപ്പിക്കുന്നു.

രാമ:—ദേവി! വൈദേഹി! വരൂ.

* ദേവൌഘശാസനയെ വന്നു പറഞ്ഞിടുന്ന
ദേവർഷിയെബ് ഭവതിദേവി വണങ്ങിയാലും
ത്രീവേദമേവമുപവേദവുമാസ്സ്വയംഭൂ
ദേവൻപ്രതിഷ്ഠയതു ചെയ്യുമഹാനിതല്ലോ. (൨൭)

(കൈ പിടിച്ചു കൊടുക്കുന്നു)

സീത:—ഇപ്പോഠം ആൎയ്യപുത്രൻെറ പാണിസ്പർശം അനുഭവിച്ചതിൽ അത്ഭുതാംഗുലീയം പ്രമാണമായി ഭവിക്കുന്നു. രാക്ഷസമായയിൽനിന്നു ഞാൻ വിട്ടുപോന്നു എന്നിനിക്കു് അനുഭവം വന്നു.

രാമ:—രാക്ഷസീവഞ്ചിതനായ എനിക്കു് ഇപ്പോഠം ഈ ആശ്ചൎയ്യചൂഡാമണി വിശ്വാസകാരണമായി വന്നു.

നാര:—ഭദ്രമുഖ! ഞാൻ ദേവകളുടെ പിന്നാലെ പോയാൽ കൊള്ളാമെന്നു വിചാരിക്കുന്നു. ഇവിടെയ്ക്കെന്താണിനിയും ഇഷ്ടം സാധിപ്പിക്കേണ്ടതു്?

രാമ:—ഞാൻ കൃതാൎത്ഥനായി. ഇതില്പരമെന്താണു് ആഗ്രഹിപ്പാനുള്ളതു്? എന്നാലും ഇത്രത്തോളം ഒന്നിരിക്കട്ടെ.

* സാരമന്ത്രഹുതഹവ്യമേറവൃഷ്ടിവേണ്ട-
പോലെമഴപെയ്യണം
മാരവീരനപഥത്തിലമ്പുകളയച്ചി-
ടാശുപഹരിക്കണം,
പാരിനീശർനിജധൎമ്മനിഷ്ഠയൊടുമൌലി-
ഭാരമതെടുക്കണം
ധീരമൌനവിധിവിട്ടുബുദ്ധിസത്വംതെളി-
ഞ്ഞുവിളയാടണം. (വന്നു)

(എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

ശുഭം.

UNIVERSITY LIBRARY
25 JUL 19..
MADRAS
8/113

MUL
051140